"മനസ്സിൻെറ അസ്ഥിരതയും ഈശ്വരനിലുള്ള അല്പവിശ്വാസവുമാണ് സകല പ്രലോഭനങ്ങളുടേയും പ്രാരംഭം. എന്തുകൊണ്ടെന്നാൽ ചുക്കാനില്ലാത്ത കപ്പൽ തിരകളാൽ അങ്ങോട്ടുമിങ്ങോട്ടും തട്ടി എറിയപ്പെടുന്നതുപോലെ, അസ്ഥിരനും നിശ്ചയദാർഢ്യമില്ലാത്തവനുമായ മനുഷ്യൻ പലവിധത്തിൽ പ്രലോഭിപ്പിക്കപ്പെടുന്നു."

—ക്രിസ്ത്വാനുകരണം

# സത്യദീപം

"അല്പം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല; പിന്നെ അല്പം കൂടെ കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും എന്നു ഞാൻ പറഞ്ഞതിനെപ്പററി നിങ്ങൾ പരസ്പരം വിസ്മയിക്കുന്നുവോ? ഞാൻ ഈ പറയുന്നതു വിശ്വസിക്കുവിൻ: ലോകം ആനന്ദിക്കുമ്പോൾ നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും. നിങ്ങൾ ദുഃഖിതരാകും; എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായി പരിണമിക്കും."

—യോഹന്നാൻ XVI: 19-21

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 മേയ് 8—ബുധനാഴ്ച | Vol. 30, No. 37

# മരിയമാസം

(ജെ. കാഞ്ഞിരത്താനം)

മേയ്മാസം! മരിയഭക്തിയിൽ മുന്നേറിനില്ക്കുന്നകേരളീയകത്തോലിക്കർക്ക് പുളകമരുളുന്ന പുണ്യമാസം! അതിതാ വന്നുകഴിഞ്ഞു.

ഒരിക്കൽ മദ്ധ്യാഹ്നസൂര്യൻെറ ക്രൂരകരങ്ങളിൽനിന്നു കുതറിമാറി ഒരു വൃക്ഷത്തിൻെറ ശീതളഛായയിൽ വടക്കോട്ടുള്ള ബസ്സു നോക്കി നിലകൊണ്ടിരുന്ന അഭ്യസ്തവിദ്യനായ ഒരു കത്തോലിക്കാ യുവാവിനോട് അതേ ബസ്സു പ്രതീക്ഷിച്ച് അവിടെ എത്തിയ ഒരു പ്രോട്ടസ്റ്റൻറു സ്നേഹിതൻ പറയുകയുണ്ടായി: "കത്തോലിക്കരായ നിങ്ങളും അകത്തോലിക്കരായ ഞങ്ങളും ഒരേപിതാവിൻെറ സന്താനങ്ങൾ എന്നതു ശരിതന്നെ. എന്നാൽ ഇന്നു നാം തമ്മിൽ സാരമായ ഒരു വ്യത്യാസമാണുള്ളത്. നിങ്ങൾ മറിയത്തെ ബഹുമാനിക്കുന്നു. ഞങ്ങൾ ക്രിസ്തുവിനെ ബഹുമാനിക്കുന്നു." ഇതിനു കത്തോലിക്കായുവാവ് ഇപ്രകാരം പ്രതിവചിച്ചു: "നിങ്ങൾ പറഞ്ഞത് അത്ര ശരിയല്ല. 'മാതൃസ്നേഹമുള്ള ഒരു ക്രിസ്തുവിനെ നിങ്ങൾ ബഹുമാനിക്കുന്നു' എന്നു സ്നേഹിതൻ പറഞ്ഞിരുന്നെങ്കിൽ അതു കൂടുതൽ ശരിയാകുമായിരുന്നു. കാരണം ഞങ്ങൾ ക്രിസ്തുവിനെ ബഹുമാനിക്കുന്നു. ക്രിസ്തുവാകട്ടെ അവിടുത്തെ പാവനതമയായ പരിശുദ്ധ കന്യകാമറിയത്തെ ബഹുമാനിക്കുന്നു. ആകയാൽ അവിടുത്തെ അനുയായികളായ ഞങ്ങളും ആ സുരസുന്ദരിയെ ബഹുമാനിക്കുന്നു. നിങ്ങളോ എന്നാൽ ദൈവത്തിൻെറ അമ്മയെ അവഗണിക്കുന്നു. തന്നിമിത്തം ദൈവത്തെതന്നെ അപമാനിക്കുന്നു." മരിയശാസ്ത്രത്തിൻെറ ആകെത്തുകയാണ് നമ്മുടെ കത്തോലിക്കാ യുവാവ് എടുത്തുകൊടുത്തത്. നാം മറിയത്തെ സ്നേഹിക്കുന്നു; ബഹുമാനിക്കുന്നു; വണങ്ങുന്നു. കാരണം അവൾ ദൈവത്തിൻെറ മാതാവാണ്.

മിശിഹായുടെ പൂജ്യനാമത്തോടൊത്തുതന്നെ മറിയത്തിൻെറ പവിത്രനാമവും പ്രകീർത്തിക്കപ്പെടുവാൻ ദൈവത്തിൻെറ അനന്തപരിപാലന ആവശ്യപ്പെടുന്നു. വിശുദ്ധ ബർണ്ണാർദു പറയുന്നു: "ഈശോയുടെ നാമശ്രവണമാത്രയിൽ ആകാശത്തിലും ഭൂമിയിലും ഭൂമിക്കടിയിലുമുള്ള എല്ലാ മുഴങ്കാലുകളും മടങ്ങുമ്പോൾ മറിയത്തിൻെറ നാമശ്രവണമാത്രയിൽ ആകാശത്തിലും ഭൂമിയിലും ഭൂമിക്കടിയിലുമുള്ള എല്ലാ തലകളും കുനിയുന്നു." ദൈവപുത്രൻ അവളെ ബഹുമാനിക്കുന്നത് എപ്രകാരമെന്നു വിശുദ്ധ ഗ്രന്ഥം വെളിപ്പെടുത്തുന്നുണ്ട്. "പിന്നെ അവൻ അവരോടുകൂടി ഇറങ്ങി നസ്രസിൽ ചെന്ന് അവർക്കു അധീനനായി വസിച്ചു" (ലൂക്കാ. 2-51) സ്രഷ്ടാവായ ദൈവം സൃഷ്ടിയായ മറിയത്തിനു കീഴ്വഴങ്ങി ജീവിക്കുവാൻ തിരുമനസ്സായെങ്കിൽ അവൾക്കു അവിടുന്നു കല്പിച്ചുനൽകിയ സ്ഥാനമാഹാത്മ്യം എത്രയധികമെന്ന് ഊഹിക്കുകയേ വേണ്ടൂ.

മറിയം അമലോത്ഭവയായി ജനിച്ചു. കാരണം അവൾ കറയററ ദൈവത്തിൻെറ മാതാവായി ഭവിക്കേണ്ടിയിരുന്നു. അവളുടെ മാംസമാണ് അവിടുത്തെ മാംസമായി മാറിയത്. അവളുടെ രക്തമാണ് അവിടുത്തെ രക്തമായി പകർന്നത്. ഭാരമേറിയ കുരിശും വഹിച്ച് കാൽവരിമലയിലേക്കിഴഞ്ഞുകയറിയ മിശിഹായുടെ മൃദുലമേനിയിൽനിന്ന്, ക്രൂരശത്രുക്കളുടെ ചമ്മട്ടിയടികൾക്കിടയിൽ തെറിച്ചു നിലംപതിച്ച മാംസപിണ്ഡങ്ങൾ മറിയത്തിൽനിന്നു രൂപംപൂണ്ടതായിരുന്നു. ലൊംകീനോസിൻെറ ശൂലംമൂലം ആ മനുഷ്യസ്നേഹിയുടെ തിരുവിലാവിൽനിന്നു ഒഴുകിയ തിരുനിണം ആ മാതൃസംഭാവനയായിരുന്നു.

ലോകത്തിൻെറ പുനരുദ്ധാരണത്തിനു മറിയത്തേയും കരുവാക്കണമെന്നു ലോകാരംഭത്തിൽത്തന്നെ ദൈവം നിശ്ചയിച്ചിരുന്നു. ക്രിസ്തുനാഥൻ നിർവ്വഹിച്ച ആ മഹനീയവേലയിൽ പ്രധാനമായി അഞ്ചുപ്രാവശ്യം മറിയം പ്രത്യക്ഷപ്പെടുന്നതായി സുവിശേഷം എടുത്തുപറയുന്നുണ്ട്. മിശിഹായുടെ മാതാവാകുവാനുള്ള സമ്മതം നൽകുന്നതായിട്ടാണ് ആദ്യം അവളെ നാം കാണുന്നത്. മിശിഹാ പ്രവർത്തിച്ച ആദ്യ അത്ഭുതത്തിന്—എലീശ്വായുടെ ഉദരത്തിൽവച്ചുതന്നെ യോഹന്നാനു നൽകിയ പാപമോചനത്തിന്—സാക്ഷ്യംവഹിക്കുന്നതായി പിന്നീട് അവളെ നാം കാണുന്നു. ഇനിയും നാം അവളെ ദർശിക്കുന്നത് കാനായിലെ വിവാഹാഘോഷത്തിലാണ്. അനന്തരം, കാൽവരിയിൽ തൻെറ അരുമസുതൻ തന്നെത്തന്നെ ദൈവത്തിനു ബലിയർപ്പിക്കുകയിൽ കുരിശിൻചുവട്ടിൽനിന്നു കരയുന്നതായി അവളെ നമുക്കു കാണുവാൻ സാധിക്കും. അവസാനമായി അവൾ ദൃശ്യമാകുന്നത് ഓർശ്ലേമിൽ ശെമവോൻെറ ഭക്ഷണമുറിയിൽ ശ്ലീഹന്മാരോടൊത്ത് പരിശുദ്ധാരൂപിയെ സ്വീകരിക്കുന്നതായിട്ടാണ്. ഇപ്രകാരം മനുഷ്യാവതാരം, ആത്മികഭൗതികാത്ഭുതങ്ങൾ, കുരിശുമരണം, സഭാസ്ഥാപനം തുടങ്ങി മനുഷ്യോദ്ധാരണത്തിനായി ദൈവപുത്രൻ നിർവ്വഹിച്ച എല്ലാ രക്ഷാകരപ്രവൃത്തികളിലും പങ്കെടുത്ത മറിയത്തെ എത്രതന്നെ ബഹുമാനിച്ചുവണങ്ങിയാലും അതൊരിക്കലും അധികമാകയില്ല. ഈ യാഥാർത്ഥ്യം ഇന്നു കത്തോലിക്കർ വേണ്ടത്ര മനസ്സിലാക്കിയിട്ടുണ്ടെന്നുള്ളത് തികച്ചും ചാരിതാർത്ഥ്യജനകംതന്നെ. തൽഫലമായി മരിയഭക്തിക്ക് ഒരുണർവ്വും ഉന്മേഷവും നാം ഇന്നു എവിടേയും ദർശിക്കുന്നു. ഒരു മാസംതന്നെ സഭ മാതാവിനായി പ്രതിഷ്ഠിച്ചിരിക്കുന്നു.



മേയ്മാസറാണീ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക

(മേയ്മാസം—മരിയവണക്കമാസം)

മേയ്മാസം ബാലികാബാലന്മാർക്ക് ആനന്ദത്തിൻേറയും ഉല്ലാസത്തിൻേറയും എന്നതുപോലെതന്നെ മരിയഭക്തിയുടേയും പുണ്യവർദ്ധനവിൻേറയും ഒരു പ്രത്യേകാവസരമായിട്ടാണ് കരുതപ്പെടുക. എന്നാൽ പാശ്ചാത്യബാലികാബാലന്മാരോടൊപ്പം കേരളബാലികാബാലന്മാർ മേയ്മാസഭക്തിയിൽ മുന്നേറിയിട്ടില്ല എന്ന സംഗതി വിസ്മരിക്കുവാൻ പാടില്ല. ഫ്രാൻസിൽ കത്തോലിക്കാചൈതന്യമുള്ള ഭവനങ്ങളിൽ ഏപ്രിൽ മുപ്പതാംതീയതി സന്ധ്യാപ്രാർത്ഥനകഴിഞ്ഞ് മാതാപിതാക്കന്മാരും മക്കളും ഒന്നിച്ചുചേർന്ന് തുടർന്നുവരുന്ന മേയ്മാസം എപ്രകാരം ആഘോഷിക്കണമെന്ന് ആലോചിക്കുക പതിവാണ്. കുടുംബനായകൻ ഏതാനും ഫ്രാങ്ക് മാതൃപീഠാലങ്കാരത്തിനായി കുട്ടികൾക്കു കൊടുക്കുന്നു. കുട്ടികൾ എണ്ണമനുസരിച്ച് ഫ്രാങ്കും മേയ്മാസത്തിലെ ദിവസങ്ങളും വീതിച്ചെടുത്തശേഷം ഓരോരുത്തനും ഇതരനേക്കാൾ മനോഹരവും ആകർഷണീയവുമായി തൻെറ ദിവസങ്ങളിൽ മാതൃസ്വരൂപം അലങ്കരിക്കുവാൻ പരിശ്രമിക്കുന്നു. ഏററം മനോഹരമായി രൂപം അലങ്കരിക്കുന്ന പുത്രന് അഥവാ പുത്രിക്ക് മാസാന്ത്യദിനം കുടുംബനായകൻ ഒരു പ്രത്യേകസമ്മാനം—വിശിഷ്ടമായ ഒരു കോട്ടോ ഉടുപ്പോ—നൽകിക്കൊണ്ട് പൂങ്കവിളുകളിൽ സ്നേഹത്തിൻെറ ചുംബനങ്ങൾ അർപ്പിച്ച് മാതൃഭക്തിയിൽ പ്രദർശിപ്പിച്ച തീക്ഷ്ണതയെ അഭിനന്ദിക്കുക പതിവാണ്.

സ്പെയിനിൽ മറെറാരു വിധത്തിലാണ് മേയ്മാസാചരണം കുട്ടികൾ നടത്തുന്നത്. ആ നാട്ടിൽ വിശിഷ്ടമായ ഒരു പക്ഷിയുണ്ട്. "കർത്താവിൻെറ മാലാഖാപക്ഷി" (Angelus bird). കർത്താവിൻെറ മാലാഖാ ചൊല്ലുവാൻ എല്ലാവരേയും ആഹ്വാനംചെയ്തുകൊണ്ട് കത്തോലിക്കാദൈവാലയങ്ങളിൽനിന്നു കാലത്തും ഉച്ചയ്ക്കും വൈകിട്ടും പുറപ്പെടുന്ന മണിനാദംപോലെയാണ് അതിൻെറ കരച്ചിൽ. ത്രികാലജപമണിപോലെതന്നെ നിത്തിനിത്തിക്കരയുന്ന ആ പക്ഷിയുടെ ശബ്ദം കേൾക്കുമ്പോൾ അപരിചിതർ അവിടെ മുട്ടുകുത്താറുണ്ട് കർത്താവിൻെറ മാലാഖാ ചൊല്ലുവാൻ. അത്ര സാധർമ്മ്യമാണ് ത്രികാലജപമണിയോട് ആ പക്ഷിയുടെ കരച്ചിലിനു

(ശേഷം 5-ാംപേജിൽ)

ആഖ്യായിക

# ബറാബാസ്



അദ്ധ്യായം 23

## ക്ലാവുദിയായുടെ ദുസ്സ്വപ്നങ്ങൾ

(വി. സി. ജോർജ്ജ്, ബി എ. എൽ. റ്റി.)

എസ്രായേല്യന്നപോലെ പുരോഹിതന്മാർക്കും ആ രാത്രിയിലെ ഉത്തരഭാഗത്തുറക്കം ഉണ്ടായില്ല. പ്രഭാതത്തോടുകൂടി നസ്രായൻ യേശുവിനു് നിയമനിഷ്ഠമായ കുററവിധി കല്പിക്കുവാൻ അവർ ഒരിക്കൽകൂടി കയ്യാഫാസിൻെറ മന്ദിരത്തിൽ സമ്മേളിക്കേണ്ട ആവശ്യം നേരിട്ട ആ ചടങ്ങു് തിടുക്കത്തിൽ നടക്കേണ്ടതുമായിരുന്നു. സാന്നെദ്രിൻ അംഗങ്ങളിൽ പലർക്കും അതിരാവിലെ തുടങ്ങി ദേവാലയത്തിൽ ജോലി ഉണ്ടായിരുന്നതിനു പുറമെ ശിക്ഷ അന്നുതന്നെ നടത്തണമെന്നുള്ള ആഗ്രഹം പൊതുവിൽ പ്രകടിതമാകയും ചെയ്തു. പെസഹാ വൈകുന്നേരം ആരംഭിക്കുമെന്നതിനാൽ അതിനു മുമ്പു് കാര്യങ്ങളെല്ലാം കഴിയേണമെന്നായിരുന്നു മൊത്തത്തിൽ അഭിപ്രായം.

ശിക്ഷയെന്തെന്നുള്ള കാര്യം ഈശോയെ ബന്ധിക്കുന്നതിനു മുമ്പുതന്നെ തീരുമാനിച്ചു കഴിഞ്ഞിരുന്നു. ആകയാൽ ഒച്ചപ്പാടൊന്നും കൂടാതെ വധശിക്ഷ പ്രഖ്യാപിക്കേണ്ടതായ ഭാരമേ അവശേഷിച്ചിരുന്നുള്ളു. എന്നാൽ വിഷമംപിടിച്ച ഒരു പ്രശ്നംകൂടി അഭിമുഖീകരിക്കേണ്ടിവന്നു. വധശിക്ഷ നടത്തുവാൻ ഗവർണർക്കു മാത്രമേ അധികാരമുണ്ടായിരുന്നുള്ളു. എന്നാൽ, ഈശോയിൽ ആരോപിച്ച "വധശിക്ഷയ്ക്കു്" ഹേതുവായ കുററങ്ങളാകട്ടെ ചിരിവരുത്തുന്നമാതിരി വെറും നിസ്സാരങ്ങളും ലഘുവായ ശിക്ഷയ്ക്കുപോലും മതിയാകാത്തവയുമാണെന്നു് സാന്നെദ്രിൻ സംഘാംഗങ്ങൾ നല്ലവണ്ണം അറിഞ്ഞിരുന്നു.

ഒന്നാം ഗണത്തിൽപെട്ട പുരോഹിതന്മാരിൽ ഏററവും വായാടി എന്നു് സർവ്വസമ്മതനായിരുന്ന റാബി ശിമയോൻ സാന്നെദ്രിൻെറ ശിക്ഷാവിധി ഗവർണരെ അറിയിക്കുന്നതിനും, അതു് ആവുന്നതും വേഗം നടത്തിക്കിട്ടണമെന്നുള്ള ഉന്നതാചാര്യൻെറ അപേക്ഷ ഗവർണർ സമക്ഷം സമർപ്പിക്കുന്നതിനും നിയുക്തനായി. പെസഹാഗമനക്കാലത്തിൽ ഗവർണ്ണറുടെ കൊട്ടാരത്തിൽ പ്രവേശിക്കുന്നതുമൂലം റാബി ശിമയോനു് "അയിത്തം" ഭവിക്കുമെന്നു് അദ്ദേഹത്തിനറിയാമായിരുന്നു. എങ്കിലും ആരെങ്കിലും ആ കൃത്യം നിർവ്വഹിക്കുക ആവശ്യമാണല്ലോ. ആകയാൽ പെസഹാക്കാലത്തു് ദേവാലയത്തിൽ പ്രവേശനം നിഷിദ്ധമായാലും തരക്കേടില്ല ദൗത്യം നിർവ്വഹിക്കാമെന്നുതന്നെ റാബി നിശ്ചയിച്ചു. സമയം കളയാതെ ശിമയോൻ കയ്യാഫാസിൻെറ മന്ദിരത്തിൽനിന്നു് പ്രൊക്കുറേറററുടെ കൊട്ടാരത്തിലേക്കു് സംവഹിക്കപ്പെട്ടു. പല്ലക്കിനു പിമ്പിലായി രണ്ടു് ലെവായർ അകമ്പടി സേവിച്ചു. ഗവർണരെ ഔദ്യോഗികമായി റാബി സന്ദർശിക്കുകയായിരുന്നതിനാൽ ആചാരപരമായ അല്പം ആഡംബരം ആവശ്യമായി. നഗരത്തിൽക്കൂടിയുള്ള സഞ്ചാരമദ്ധ്യേ തെരുവുകളിൽ ദൃശ്യരായ ജനങ്ങളോടു് നസ്രായനായ ദുർവ്വൃത്തന് വധശിക്ഷയ്ക്കു് വിധിക്കപ്പെട്ട ഏന്ന സന്തോഷവാർത്ത റാബി വിജ്ഞാപനം ചെയ്തുകൊണ്ടിരുന്നു. അങ്ങനെ കൊട്ടാരത്തിലെത്തി അവിടത്തെ ഒരു പുറത്തളത്തിൽ അകമ്പടിക്കാരായ ലെവായർ സഹിതം ശിമയോൻ റാബി സ്ഥലംപിടിച്ചു കാവൽഭടന്മാർ ചുമതലപ്പെട്ട ശതാധിപനെ വിവരമറിയിക്കുകയും ശതാധിപൻവന്നു ഈഷൽ പരുഷസ്വരത്തിൽ സന്ദർശനോദ്ദേശ്യം റാബിയോടാരായുകയും ചെയ്തു.

"സാന്നെദ്രിൻെറ നാമത്തിൽ ഒരു പ്രധാനസംഗതി എനിക്കു് പ്രൊക്കുറേറററെ അറിയിക്കുവാനുണ്ടു്" റാബി പറഞ്ഞു. "പ്രൊക്കുറേററിനെ സന്ദർശിക്കുന്നതിലേക്കു് അർദ്ധരാത്രിക്കുതന്നെ വരുതായിരുന്നോ?" ശതാധിപൻ ചോദിച്ചു. റാബി കാർക്കശ്യപൂർവ്വം മറുപടി നൽകി, "വരാമായിരുന്നു. എന്നാൽ അദ്ദേഹത്തെ ഇപ്പോൾ സന്ദർശിക്കുകയാണു് എൻെറ ആവശ്യം." താണജീവനക്കാരോടു് മര്യാദപൂർവ്വം പെരുമാറണമെന്നു് റാബിക്കുദ്ദേശ്യമില്ലായിരുന്നു. മാത്രമല്ല, താൻ പുരോഹിതവൃന്ദത്തിൻെറ പ്രതിനിധിയെന്നനിലയിൽ അവിടെ എത്തിയിരിക്കുന്ന സ്ഥിതിക്കു് കീഴുദ്യോഗസ്ഥന്മാരോടല്ലാ പ്രൊക്കുറേറററോടു മാത്രമായിരുന്നു തനിക്കു് കാര്യം പറയേണ്ടതെന്നു് സിൽബന്ധികളെ ധരിപ്പിക്കേണമെന്നും അദ്ദേഹത്തിനു വിചാരമുണ്ടായിരുന്നു.

"ഈ അസമയത്തു പ്രൊക്കുറേറററെ കാണുവാൻ സാധിക്കുകയില്ല" ശതാധിപൻ അറിയിച്ചു.

"എന്നാൽ, അദ്ദേഹത്തിൻെറ പക്കൽ ചെന്നു് സാന്നെദ്രിൻെറ പ്രതിനിധി അദ്ദേഹത്തെ കണ്ടു് സംസാരിക്കുവാൻ ആഗ്രഹിക്കുന്നു എന്നറിയിക്കുക" റാബി പറഞ്ഞു. സ്വല്പസമയം ചിന്തിച്ചതിനുശേഷം ശതാധിപൻ മുറിയിൽനിന്നും പോയി. വല്ല പ്രധാന കാര്യവുമായിരിക്കാം പ്രൊക്കുറേററിനെ അറിയിക്കാനുള്ളതു്. സു പ്രധാനസംഗതിയിൽ വിളംബം വരുത്തിയെന്ന കുററാരോപണത്തിനുള്ള അവസരം എന്തിനു് പ്രൊക്കുറേററർക്കു് നൽകുന്നു. ഏതായാലും ഇത്ര രാവിലെ ഉറക്കറയിൽ ചെന്നുണ്ടാകുന്ന ശൈല്യക്കേടു് ഗവർണർക്കു് സന്തോഷകരമായിരിക്കുകയില്ല എന്നിങ്ങനെയായിരുന്നു അയാളുടെ ചിന്താഗതി. പ്രൊക്കുറേറററെ അറിയിക്കുവാൻ തന്നെയായിരുന്നു ശതാധിപൻ പോയതും. അയാൾ ഒട്ടും തത്രപ്പെട്ടില്ല. കുറെ താമസിച്ചിട്ടേ പ്രൊക്കുറേറററ് അവിടെ പ്രത്യക്ഷപ്പെട്ടുള്ളു.

പീലാത്തോസ് അസഹ്യതാഭാവത്തോടുകൂടിയാണാഗതനായതു്. ഒന്നാമതു് ഇത്ര രാവിലെ അദ്ദേഹത്തിനു നിദ്രാഭംഗം വരുത്തിയതു് ലജ്ജാഹീനമായ ഒരു പ്രവൃത്തിയായി അദ്ദേഹം കരുതി. രണ്ടാമതു് ദുസ്സഹമായ തലവേദനയുണ്ടായിരുന്നു അപ്പോൾ. തലവേദനയുള്ളപ്പോളൊക്കെ പീലാത്തോസ് സ്വഭാവവൈകല്യത്തോടുകൂടിയാണു് കാണപ്പെട്ടിരുന്നതു്.

പീലാത്തോസ് റാബിയെ സംക്ഷേപണായഭിവാദ്യം ചെയ്തിട്ടു് സന്ദർശനശാലയിലേക്കു ക്ഷണിച്ചു് അവിടെയെത്തിയപ്പോൾ കാര്യം പറയുവാനാവശ്യപ്പെട്ടു. ലേവായർ പുറത്തളത്തിൽതന്നെ കഴിച്ചു.

അതിനിമ്നമല്ലാത്ത രീതിയിൽ പ്രണാമംചെയ്തിട്ടു് റാബി ശിമയോൻ കാര്യസാരം പ്രസ്താവിച്ചു: "മഹാനായ ആഗസ്റ്റസിൻെറ പ്രതിനിധിയെന്നനിലയിൽ സാന്നെദ്രിൻ അതിൻെറ അഭിവന്ദനങ്ങളും ആദരങ്ങളും അർപ്പിക്കുന്നു."

"വളരെ നന്ദി. ഈ അസമയത്തു് സാന്നെദ്രിൻ എന്നിൽനിന്നെന്താണാവോ ആവശ്യപ്പെടുന്നതു്?" പീലാത്തോസ് ചോദിച്ചു.

നഗ്നമായ ഈ ചോദ്യം ശിമയോൻറാബിയെ തെല്ലമ്പരപ്പിച്ചു. പ്രൊക്കുറേററുടെ പെരുമാററം വളരെ ഉദാരമാണെന്നദ്ദേഹത്തിനു തോന്നിയില്ല. തൻെറ ദൗത്യം വിജയിക്കുമോ എന്നുപോലും അദ്ദേഹം സംശയിച്ചു.

"പ്രൊക്കുറേററർ, സാന്നെദ്രിനു് അവിടുത്തെ സമക്ഷം ഒരപേക്ഷയുണ്ടു്. ഒരു രാഷ്ട്രീയപാതകിയെ, ഒരു ജനഹിതദൂഷകനെ, ഒരു പ്രക്ഷോഭകാരിയെ, താൻ മിശിഹായാണെന്നു നടിച്ചുകൊണ്ടു തന്നെ ജനങ്ങൾ യഹൂദരുടെ രാജാവായി പ്രഖ്യാപിക്കണമെന്നു മോഹിക്കുന്ന ഒരു ദൈവദൂഷകനെ, ഞങ്ങൾ ബന്ധനത്തിലാക്കിയിട്ടുണ്ടു് ഞങ്ങളുടെ നിയമപ്രകാരം വധശിക്ഷ അർഹിക്കുന്ന കുററങ്ങൾ ചെയ്ത ഒരു പാതകിയാണയാൾ. തന്മൂലം സാന്നെദ്രിൻ അയാൾക്കു വധശിക്ഷ കല്പിച്ചു. പ്രസ്തുത ശിക്ഷാവിധി സ്ഥിരീകരിച്ചു്, വധം നടത്തേണമെന്നു പുരോഹിതന്മാരുടെ ഉന്നതസംഘം അങ്ങയോടപേക്ഷിക്കുന്നു."

അനാസ്ഥാഭാവത്തിൽ പ്രൊക്കുറേററർ ചോദിച്ചു: "ഇത്രയേയുള്ളോ?"

"ഇതുമാത്രം. കാര്യം പരിപൂർണ്ണം ലളിതവും വിശദവുമത്രെ. സാന്നെദ്രിൻ അയാളുടെ കുററവിസ്താരം നടത്തി. അയാളുടെ സ്വന്തം സമ്മതംകൊണ്ടും വിസ്തരിച്ച സാക്ഷികളുടെ മൊഴികളിൽനിന്നും, ഞങ്ങളുടെ നിയമപ്രകാരം മാത്രമല്ലാ റോമൻനിയമപ്രകാരവും അയാൾ മൂന്നുപ്രാവശ്യം വധശിക്ഷ കർഹനാണു്. ഞങ്ങൾ മനസ്സിലാക്കിയിട്ടുള്ളതു റോമൻനിയമം വിപ്ലവത്തിനു വധശിക്ഷ കല്പിച്ചിട്ടുണ്ടെന്നാകുന്നു."

ഉത്സാഹഭരിതനായി സംസാരിച്ച റാബിയുടെനേരെ പ്രൊക്കുറേററർ ചിറി, അവജ്ഞാപൂർവ്വം പ്രസ്താവിച്ചു: "നിങ്ങൾ റോമൻ നിയമം എത്ര നന്നായി മനസ്സിലാക്കിയിട്ടുണ്ടെന്നു നിങ്ങളുടെ അഭ്യർത്ഥന വിശദമാക്കുന്നുണ്ടു്; നിങ്ങളുടെ അഭിമതമനുസരിച്ചു് അധിരാജഗവർണ്ണർക്കു് നിങ്ങളുടെ ആജ്ഞ നിർവ്വഹിക്കുകയല്ലാതെ മറെറാരു കർത്തവ്യമില്ലെന്നുതോന്നും."

"ഓ, പ്രൊക്കുറേററർ, ഞാനങ്ങനെ ഉദ്ദേശിച്ചില്ല. ഈ പ്രക്ഷോഭകാരി റോമൻനിയമം അനുസരിച്ചായാലും വധശിക്ഷയ്ക്കു വിധിക്കപ്പെടുമെന്നു പറയുവാനേ ഞാൻ കരുതിയുള്ളു. ഉന്നതസംഘം ആവശ്യപ്പെടുന്നതു് ഒരു ശതം ഭടന്മാരേയോ മറേറാ നിയോഗിച്ചു് അവിടുന്നു വധശിക്ഷ നടത്തേണമെന്നോ, വധശിക്ഷാനിർവ്വഹണത്തിൽ മേൽനോട്ടം വഹിക്കേണമെന്നോ മാത്രമാണു്" റാബി ആദരപൂർവ്വം പറഞ്ഞു.

പ്രൊക്കുറേററുടെ അധരങ്ങൾ നിന്ദാസൂചകമായ ഒരു ഹാസത്തിൽ ചലിച്ചു: "ഇതാണു് നിങ്ങളുടെ അപേക്ഷ! ഭേഷ്! നിങ്ങൾ ഒരാളെ ബന്ധനത്തിലാക്കുന്നു; കുററവിസ്താരം നടത്തുന്നു, വിധികല്പിക്കുന്നു, അനന്തരം ആരാച്ചാരുടെ ഭാഗം അഭിനയിക്കുവാൻ എന്നെ അനുവദിക്കുന്നു! ഉന്നതസംഘത്തിൻെറ പ്രതിനിധി, നീങ്ങൾ വിചാരിക്കുന്നവിധം ലഘുവല്ലാ കാര്യം. പാതകിയെ—അയാൾ പാതകിയാണെങ്കിൽ—വധിക്കുവാൻ സാന്നെദ്രിനാഗ്രഹമുണ്ടെങ്കിൽ, എൻെറ സന്നിധിയിൽ അയാളെ അയക്കട്ടെ. ഞാൻതന്നെ കല്പിച്ച ശിക്ഷാവിധിമാത്രമാണു് ഞാൻ നടത്തുവാനുദ്ദേശിക്കുന്നതു്."

ഇത്രയും പറഞ്ഞിട്ടു് പീലാത്തോസ് ഇരിപ്പിടത്തിൽനിന്നു് എണീററു. റാബിയും അപ്രകാരം ചെയ്തു.

"പ്രൊക്കുറേററർ, ആലോചിക്കണേ" ഇങ്ങനെ പ്രസ്താവിച്ചുതുടങ്ങിയ റാബിയെ കോപപൂർവ്വം പീലാത്തോസ് തടഞ്ഞു: "ആലോചിക്കുന്നില്ല, ആലോചിക്കുവാനൊന്നുമില്ല. ശിക്ഷിക്കുവാനുള്ള അധികാരം എൻേറതാണു്. തന്മൂലം വിധിക്കുവാനുള്ളതും. ആക്കെങ്കിലുമെതിരായി എൻെറ കോടതിയിൽ കുററാരോപണം ചെയ്യുവാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ ചെയ്തുകൊള്ളൂ. എനിക്കു വേറൊന്നും പറയുവാനില്ല."

റാബി ശിമയോൻ പ്രണാമം ചെയ്തു. ഈ പ്രാവശ്യം താണുവീണായിരുന്നു. അദ്ദേഹം ന്യായവാദത്തിനൊരുങ്ങി. പീലാത്തോസ് പൂർവ്വവാദംചെയ്തു് അദ്ദേഹത്തെ തടഞ്ഞു: "ഇല്ല, ഒറാവാക്കുപോലും ഞാൻ കേൾക്കുകയില്ല. എൻെറ അഭിവന്ദനങ്ങൾ സാന്നെദ്രിനു് നൽകുക. ആ ഉൽകൃഷ്ടസംഘത്തോടു്, അവർ കുററം ആരോപിക്കുന്ന ആ മനുഷ്യൻെറ ഒറാരോമത്തിനുപോലും ഹാനി ഭവിക്കുന്നപക്ഷം കാര്യങ്ങളെല്ലാം സ്വയമായി നടത്തിക്കൊള്ളാമെന്ന ദുർമ്മോഹത്തോടുകൂടി കഴിയുന്ന പുരോഹിതവൃന്ദത്തിൻെറ ഔദ്ധത്യം നിശ്ശേഷം നശിപ്പിക്കുവാൻ റോമാക്കു സാധിക്കുമെന്നവർ ഗ്രഹിക്കുവാനിടയാകുമെന്നുകൂടി അറിയിക്കുക. നിങ്ങൾക്കു ഞാൻ മുന്നറിവു തരികയാണു്. എൻെറ കൊട്ടാരത്തിനു മുൻപിലുള്ള അങ്കണത്തിൽ അനേകശതം ആളുകൾ തടിച്ചുകൂടിയിട്ടുള്ളതായി എനിക്കറിവുകിട്ടിയിരിക്കുന്നു. എൻെറ മേൽ ഏതെങ്കിലുംവിധം ബലം പ്രയോഗിക്കാമെന്നു ജനസംഘം കരുതുന്നുവെങ്കിൽ അതു് വെറും വ്യാമോഹമാണെന്നു അവരെ മനസ്സിലാക്കുക. പൊതുജനാഭിപ്രായം സൃഷ്ടിക്കുന്നവിധം ഞാൻ നല്ലവണ്ണം ധരിച്ചുവച്ചിട്ടുണ്ടു്. കാശിനുവേണ്ടി കൂടിയിരിക്കുന്ന ഈ കുണ്ടാമണ്ടിക്കൂട്ടത്തെ തൂക്കിയെടുത്തു പണിപ്പുരകളിലടയ്ക്കുവാൻ ആവശ്യമായ ഭടസംഘം എൻെറ അധീനതയിലുണ്ടു്. സ്വസ്തി." ശിമയോൻറാബിക്കു സ്വരച്യാ എന്തെങ്കിലും ചെയ്യുവാൻ കഴിവുണ്ടായിരുന്നില്ല. നിഷ്ക്രാസിതനാകുന്നതിനുമുമ്പു് അദ്ദേഹം നിഷ്ക്രമിക്കുകതന്നെചെയ്തു. അദ്ദേഹം ഒരിക്കൽക്കൂടി നിമ്നപ്രണാമം ചെയ്തിട്ടു് പുറത്തളത്തിലേക്കു തിരിച്ചു. പ്രവേശനദ്വാരത്തിങ്കൽവച്ചു് അരിമത്ത്യൻജോസഫിനെ അഭിമുഖീകരിക്കുവാനിടയായി. ജോസഫ് പീലാത്തോസിൻെറ സന്നിധിയിലേക്കു വരികയായിരുന്നു. അവജ്ഞാവിഷയമായ ആ സാധുസിയെ ക്രമത്തിലധികം സമീപിക്കാതിരിക്കുവാനായി റാബി ധൃതി മൂന്നടി പിമ്പോട്ടുനീങ്ങി. ഈ രംഗം വികൃതമായ വിനോദവായ്പോടുകൂടി പീലാത്തോസ് വീക്ഷിക്കുന്നുണ്ടായിരുന്നു.

(തുടരും)



Mrs. Elizabath Chacko
ജനനം 13—10—33
മരണം 28—4 —56

മററൂർ കുടിയിരിപ്പിൽ ചാക്കോയുടെ ഭാര്യയും തൃശ്ശൂർ കോനിക്കര വാറുണ്ണി തോമസ്സിൻെറ മകളുമായ മിസ്സസ് എലിസബെത്തു ചാക്കോയുടെ പ്രഥമ ചരമവാർഷികം പ്രമാണിച്ചുള്ള തിരുകർമ്മങ്ങളും കല്ലറ വെഞ്ചരിപ്പും റവ. ഫാദർ ജേക്കബ് കുടിയിരിപ്പിയുടെ പ്രധാന കാർമ്മികത്വത്തിൽ 25-4-57 വ്യാഴാഴ്ച കാലത്തു് മററൂർ പള്ളിയിൽവെച്ചു നടത്തിയിരിക്കുന്നു.



കൊരട്ടി ആരാധനമഠത്തിൽ 1957 ഏപ്രിൽ 25-ാംനു നടത്തപ്പെട്ട സഭാവസ്ത്രദാനത്തിൻേറയും വ്രതവാഗ്ദാനത്തിൻേറയും അവസരത്തിൽ എടുത്ത ഗ്രൂപ്പുഫോട്ടോ.

# ഞങ്ങളുടെ തീർത്ഥയാത്ര

(ജെ. മാണിക്കത്തു്, റോം)

I


### ഓർവിയേത്തോ

മാർച്ചുമാസം 27-ാംനു-യാണു് ഞങ്ങളുടെ മെററാഫിസിക്സ് പ്രൊഫസർ ഫാദർ ഡിനാപ്പോളി (Di Napoli) അവർകളുടെ നേതൃത്വത്തിൽ പ്രൊപ്പഗാന്താ കലാലയത്തിലെ തത്വശാസ്ത്രവിദ്യാർത്ഥികളായ ഞങ്ങൾ ഒരു തീർത്ഥയാത്രയ്ക്കു പുറപ്പെട്ടതു്. റോമിൽനിന്നു ഉദ്ദേശം 70 മൈൽ അകലത്തിലുള്ള ഓർവിയേത്തോ എന്ന സ്ഥലമായിരുന്നു ഞങ്ങളുടെ ആദ്യത്തെ ലക്ഷ്യം. പ്രകൃതിയുടെ മോഹനവിലാസത്താൽ മനോഹരമാണു് ഈ പ്രദേശം. രാജ്യത്തിന്റെ നാലു ഭാഗവും ഉന്നതങ്ങളായ മലകളാൽ ചുററപ്പെട്ടിരിക്കുന്നു. ഓർവിയേത്തോയെ ഭുവനപ്രസിദ്ധമായ ഒരു തീർത്ഥകേന്ദ്രമാക്കിയതു അവിടെ നടന്ന ഒരത്ഭുതസംഭവമായിരുന്നു.

13-ാംനൂററാണ്ടിൽ ഓർവിയേത്തോ ഒരു മതപീഡനരംഗമായി മാറിയിരുന്നു. അൻജേർസിലെ ബെറുജർ (Beruger) എന്ന ഒരു ആർക്കഡിയാക്കോൻ വിശുദ്ധകുർബാനയിൽ ക്രിസ്തുവിന്റെ യഥാർത്ഥസാന്നിദ്ധ്യത്തെ നിഷേധിക്കുകയും ഒരു ശീശ്മയ്ക്കു പ്രാരംഭമിടുകയും ചെയ്തു. തിരുസഭയുടെ പ്രബോധനത്തിനെതിരായ ഈ പഠനം ക്ഷണേന പ്രചരിക്കുകയും തിരുസഭയെപീഡിപ്പിക്കുന്ന ഒരു ശത്രുവ്യൂഹമായി രൂപംപ്രാപിക്കുകയും ചെയ്തു. ഇക്കാലത്തു് അതായതു്, 1263-ൽ ഒരു ബൊഹീമിയൻ വൈദികൻ വിശുദ്ധപത്രോസിന്റെ ശവകുടീരത്തിൽ ദിവ്യബലി അർപ്പിക്കുന്നതിനായി റോമിലേക്കു പുറപ്പെട്ടു. യാത്രാമദ്ധ്യേ അദ്ദേഹം ബൊൾസേനായിലെ വിശുദ്ധ ക്രിസ്റ്റിനായുടെ ദേവാലയത്തിൽ വരികയും അവിടെ ദിവ്യബലിയർപ്പിക്കുകയും ചെയ്തു. അവിടെ പ്രചുരപ്രചാരത്തിലിരുന്ന ഇടത്തൂടിന്റെ പ്രേരണകൊണ്ടായിരിക്കണം, വിശുദ്ധകുർബാനയിൽ ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളുടെ യഥാർത്ഥസാന്നിദ്ധ്യമുണ്ടോ എന്നൊരു സംശയം അദ്ദേഹത്തിലും കടന്നുകൂടിയത്രെ. ദിവ്യബലിയിൽ തിരുഓസ്തി കൂദാശചെയ്തു ശേഷം അതിനെ ഭാഗിച്ച അവസരത്തിലാണു് ആ അത്ഭുതസംഭവമുണ്ടായതു്. തിരുഓസ്തി യഥാർത്ഥ മാംസക്കഷണംപോലെ പ്രത്യക്ഷപ്പെടുകയും അത്ഭുതകരമായവിധത്തിൽ അതിൽനിന്നു ചുടുരക്തം പ്രവഹിച്ചുതുടങ്ങുകയും ചെയ്തു. ആ രക്തപ്രവാഹംമൂലം കെത്താന മുഴുവൻ നിണപങ്കിലമായി. ഈ അത്ഭുതസംഭവത്തെപ്പററി കണ്ണാകണ്ണികയാ അറിവുകിട്ടിയ ജനങ്ങൾ അവിടേയ്ക്കോടിക്കൂടി തിരുരക്തത്താൽ നനഞ്ഞ ആ കെത്താനയെ വണങ്ങുന്നതിനും വിശുദ്ധകുർബാനയിലെ യഥാർത്ഥസാന്നിദ്ധ്യത്തിൽ വിശ്വസിക്കുന്നതിനും തുടങ്ങി. അക്കാലത്തു പരിശുദ്ധമാർപ്പാപ്പാമാർ ഓർവിയേത്തോയിലാണു് താമസിച്ചിരുന്നതു്. തന്മൂലം അന്നത്തെ മാർപ്പാപ്പാ നാലാം ഉർബൻ ഈ സംഭവത്തിന്റെ വാസ്തവികതയെ നേരിട്ടുകണ്ടു ബോദ്ധ്യപ്പെടുകയും വേണ്ട അന്വേഷണങ്ങൾ നടത്തിയശേഷം ഈ അത്ഭുതസംഭവത്തിന്റെ സ്മരണയെ എന്നും നിലനിർത്തത്തക്കവിധത്തിൽ വിശുദ്ധകുർബാനയുടെ തിരുനാൾ ക്രിസ്തീയലോകം മുഴുവനിലും ആചരിക്കുന്നതിനു ആജ്ഞാപിക്കുകയും ചെയ്തു.


ഓർവിയേത്തോയിലെ ജനങ്ങൾ തിരുരക്തം പുരണ്ട ഈ കെത്താനായെ ഭക്തിപൂർവ്വം കാത്തുസൂക്ഷിച്ചുപോരുന്നു. അതിമനോഹരമായ ഒരു ദേവാലയം അവർ അവിടെ പണികഴിപ്പിച്ചു ശില്പകലാവൈദഗ്ധ്യം തുളുമ്പുന്ന ആ ബ്രഹ്മാണ്ഡദേവാലയത്തിന്റെ വലത്തുവശത്തുള്ള അൾത്താരയിൽ ഈ സംപൂജ്യനിധി സൂക്ഷിച്ചിരിക്കുന്നു. നിർമ്മലമായ വെള്ളികൊണ്ടു നിർമ്മിച്ചിട്ടുള്ളതും 400 റാത്തലോളം തൂക്കം വരുന്നതും ഉഗൊളി വോഡി വിയെറി എന്ന കലാകാരനാൽ അതിവിചിത്രമായി നിർമ്മിച്ചിട്ടുള്ളതുമായ ഒരു പേടകത്തിലാണു് അതടക്കം ചെയ്തിരിക്കുന്നതു്. ദേവാലയത്തിന്റെ ഇടത്തെ ഭാഗത്തുള്ള അൾത്താര മാതാവിന്റെ സ്തുതിക്കായി പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതാണു്. ആദ്യകാലങ്ങളിൽ പെസഹാ തിരുനാളിനും വിശുദ്ധകുർബാനയുടെ തിരുനാളിനും മാത്രമേ ഈ തിരുവസ്തു പൊതുവായ ഭക്തിപ്രകടനത്തിനായി പ്രദർശിപ്പിച്ചിരുന്നുള്ളു. പില്ക്കാലങ്ങളിൽ തീർത്ഥകരുടെ ഇടവിടാതുള്ള പ്രവാഹംമൂലം എല്ലാ ദിവസവുംതന്നെ പ്രസ്തുത തിരുവസ്തു പ്രദർശിപ്പിച്ചുപോരുന്നുണ്ടു്.

ദേവാലയം അതിമനോഹരമായ ഒരു കലാശില്പമാണെന്നു പറഞ്ഞുവല്ലോ. കുരിശാകൃതിയിലും ഗോത്തിക്കു് രീതിയിലുമാണു് അതു പണികഴിച്ചിട്ടുള്ളതു്. അതിന്റെ മുഖപ്പുതന്നെ അതിന്റെ കലാവൈദഗ്ധ്യത്തിനു മകുടോദാഹരണമാണു്. ദേവാലയമദ്ബഹാ (Sanctuary) പ്രസിദ്ധകലാകാരനായ ലൂക്കാ സിഞ്ഞോരെള്ളി (Luki Singorelli) യുടെ മനോഹരചിത്രങ്ങൾകൊണ്ടലങ്കരിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ സുവിശേഷപ്രഭാഷണം, ലോകത്തിന്റെ അവസാനം, മരിച്ചവരുടെ പുനരുത്ഥാനം, രക്ഷപെട്ടവരുടേയും ശിക്ഷപെട്ടവരുടേയും അവസ്ഥാന്തരങ്ങൾ, അവസാനവിധിയിൽ ക്രിസ്തു പ്രത്യക്ഷപ്പെടുന്നതു്, പ്രവാചകസംഘം തുടങ്ങിയ പ്രഖ്യാതചിത്രങ്ങൾ അവിടെ കാണാം.




തിരുവസ്തുക്കൾ സൂക്ഷിച്ചിരിക്കുന്ന മനോഹരമായ പേടകം

ഓർവിയേത്തോയിലെ അന്തരീക്ഷം വിശുദ്ധകുർബാനയോടുള്ള ഭക്തിനിർഭരമായ ഒന്നാണെന്നു പറയാം. ജനങ്ങളുടെ അനുദിനജീവിതത്തിൽ അതിനു വളരെയധികം പ്രസക്തിയുള്ളതായിക്കാണുന്നു. അവരുടെ ദിനചര്യകൾ അവിഭാജ്യമായവിധം അതോടു് ഒട്ടിച്ചേർന്നിരിക്കുകയാണു്. ഒരു കാലത്തു വിശുദ്ധകുർബാനയിലെ യഥാർത്ഥസാന്നിദ്ധ്യത്തിനെതിരായി ഇടത്തൂടിൽ ഉൾപ്പെട്ട ക്രിസ്തുവിന്റെ മൗതികശരീരമായ തിരുസഭയെ പീഡിപ്പിച്ച ഓർവിയേത്തോ ഇന്നു വിശുദ്ധകുർബാനയോടുള്ള ഭക്തിയിൽ ഒരു മാതൃകാരാജ്യമായി പരിലസിക്കുന്നു.




ഓർവിയേത്തോയിലെ ദേവാലയം



തീർത്ഥകർ (പ്രൊപ്പഗാന്തായിലെ തത്വശാസ്ത്രവിദ്യാർത്ഥികൾ)

# മനുഷ്യന്റെ ആഗ്രഹങ്ങൾ

(പി. ററി. തോമസ്, കൊല്ലപ്പിള്ളി)

ആഗ്രഹം അഥവാ ആശയാണു് മനുഷ്യർക്കു് ജീവിതപ്രചോദനം നൽകുന്നതും, ജീവിതവിജയം സമ്പാദിച്ചുകൊടുക്കുന്നതും. അതുകൊണ്ടു മനുഷ്യജീവിതം തുടരണമെന്നോ, ദീർഘിപ്പിക്കണമെന്നോ ഉള്ള ചിന്തയുണ്ടാകണമെങ്കിൽ ആഗ്രഹമെന്ന ഒരു ഉപാധി ഉണ്ടായിരിക്കേണ്ടതു് പ്രകൃതിദത്തമായ ഒരു നിയമമാണു്. ഇങ്ങനെ മനുഷ്യരുടെ ജീവിതവിജയത്തിനു അത്യന്താപേക്ഷിതമായിരിക്കുന്ന ആഗ്രഹത്തിന്റെ ഉൽപത്തി വളരെ അപകടകരമായ അന്തരീക്ഷത്തിൽ നിന്നു പലപ്പോഴും അവരവർതന്നെ അറിയാതെയാണു് ഉത്ഭവിക്കുന്നതു്. ഓരോ ആഗ്രഹവും രൂപം പ്രാപിക്കുന്നതിനു് വിദൂരഹേതുഭൂതമായിരിക്കുന്നതു് നാം ജീവിക്കുന്ന പരിസരങ്ങളേയോ നമ്മുടെ സഹവർത്തികളുടെ ജീവിതരീതിയെയോ നമ്മുടെ പാരായണഗ്രന്ഥങ്ങളെയോ ആശ്രയിച്ചാണിരിക്കുന്നതു്. ആഗ്രഹങ്ങളുടെ പ്രാരംഭഘട്ടങ്ങളിൽ അവ എന്തുകൊണ്ടാണുൽഭവിച്ചതെന്നോ, അതിന്റെ അനന്തരഫലം എന്തായിരിക്കുമെന്നോ ശരിയായി വിശകലനം ചെയ്യുവാൻ പലർക്കും പലപ്പോഴും സുസാദ്ധ്യമല്ലാതെ വരാവുന്നതാണു്. ഏതൊരു ഉദ്ദേശത്തിന്റെ സാഫല്യത്തിനും ആഗ്രഹത്തിന്റെ ഉൽക്കടമായ പ്രവർത്തനം കൂടാതെ സാദ്ധ്യമല്ല. ആഗ്രഹിക്കാത്ത യാതൊന്നും യാതൊരുത്തർക്കും ലഭിക്കുന്നില്ല. ഇങ്ങിനെ മനുഷ്യജീവിതത്തിൽ ഐഹികവും പാരത്രികവുമായ ജീവിതവിജയത്തിനു അത്യന്താപേക്ഷിതമായ ആഗ്രഹം തന്നെ, പരമോൽകൃഷ്ടമായ മനുഷ്യജീവിതത്തെ ഏററം അപകടകരവും നാശോന്മുഖവും ലജ്ജാവഹവുമായ അവസ്ഥയിലേക്കു തള്ളിത്താഴ്ത്തുന്നുമുണ്ടു്. പക്ഷെ ആയവ ദുരാഗ്രഹങ്ങൾ അല്ലാതെ നല്ല ആഗ്രഹങ്ങളല്ല. ആഗ്രഹം നശിച്ചു് നിരാശയുടെ കുണ്ടിൽപതിക്കുന്നവരാണു്, നിർഭാഗ്യകരമായ ആത്മഹത്യമൂലം ആശ്വാസം കണ്ടെത്തുവാൻ ശ്രമിക്കുന്നതു്. മനുഷ്യരുടെ നിത്യജീവിതോപയോഗത്തിനു് അഗ്നി എത്ര അനുപേക്ഷണീയമായ ഒന്നാണു്. അതേസമയം അഗ്നിയെപ്പോലെ നാശകാരിയായ മറെറാരു വസ്തു ഭൂമുഖത്തില്ലെന്നുള്ളതു് തർക്കമററ സംഗതിയാണു്. അഗ്നി കൈകാര്യം ചെയ്യുന്നതിൽ നമുക്കുള്ള ശ്രദ്ധയെക്കാൾ വളരെ അധികരിച്ചുള്ള ശ്രദ്ധ നമ്മിൽ പ്രതിനിമിഷം ജനിക്കുന്ന ആഗ്രഹങ്ങളിൽ നമുക്കുണ്ടായിരിക്കേണ്ടതാണു്. അഗ്നിക്കു ഐഹികവസ്തുക്കളെയും ജീവനേയും നശിപ്പിക്കുവാനുള്ള ശക്തിയേയുള്ളു. അതേസമയം ആഗ്രഹം ശ്രദ്ധാപൂർവ്വം നാം കൈകാര്യം ചെയ്യുന്നില്ലെങ്കിൽ പ്രകൃത്യതീതവും പാരത്രികവുമായ ജീവിതത്തിൽ അവർണ്ണനീയമായ ആനന്ദാനുഭൂതി അനുഭവിക്കേണ്ട നിത്യവും അനർഘവുമായ ആത്മാവിനുകൂടി നാശം വരുത്താവുന്ന ഒരു മഹാവിപത്തായി തീരും. അഗ്നി ശക്തിപ്രാപിച്ചാൽ അതിനെ കെടുത്തുവാൻ എത്ര പ്രയാസമാണോ, അതിലും അസാദ്ധ്യമാണു് ആഗ്രഹം ശക്തിപ്രാപിച്ചാൽ അതിനെ ഉന്മൂലനം ചെയ്യുവാൻ. ഗുണത്തെപ്പോലെതന്നെ വർണ്ണനാതീതമായ നാശത്തിനിടയാക്കുന്ന അഗ്നിയേയും ആഗ്രഹത്തേയും നിശ്ശേഷം നശിപ്പിക്കുക സാദ്ധ്യമല്ല. മലകളിലുള്ള ശിലകൾ ഇളകി യാദൃശ്ചികമായി മറെറാരു ശിലയിൽ കൂട്ടിമുട്ടുമ്പോൾ അഗ്നി ഉണ്ടാകുന്നതുപോലെ, സദാ അലയടിച്ചുകൊണ്ടിരിക്കുന്ന മനുഷ്യഹൃദയത്തിലെ പ്രസ്തുത വേലിയേററത്തിനിടയിൽ ആഗ്രഹവും പൊന്തിവളരുന്നുണ്ടു്. ഈ ആഗ്രഹങ്ങളെ നല്ലതും ചീത്തയുമായി വേർതിരിച്ചു നല്ലതിനു പ്രോത്സാഹനം നൽകുകയും ചീത്തയെ ആത്മനിയന്ത്രണംമൂലം നിഗ്രഹിക്കുകയോ നിരുത്സാഹപ്പെടുത്തുകയോ അല്ലാതെ, യാതൊരാഗ്രഹവുമില്ലാതെ നിർവ്വാണമടയുകയെന്ന ബുദ്ധസിദ്ധാന്തം മനുഷ്യരെ സംബന്ധിച്ചിടത്തോളം അപ്രായോഗികവും അസാദ്ധ്യവുമാണെന്നു മനുഷ്യമനഃശാസ്ത്രം സൂക്ഷ്മനിരീക്ഷണം നടത്തിയാൽ വ്യക്തമായി ഗ്രഹിക്കാവുന്നതാണു്. ആഗ്രഹത്തിനു നല്ലതും ചീത്തയുമായ രണ്ടു ഘടകങ്ങളുണ്ടു്. അവ തിരിച്ചറിഞ്ഞു നല്ലതിനെ സ്വീകരിക്കുകയും ചീത്തയെ തള്ളിക്കളയുകയുമെന്നതാണു് വിശേഷബുദ്ധിയുള്ള മനുഷ്യരുടെ കർത്തവ്യം. ഈ വസ്തുക്കൂലി നൽകിയുമാണു് അവരെ വശത്താക്കിയതെന്നു ഒരു ആക്ഷേപമുണ്ടു്. പക്ഷെ ഇതിനെ ന്യായീകരിക്കത്തക്ക തെളിവുകളൊന്നും ഉണ്ടായിരിക്കുന്നില്ല. അദ്ദേഹം പാപ്പായായ ഉടനെ പല പരിഷ്കാരങ്ങളും നടപ്പിൽവരുത്തി. പേപ്പൽ തിരിഞ്ഞെടുപ്പിൽ ബാഹ്യമായ ഇടപെടൽ ഉണ്ടാകാതിരിക്കുന്നതിലേക്കു കർശനമായ നിയമങ്ങൾതന്നെ അദ്ദേഹം നടപ്പാക്കി.

ബോനിഫസ് ഒൻപതാമൻ 1389 നവമ്പർ 2 മുതൽ 1404 ഒക്ടോബർ 1 വരെ മാർപ്പാപ്പായായിരുന്നു. ദരിദ്രമാതാപിതാക്കന്മാരിൽനിന്നു ജനിക്കുകയും ദരിദ്രനായി ജീവിച്ചു് ദരിദ്രനായിത്തന്നെ മരിക്കുകയുംചെയ്ത അദ്ദേഹത്തിനു്, ആഗ്രഹിച്ചാൽതന്നെ

## കൃതജ്ഞത

വി. പത്താംപിയൂസ് മാർപ്പാപ്പായുടെ മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

K. P. Auseph
Ochanthuruth

## ഉപകാരസ്മരണ

വിശുദ്ധ പത്താംപിയൂസിന്റെയും, വിശുദ്ധനിത്യസഹായമാതാവിന്റെയും. സഹായത്താൽ എന്റെ കുട്ടി സുഖം പ്രാപിച്ചതിനു കൃതജ്ഞത.

വി. പി. ലിയോൺ
ചേരാനല്ലൂർ

വിമർശനപംക്തി

# മാർപ്പാപ്പാമാരെപ്പററി

(തുടർച്ച)

ചോദ്യം 4—"ജോൺ ഒന്നാമൻ, ജോൺ എട്ടാമൻ, സ്റ്റീഫൻ ആറ്, റോമാനൂസ്, ബനഡിക്ട്, ജോൺ പതിന്നാല് (ഉദാഹരണമായി ഇത്രയും) പാപ്പാമാരുടെ മരണം സ്വാഭാവികമരണമായിരുന്നോ? അതോ എന്തെങ്കിലും കാരണമുണ്ടോ?"


പാപ്പാമാരുടെ മരണവും അവരുടെ പരമാധികാരവും തമ്മിലുള്ള ബന്ധമെന്തെന്നു വ്യക്തമല്ല. അവരുടേതു സ്വാഭാവികമരണമല്ലെന്നിരിക്കട്ടെ. എന്നാൽതന്നെ എന്താണ്? കത്തോലിക്കാസഭയുടെ സ്ഥാപകനായ ക്രിസ്തുവിൻെറ മരണം സ്വാഭാവികമായിരുന്നില്ല. ഒന്നാമത്തെ മാർപ്പാപ്പായായ വിശുദ്ധ പത്രോസുതന്നെ തലകീഴായി കുരിശിൽ തറയ്ക്കപ്പെട്ടാണു മരിച്ചതു്. ക്രിസ്തുവിൻെറ അപ്പസ്തോലന്മാരിൽ യോഹന്നാൻ ഒഴികെയുള്ള ആർക്കും തന്നെ സ്വാഭാവികമരണം ലഭിച്ചില്ല. ആദ്യമൂന്നൂറാണ്ടുകളിലെ മാർപ്പാപ്പാമാരെല്ലാംതന്നെ രക്തം ചിന്തി മരിക്കുകയാണു ചെയ്തതു്. മാർപ്പാപ്പായുടെ പരമാധികാരം മരണത്തോടുകൂടി അവസാനിക്കുന്നതിനാൽ അവരുടെ മരണത്തിനു്, പരമാധികാരത്തെ സംബന്ധിച്ചിടത്തോളം യാതൊരു പ്രസക്തിയുമില്ലാതാണിരിക്കുന്നതു്.

ജോൺ ഒന്നാമനെ ഇററലിയിലെ തിയൊഡോറിക് രാജാവു അറസ്റ്റുചെയ്തു ജയിലിലടച്ചു. തടവിൽ കിടന്നാണു് അദ്ദേഹം മരിച്ചതു്. ജോൺ എട്ടാമൻ തൻെറ മുറിയിൽ കിടന്നു സമാധാനത്തോടെ മരിച്ചു. ഏതോ ഒരു ബന്ധു അദ്ദേഹത്തെ വിഷംകൊടുത്തു കൊല്ലുകയായിരുന്നുവെന്ന ഒരു കഥ പിൽക്കാലത്തു പ്രചരിച്ചതു് അടിസ്ഥാനരഹിതമാണെന്നു ചരിത്രകാരന്മാർ തെളിയിച്ചിട്ടുണ്ടു്. ആറാം സ്റ്റീഫൻ മാർപ്പാപ്പായും തൻെറ മുറിയിൽ കിടന്നു സമാധാനത്തോടെ മരിച്ചു. റൊമാനൂസ് മാർപ്പാപ്പായും സാധാരണഗതിയിൽ തന്നെ മരണം പ്രാപിച്ചു. ജോൺ പതിന്നാലാമനെ, എതിർപാപ്പായായിരുന്ന ഏഴാം ബോനിഫസ് അറസ്റ്റുചെയ്തു തടവിലാക്കുകയും അവിടെക്കിടന്നു് അദ്ദേഹം മരിക്കുകയും ചെയ്തു. ബോനിഫസ് അദ്ദേഹത്തെ വധിക്കുകയായിരുന്നെന്നും, അതല്ലാ അദ്ദേഹം പട്ടിണിമൂലം മരിക്കുകയായിരുന്നെന്നും ഇതെപ്പററി രണ്ടുകഥകൾ പ്രചരിക്കുന്നുണ്ടു്. ബനഡിക്ട്മാർ 15 പേരുള്ളതുകൊണ്ടു ആരുടെ കാര്യമാണു് ഉദ്ദേശിക്കുന്നതെന്നു വ്യക്തമല്ല.

ചോദ്യം 5: "ജോൺ ഒൻപതു്, സെർജിയൂസ് മൂന്നു്, ലിയോ അഞ്ചു്, ക്രിസ്റ്റോഫർ ഇവരെല്ലാം ഏകകാലത്തു റോമാഭരണം നടത്തിയപ്പോൾ യഥാർത്ഥ പത്രോസു (പാപ്പാ) ഇവരിലാരു്?"

ജോൺ ഒൻപതാമൻ 898 മുതൽ 900 വരെയും, ബനഡിക്ട് നാലാമൻ 900 മുതൽ 903 വരെയും, ലിയോ അഞ്ചാമൻ 903-ൽ ഒരു മാസവും, ക്രിസ്റ്റോഫർ 903 മുതൽ 904 വരെയും, സെർജിയൂസ് മൂന്നാമൻ 904 മുതൽ 911 വരെയും തിരുസഭയെ ഭരിച്ചിരുന്ന മാർപ്പാപ്പാമാരാണ്. ഇവർ ഏകകാലത്തു ഭരണം നടത്തിയെന്നുള്ള പ്രശ്നമേ ഉദിക്കുന്നില്ല. തന്മൂലം യഥാർത്ഥ പത്രോസ് ആരെന്നുള്ള സംശയത്തിനു കാരണമില്ല.

റോമയിൽ അന്തഃഛിദ്രം മൂർദ്ധന്യത്തിലെത്തിയിരുന്ന ഒരു കാലത്താണ് ഇവർ ഭരണം നടത്തിയിരുന്നതു്. ജോൺ ഒൻപതാമൻ മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ എതിർകക്ഷികളിൽ ഒരു കൂട്ടർ സെർജിയൂസിനെ ബലമായി പേപ്പൽ സിംഹാസനത്തിൽ അവരോധിക്കുവാൻ ഒരു ശ്രമം നടത്തി. സ്പൊളെറോയിലെ പ്രഭു ജോണിനെ അനുകൂലിച്ചിരുന്നതിനാൽ സെർജിയൂസ് റോമയിൽനിന്നു പലായനം ചെയ്യേണ്ടിവന്നു. പക്ഷേ സെർജിയൂസ് തൻെറ തെററിനെപ്പററി പശ്ചാത്തപിക്കുകയും മാപ്പിരക്കുകയും ചെയ്തു. 904-ലെ കർദ്ദിനാൾസംഘം മുറപ്രകാരം സെർജിയൂസിനെത്തന്നെ മാർപ്പാപ്പായായി തിരഞ്ഞെടുത്തു. ചുരുക്കത്തിൽ ഏകകാലത്തിൽ ഒന്നിലധികംപേർ ഭരണം നടത്തിയിട്ടില്ലാത്തതിനാൽ യഥാർത്ഥപത്രോസിനെത്തിരഞ്ഞു ചോദ്യകർത്താവു ക്ലേശിക്കേണ്ടതായിട്ടില്ല.




ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത. കാലതാമസം വരുത്തിയതിനു ക്ഷമാപണം.

എൻ. എം. ലോനപ്പൻ
ആലുവാ

ചോദ്യം 6—"1445-ൽ സ്ഥാനാരോഹണം ചെയ്ത ആറാം അലക്സാണ്ടർ പാപ്പായ്ക്കു് അദ്ദേഹത്തിൻെറ ജഡാഭിലാഷംമൂലം ബാക്കിയുള്ള പാപ്പാമാരെക്കാൾ കൂടുതലായി ഉണ്ടായ ലൗകികസൗഭാഗ്യം എന്തു്?"

1492 ആഗസ്റ്റ് 11 മുതൽ 1503 ആഗസ്റ്റ് 18 വരെ തിരുസഭയെ ഭരിച്ചിരുന്ന മാർപ്പാപ്പായാണ് ആറാം അലക്സാണ്ടർ. അതിനാൽ 1445-ൽ സ്ഥാനാരോഹണം ചെയ്ത ഒരു ആറാം അലക്സാണ്ടർ പാപ്പാ ഉണ്ടാകുക സാദ്ധ്യമല്ലല്ലോ. 1445-ൽ തിരുസഭയെ ഭരിച്ചിരുന്നതു നാലാം യൂജിൻ (1431-1447) മാർപ്പാപ്പായാണ്. ആണ്ടു തെററിയെങ്കിലും ആറാം അലക്സാണ്ടർ പാപ്പായെയാണു ചോദ്യകർത്താവു് ഉദ്ദേശിക്കുന്നതെന്നു കരുതുന്നു. എന്തെന്നാൽ ജഡികാനന്ദങ്ങളിൽ മുഴുകിയിരുന്ന ഒരാളാണു് ആറാം അലക്സാണ്ടർ. ഉൽക്കർഷേച്ഛുവായിരുന്ന അദ്ദേഹം ചെറുപ്പത്തിൽതന്നെ റോമാസഭയുടെ വൈസ് ചാൻസലർ എന്ന ഉദ്യോഗം സ്വീകരിച്ചു. അതു് ഏററം തൃപ്തികരമായി നിർവ്വഹിക്കുകയും ചെയ്തു. 1492-ലെ കർദ്ദിനാൾ സംഘത്തിൽ മാർപ്പാപ്പായാകുന്നതിനു് ആവശ്യമായ മൂന്നിൽ രണ്ടുഭാഗം വോട്ടു് അദ്ദേഹത്തിനു് കിട്ടി. റോമൻ ജനത അദ്ദേഹത്തിൻെറ തിരഞ്ഞെടുപ്പു വളരെ ആഘോഷപൂർവ്വം കൊണ്ടാടി. അവർ ഘോഷയാത്രകൾ നടത്തുകയും പുഷ്പഹാരങ്ങൾ ചാർത്തുകയും വിജയകമാനങ്ങൾ നിർമ്മിക്കുകയും ചെയ്തു. ഇതിൽ നിന്നു് അദ്ദേഹത്തെപ്പററി ബഹുജനങ്ങൾക്കുണ്ടായിരുന്ന മതിപ്പു് ഊഹ്യമാണല്ലോ.

എന്നാൽ മാർപ്പാപ്പായാകുന്നതിൻമുൻപു് അദ്ദേഹത്തിൻെറ സ്വകാര്യജീവിതം അഭിനന്ദനീയമായിരുന്നില്ല. ഒരു റോമൻവനിതയുമായി അവിഹിതമായ സംസർഗ്ഗത്തിലേർപ്പെടുകയും അതിൽ അദ്ദേഹത്തിനു നാലു സന്താനങ്ങളുണ്ടാകുകയുംചെയ്തു. ഈ മക്കളോടു അദ്ദേഹത്തിനു പൈതൃകമായ സ്നേഹമുണ്ടായിരുന്നെങ്കിലും മാർപ്പാപ്പായായ ഉടനെ അവരെ അദ്ദേഹം ഓരോ കാരണങ്ങളാൽ സ്പെയിനിലേക്കയയ്ക്കുകയാണു ചെയ്തതു്. ചിലരെ വിവാഹബന്ധത്തിൽ, ചിലരെ സ്പെയിൻരാജാവിൻെറ കീഴിൽ ഉദ്യോഗത്തിൽ. പക്ഷേ അതിലെല്ലാം അദ്ദേഹത്തിൻെറ പ്ലാൻ പരാജയപ്പെടുകയും നൈരാശ്യംമാത്രം അനുഭവപ്പെടുകയുംചെയ്തു. വാസ്തവത്തിൽ ജഡികാഭിലാഷംമൂലം ആറാം അലക്സാണ്ടർ മാർപ്പാപ്പായ്ക്കുണ്ടായ അനുഭവം ലൗകികസൗഭാഗ്യമല്ലാ, കടുത്ത നിരാശയും മനോദുഃഖവുമായിരുന്നു.

ആറാം അലക്സാണ്ടർ പാപ്പാ ഒരു ജഡാഭിലാഷിയായിരുന്നുവെന്നതുകൊണ്ടു ചോദ്യകർത്താവു് എന്തു സാധിക്കുവാനാണു പോകുന്നതെന്നു വ്യക്തമല്ല. വ്യക്തിപരമായ പുണ്യസാംഗോപാംഗത്തെ ആശ്രയിച്ചല്ലല്ലോ പാപ്പാസ്ഥാനം സ്ഥിതിചെയ്യുന്നതു്. നിയമപ്രകാരം തിരിഞ്ഞെടുക്കപ്പെട്ടതുകൊണ്ടു അദ്ദേഹം പാപ്പായായി; പത്രോസിൻെറ സിംഹാസനത്തിൽ നിയമപ്രകാരം ആരോഹണം ചെയ്തതുകൊണ്ടു് പത്രോസിൻെറ അധികാരം പ്രയോഗിക്കുകയുംചെയ്തു. ക്രിസ്തു തിരഞ്ഞെടുത്ത 12 അപ്പസ്തോലന്മാരിൽ ഒരാളായ യൂദാസ് വഞ്ചകനായല്ലോ. എന്നിട്ടും യൂദാസിൻെറ അപ്പസ്തോലസ്ഥാനം നഷ്ടപ്പെടുത്തുവാൻ ക്രിസ്തു തയാറായില്ല. ആറാം അലക്സാണ്ടർ വ്യക്തിപരമായി ഒരു പുണ്യവാനായിരുന്നെങ്കിൽ നന്നായിരുന്നു; പക്ഷേ അദ്ദേഹം ഒരു പുണ്യവാനായിരുന്നില്ലായെന്നതുകൊണ്ടു് അദ്ദേഹത്തിൻെറ പാപ്പാസ്ഥാനത്തിനു യാതൊരു ന്യൂനതയും സംഭവിച്ചിട്ടില്ല.

ചോദ്യം 7. ബനഡിക്ട് ഒൻപതു്, ഇന്നൊസെൻറ് എട്ടു്, അലക്സാണ്ടർ ആറു്, ജൂലിയസ് രണ്ടു്, ബോനിഫസ് ഒൻപതു് (ഉദാഹരണമായി ഇത്രയും) ഇവർക്കു സാക്ഷാൽ കിട്ടേണ്ട ആത്മീയസ്ഥാനം കിട്ടിയതാണോ, അതോ പണസഹായത്താലാണോ സ്ഥാനം കിട്ടിയതു്?

മിശിഹാ സഭയുടെ തലവനായി പത്രോസിനെ നിയമിച്ചപ്പോൾ, അദ്ദേഹത്തിൻെറ പിൻഗാമികളെ തിരിഞ്ഞെടുക്കുവാൻ എന്തെങ്കിലും വ്യവസ്ഥ ചെയ്തതായി കാണുന്നില്ല. പത്രോസ് പരമാധികാരിയായിരുന്നതിനാൽ, തൻെറ പിൻഗാമിയെ തിരിഞ്ഞെടുക്കേണ്ടതെങ്ങനെയെന്നു നിശ്ചയിക്കുവാൻ അദ്ദേഹത്തിനു് അധികാരമുണ്ടു്. പത്രോസിൻെറ സ്ഥാനത്തു അധികാരത്തിൽ വരുന്ന ഏതൊരു പാപ്പായ്ക്കും ഈ തിരിഞ്ഞെടുപ്പുവ്യവസ്ഥകൾ കാലാകാലങ്ങളിൽ ഭേദപ്പെടുത്തുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നു; നിലവിലുള്ള വ്യവസ്ഥയനുസരിച്ചു് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടിരിക്കണമെന്നേയുള്ളൂ. മാർപ്പാപ്പായെ തിരിഞ്ഞെടുക്കുന്നതിനുള്ള വ്യവസ്ഥയിൽ, പണസഹായത്താൽ ആരും തിരിഞ്ഞെടുക്കപ്പെട്ടുകൂടായെന്നു നിഷ്കർഷിച്ചിട്ടില്ലെങ്കിൽ, ഒരാൾ പണസഹായത്താൽതന്നെ പാപ്പായായാലും അദ്ദേഹത്തിനു ആത്മീയസ്ഥാനം കിട്ടുകതന്നെചെയ്യും. ആകയാൽ നിലവിലുണ്ടായിരുന്ന നിയമപ്രകാരമാണോ ചോദ്യത്തിൽ പറയുന്ന മാർപ്പാപ്പാമാർ തിരിഞ്ഞെടുക്കപ്പെട്ടതെന്നു മാത്രമേ നോക്കേണ്ടതുള്ളൂ.

1032 മുതൽ 1045 വരെ തിരുസഭയെ ഭരിച്ചിരുന്ന മാർപ്പാപ്പായാണ് ബനഡിക്ട് ഒൻപതു്. അദ്ദേഹം അഭിനന്ദനീയനായ ഒരു വ്യക്തിയായിരുന്നില്ലായെന്നതു ശരിതന്നെ. കുത്തഴിഞ്ഞ ജീവിതംമൂലം ഒരു ഭാഗം ജനങ്ങൾ അദ്ദേഹത്തെ റോമയിൽനിന്നു ഓടിച്ചുവിടുകതന്നെചെയ്തു. ഒടുവിൽ പാപ്പാസ്ഥാനം രാജിവയ്ക്കുവാൻ അദ്ദേഹം നിർബന്ധിതനാകുകയുംചെയ്തു. ഇങ്ങനെയൊക്കെയാണെങ്കിലും നിയമപ്രകാരമാണ് അദ്ദേഹം തിരിഞ്ഞെടുക്കപ്പെട്ടതു്. അന്നത്തെ ചുററുപാടുകൾ നോക്കുമ്പോൾ അദ്ദേഹം തിരിഞ്ഞെടുക്കപ്പെടുന്നതിനു് ആർക്കും ഒരു പൈയും കൊടുക്കേണ്ടിയിരുന്നില്ലെന്നു കാണാം. അദ്ദേഹത്തിനുമുൻപു തിരുസഭാഭരണം നടത്തിയിരുന്ന മാർപ്പാപ്പാമാർ രണ്ടുപേരും അദ്ദേഹത്തിൻെറ മാതുലന്മാരായിരുന്നു. ചക്രവർത്തിപ്രിയ സുഹൃത്തും.

ഇന്നൊസെൻറ് എട്ടു് 1484 ആഗസ്റ്റ് 29 മുതൽ 1492 ജൂലൈ 25 വരെ സഭാഭരണം നടത്തി. ഇദ്ദേഹവും കർദ്ദിനാൾ സംഘത്തിൽവച്ചു മുറപ്രകാരമാണു് തിരിഞ്ഞെടുക്കപ്പെട്ടതു്. വോട്ടന്മാരായ കർദ്ദിനാളന്മാർക്കു നേരത്തെ അദ്ദേഹം എന്തെങ്കിലും കൈക്കൂലി കൊടുത്തിരുന്നതായി യാതൊരു തെളിവുമില്ല. ഇനി ആ കർദ്ദിനാളന്മാർ എന്തെങ്കിലും കൈക്കൂലി വാങ്ങിയിരുന്നെങ്കിൽ ദൈവതിരുമുൻപാകെ അവർ കുററക്കാരായി എന്നല്ലാതെ, അവർ നിയമപ്രകാരം നടത്തിയ തിരിഞ്ഞെടുപ്പു് അസാധുവാകുന്നതല്ല.

ആറാം അലക്സാണ്ടർ മാർപ്പാപ്പായെപ്പററി മുകളിൽ പറഞ്ഞുവല്ലോ. അദ്ദേഹം പണം കൊടുത്താണ് പാപ്പാസ്ഥാനം നേടിയതെന്നു പറയുന്ന ചില ചരിത്രകാരന്മാരില്ലാതില്ല. പക്ഷേ അദ്ദേഹം കർദ്ദിനാളന്മാർക്കു എന്തെങ്കിലും കൈക്കൂലികൊടുത്തതായി സൂചിപ്പിക്കുന്ന യാതൊരു സമകാലികരേഖയുമില്ല. പിൽക്കാലത്തു് ഇങ്ങനെയൊരു ആരോപണം ഉണ്ടാകുകയാണു ചെയ്തതു്.

ജൂലിയസ് രണ്ടാമൻ 1503 നവമ്പർ 28 മുതൽ 1813 ഫെബ്രുവരി 20 വരെ മാർപ്പാപ്പായായിരുന്നു. വളരെ പ്രാപ്തനും സ്വാധീനശക്തിയുള്ളവനും ഫ്രാൻസിലെ 8-ാം ചാറത്സ്രാജാവിൻെറ ആത്മസുഹൃത്തുമായിരുന്നു അദ്ദേഹം. 1503-ലെ കർദ്ദിനാൾസംഘം ഐകകണ്ഠ്യേനയാണ് അദ്ദേഹത്തെ തിരിഞ്ഞെടുത്തതു്. കർദ്ദിനാളന്മാർക്കു ചില വാഗ്ദാനങ്ങൾ നൽകിയും ചിലർക്കു കൈ

---

ത തിരിച്ചറിയുന്നതിനുള്ള പരിശോധനയിൽ വിജയം വരിക്കുവാൻ സന്മാർഗ്ഗനിയമങ്ങളും പ്രകൃതിനിയമങ്ങളുമാകുന്ന ഒരു പരിശോധനായന്ത്രം ആവശ്യമാണ്. ഇങ്ങിനെ ആഗ്രഹങ്ങളുടെ നന്മതിന്മയെ തിരിച്ചറിഞ്ഞുള്ള ആത്മനിയന്ത്രണം മൂലമാണ് മനുഷ്യനിലുള്ള മൃഗീയവാസനകളെ ഉന്മൂലനം ചെയ്യേണ്ടതു്. ഈ വിധത്തിൽ നല്ലതും ചീത്തയും തിരിച്ചറിഞ്ഞു ചീത്തയെ ഉപേക്ഷിക്കുന്നതുകൊണ്ടുമാത്രം ആരും വിജയിക്കുവാൻ പോകുന്നില്ല പ്രത്യുത, പ്രസ്തുത പ്രലോഭനങ്ങൾക്കെതിരായിട്ടുള്ള നല്ല നല്ല ആഗ്രഹങ്ങളെ പരിപോഷിപ്പിച്ചു പരിപുഷ്ടിപ്പെടുത്തിക്കൊണ്ടിരിക്കുകതന്നെ വേണം. ഇങ്ങിനെ ശുദ്ധവും നിർദ്ദോഷകരങ്ങളുമായ ആഗ്രഹങ്ങളുടെ അതിതീക്ഷ്ണമായ പ്രവർത്തനമാണു്, നമ്മുടെ മുൻഗാമികളിൽ അസംഖ്യം പേരെ ഐഹികവും പാരത്രികവുമായ ഉന്നതസ്ഥാനങ്ങളിൽ എത്തിച്ചിട്ടുള്ളതു്. ആഗ്രഹങ്ങളുടെ ശക്തിയെ ആശ്രയിച്ചാണ് വിജയത്തിനുള്ള മാർഗ്ഗം സുഗമമാകുന്നതും പ്രവർത്തനം ത്വരിതപ്പെടുന്നതും അഭിനന്ദനാർഹമായ വിജയലബ്ധി കരഗതമാകുന്നതുമെന്നുള്ള സംഗതി തർക്കരഹിതമായ ഒരു പരമാർത്ഥമാണ്. ഈ തത്വം ഒരു മൂലപ്രമാണമായി സ്വീകരിച്ചിരുന്നതുകൊണ്ടാണ് 10-ാം പീയൂസ് മാർപ്പാപ്പാ തിരുമേനിയുടെ വാത്സല്യസഹോദരി താൻ ഒരു പുണ്യവതി ആകുന്നതിനു എന്തു ചെയ്യണമെന്നു എഴുത്തുമൂലം പല പ്രാവശ്യം ആവശ്യപ്പെട്ടപ്പോഴും തിരുമേനി ആഗ്രഹിക്കുക, ആഗ്രഹിക്കുക എന്നുള്ള മറുപടി നൽകിയിട്ടുള്ളതെന്നു സ്പഷ്ടമാണ്.

ആന്തരികവും ബാഹ്യവുമായ സമാധാനവും സംതൃപ്തിയും അഭിലഷിക്കുന്നവർ ആദ്യമായി സ്വയപരിശോധനനടത്തി ദുരാഗ്രഹങ്ങളെ നിയന്ത്രണാധീനമാക്കുകയും സംശുദ്ധമായ ആഗ്രഹങ്ങൾക്കു പ്രാധാന്യം നൽകി അതിനെ വളർത്തി പരിപാലിക്കുകയുമാണ് വേണ്ടതു്. അതിനാൽ ഏതു് കാര്യത്തിലും പ്രവർത്തനം ആരംഭിക്കുന്നതിനു മുമ്പേ പരിശുദ്ധമായ ആഗ്രഹത്തിനു പ്രഥമസ്ഥാനം നൽകി അതിനെ അഭംഗുരം പരിരക്ഷിക്കുകയാണ് പ്രവർത്തനത്തിൽ വിജയം വരിക്കണമെന്നാഗ്രഹിക്കുന്നവർ പ്രഥമവും പ്രധാനവുമായി ചെയ്യേണ്ടതു്.



# അദ്ധ്യാപകനിയമനലിസ്ററ്

## വിദ്യാഭ്യാസരംഗത്ത് കുഴപ്പമുണ്ടാക്കും പ്രൈവററ് ഏജൻസികളെ ശിഥിലമാക്കും

(ഒരു വിദ്യാഭ്യാസപ്രവർത്തകൻ)

രാജ്യത്തെ വിദ്യാഭ്യാസപ്രവർത്തനങ്ങളുടേയും നിലവിലിരിക്കുന്ന പ്രൈവററ്സ്കൂൾ പദ്ധതികളുടേയും ചരിത്രം വിദ്യാഭ്യാസമന്ത്രി ശ്രീ ജോസഫ് മുണ്ടശ്ശേരിക്കു ശരിയായി അറിയാവുന്നതാണ്. പ്രൈവററ്വിദ്യാലയങ്ങൾ—കോളെജുകൾ, ഹൈസ്കൂളുകൾ, മിഡിൽസ്കൂളുകൾ, പ്രൈമറിസ്കൂളുകൾ—ഇന്നും രാജ്യത്തിലെ വിദ്യാഭ്യാസപ്രചരണത്തിനുള്ള പ്രധാനോപാധികളാണ്. അതായതു് രാജ്യത്തിലുള്ള വിവിധവകുപ്പുകളിൽപ്പെടുന്ന വിദ്യാലയങ്ങളിൽ മഹാഭൂരിപക്ഷവും പ്രൈവററുടമകളുടെ വകയാകുന്നു. ഇതുസംബന്ധിച്ചുള്ള വിശദമായ കണക്കുകൾ പിന്നാലെ പ്രസിദ്ധപ്പെടുത്താം. പ്രൈവററ്ഏജൻസികൾ മുഖാന്തിരമുള്ള വിദ്യാഭ്യാസപ്രചരണത്തിനു പ്രതിബന്ധമുണ്ടാക്കുവാൻ ഉദ്ദേശമില്ലെന്നു് ഏതാണ്ടു് ഒരു ഔദാര്യപ്രകടനമെന്ന നിലയിൽ മന്ത്രി പ്രസ്താവിക്കുകയുണ്ടായി. പ്രൈവററ് ഏജൻസികൾ കൂടാതെ കേരളത്തിലെ വൻപിച്ചതും ഇനിയും വർദ്ധിച്ചുകൊണ്ടിരിക്കുന്നതുമായ വിദ്യാഭ്യാസാവശ്യങ്ങൾ സാധിക്കുകയില്ലെന്നു് വിദ്യാഭ്യാസമന്ത്രി അന്തസ്സോടെ ഏററുപറയുകയാണു വേണ്ടതു്. അദ്ദേഹം അതേററുപറഞ്ഞില്ലെങ്കിലും ഈ രാജ്യത്തിലെ ജനങ്ങൾക്കറിയാം, പ്രൈവററ് ഏജൻസികളുടെ വിപുലമായ പ്രവർത്തനവും സഹകരണവുംകൊണ്ടേ ഇവിടെ വിദ്യാഭ്യാസപ്രചരണം നടക്കുവാൻ പോകുന്നുള്ളുവെന്നു്.

വർദ്ധിച്ചുവരുന്ന വിദ്യാഭ്യാസാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും വിദ്യാഭ്യാസത്തിൻെറ കാര്യക്ഷമതയ്ക്കും ഏററവും കൂടുതലായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രൈവററ്ഏജൻസികളെ അങ്ങനെയിങ്ങനെ ഇനിയും ശക്തിഹീനമാക്കുകയോ ശിഥിലമാക്കുകയോ ചെയ്യുന്നപക്ഷം അതു പുതിയ ഗവമ്മെൻറു ചെയ്യുന്ന ഏററവും വലിയ രാജ്യദ്രോഹവും വിദ്യാഭ്യാസവിഷയത്തിൽ ജനങ്ങൾക്കു ഭരണഘടനാനിയമം അനുവദിക്കുന്ന അവകാശത്തിൻെറ ലംഘനവുമാണെന്നുള്ളതിനു സംശയമില്ല.

### അദ്ധ്യാപകനിയമന ലിസ്റ്റ്

പ്രൈവററ് ഏജൻസികളെ കുഴപ്പത്തിലാക്കുവാൻ വിദ്യാഭ്യാസമന്ത്രി ശ്രീ ജോസഫ് മുണ്ടശ്ശേരി ഉണ്ടാക്കുന്ന കെണികളിൽ മുഖ്യമായതു പ്രൈവററ്സ്കൂളുകളിലെ അദ്ധ്യാപകനിയമനത്തിനു ഒരു ലിസ്റ്റ് തയ്യാറാക്കുകയെന്നതാണെന്നു റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. ഇങ്ങനെയൊരു ലിസ്റ്റുണ്ടാക്കേണ്ട യാതൊരാവശ്യവുമില്ല. പ്രൈവററുസ്കൂളുകൾ നിലനില്ക്കുവാൻ അനുവദിക്കുന്നുണ്ടെങ്കിൽ അദ്ധ്യാപകരെ തെരഞ്ഞെടുക്കുവാനും നിയമിക്കുവാനുമുള്ള അധികാരവും സ്വാതന്ത്ര്യവും മാനേജുമെൻറിനുള്ളതായിരിക്കണം. ആ അധികാരത്തേയും സ്വാതന്ത്ര്യത്തേയും ഉപേക്ഷിച്ചുകൊണ്ടു് വിദ്യാലയങ്ങൾ നടത്തുവാൻ ഒരു മാനേജുമെൻറും സമ്മതിച്ചുകൂടാത്തതും ആകുന്നു. പ്രൈവററ്ഏജൻസികളുടെ ഈ അവകാശത്തിൽ കൈവയ്ക്കുവാൻ പ്രൈവററ് ഏജൻസികളുടെ പ്രവർത്തനത്തിനിടംനൽകുന്ന ഗവമ്മെൻറ് ഉദ്യമിച്ചുകൂടാ. എന്തുകൊണ്ടെന്നാൽ പ്രൈവററ്ഏജൻസികളുടെ പ്രവർത്തനത്തിൻെറ അടിസ്ഥാനതത്വംതന്നെ അദ്ധ്യാപകനിയമനസ്വാതന്ത്ര്യം പ്രൈവററ് ഏജൻസികൾക്കു നൽകുകയെന്നതാണ്.

ഈ വിഷയത്തിൽ ഗവമ്മെൻറിനുണ്ടായിരിക്കാവുന്ന നിയന്ത്രണാധികാരം, യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കുവാൻ നിർബന്ധംവയ്ക്കുകയെന്നതു മാത്രമാണ്. ആ നിർബന്ധം ഇപ്പോഴുണ്ടു്. ഓരോ ഗ്രേഡിലും നിയമിക്കപ്പെടുന്ന അദ്ധ്യാപകരുടെ യോഗ്യതകൾ ഇന്നതെല്ലാമായിരിക്കണമെന്നു് നിയമമുണ്ടു്. ഈ യോഗ്യതകൾ ഉള്ളവരെമാത്രമേ മാനേജരന്മാർ നിയമിക്കുന്നുള്ളു. യോഗ്യതയുള്ളവർ ധാരാളമുണ്ടുതാനും. വ്യവസ്ഥയിൽനിന്നു അല്പമെങ്കിലും വ്യതിചലിച്ചു് മാനേജരന്മാർ നിയമനം നടത്തിയാൽ അങ്ങനെ നിയമിക്കപ്പെടുന്നവർക്കു ശമ്പളം ലഭിക്കുകയില്ല. ശമ്പളം നൽകാതിരിക്കുന്നതിനു പുറമെ മററു പല തരത്തിലും ഡിപ്പാർട്ടുമെൻറിനു സ്കൂളിൻേറയും മാനേജരുടേയും പ്രവർത്തനത്തിൽ ഇടപെടാവുന്നതാണു്. ചുരുക്കിപ്പറഞ്ഞാൽ പ്രൈവററ്സ്കൂളുകളിലെ അദ്ധ്യാപകനിയമനത്തിനുവേണ്ടി ഗവമ്മെൻറ് ഒരു ലിസ്റ്റുണ്ടാക്കേണ്ട ആവശ്യം അശേഷമില്ല.

ഒരുകാലത്തു രാജ്യത്തിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിൻവേണ്ടി വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനു ഗവമ്മെൻറുകൾക്കു കഴിവും താല്പര്യവും ഇല്ലാതിരുന്നപ്പോൾ പ്രവർത്തനരംഗത്തു് ത്യാഗവും സേവനവും മുൻനിറുത്തിവന്നു പ്രൈവററ് ഏജൻസികൾ. ഇന്നു എല്ലാ ജനവിഭാഗങ്ങളും പ്രൈവററ്വിദ്യാലയങ്ങൾ സ്ഥാപിച്ചു് പ്രവർത്തനം നടത്തുന്നുണ്ടു്.

വിദ്യാഭ്യാസസ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന വിഷയത്തിൽ ഗവമ്മെൻറുകളും വളരെയേറെ മുന്നോട്ടുവന്നിട്ടുണ്ടെങ്കിലും എല്ലായിടത്തും പ്രൈവററ്ഏജൻസികളുടെ പ്രവർത്തനം ഒഴിച്ചുകൂടാത്ത ആവശ്യമാണെന്നു് ഗവമ്മെൻറിനും ജനങ്ങൾക്കും ബോദ്ധ്യമാണ്. ഇൻഡ്യൻ ഭരണഘടനാനിയമം സജ്ജമാക്കിയപ്പോൾ ഈ വിഷയം നിയമജ്ഞന്മാരുടേയും രാജ്യതന്ത്രജ്ഞന്മാരുടേയും പ്രധാനചിന്താവിഷയമായിരുന്നു. വിദ്യാഭ്യാസപ്രചാരത്തിൻെറ ആവശ്യത്തേയും ജനങ്ങളുടെ പ്രാഥമികാവശ്യത്തേയും ആദരിച്ചു് പ്രൈവററ് ഏജൻസികൾക്കു വിദ്യാലയങ്ങൾ സ്ഥാപിക്കുവാനും പ്രവർത്തനം നടത്തുവാനുമുള്ള സ്വാതന്ത്ര്യം ഭരണഘടനയിൽതന്നെ വ്യവസ്ഥ ചെയ്തു. ഈ സ്വാതന്ത്ര്യത്തേയും അവകാശത്തേയും മാനിക്കുവാൻ ഗവമ്മെൻറിനു്—കോൺഗ്രസ്സ് ഗവമ്മെൻറായാലും കമ്മ്യൂണിസ്റ്റ് ഗവമ്മെൻറായാലും—ബാദ്ധ്യതയുണ്ടു്. ഇക്കാര്യത്തിൽ കേരളത്തിലെ ഗവമ്മെൻറിനും വിദ്യാഭ്യാസപ്രവർത്തകർക്കും അശേഷം സംശയത്തിനവകാശമില്ല. എന്തുകൊണ്ടെന്നാൽ ഈ പ്രശ്നം ഒരിക്കൽ നമ്മുടെ സംസ്ഥാനത്തു തീവ്രമായ വാദപ്രതിവാദത്തിനും കേന്ദ്രഗവമ്മെൻറിൻെറ ഇടപെടലിനും വിഷയമായിട്ടുള്ളതും അവസാനമായി തീരുമാനം ചെയ്യപ്പെട്ടിട്ടുള്ളതുമാകുന്നു. ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ വിദ്യാഭ്യാസമന്ത്രി ആയിരിക്കുമ്പോഴാണല്ലോ നിലവിലിരിക്കുന്ന പ്രൈവററ് സെക്കണ്ടറിസ്കൂൾ പദ്ധതിക്കു പ്രാരംഭരൂപം നൽകിയതു്. അന്നു് അദ്ദേഹവും പ്രൈവററ്സ്കൂളുകളിലെ അദ്ധ്യാപകനിയമനത്തിനു് ലിസ്റ്റ് തയ്യാറാക്കുന്ന കാര്യം ഉന്നയിച്ചു. പ്രൈവററ്ഏജൻസികൾ ആ നിർദ്ദേശത്തെ എതിർക്കുകയും പ്രക്ഷോഭണം ഉണ്ടാക്കുകയും ചെയ്തു. ഇൻഡ്യയിലെ പ്രമുഖവിദ്യാഭ്യാസപ്രവർത്തകരുടേയും കേന്ദ്രഗവമ്മെൻറിൻേറയും പരിചിന്തനത്തിനു ഈ പ്രശ്നം വിഷയമായി. പ്രൈവററ്ഏജൻസികൾക്കു വിദ്യാലയങ്ങൾ സ്ഥാപിക്കുവാനും പ്രവർത്തനം നടത്തുവാനും സ്വാതന്ത്ര്യവും അവകാശവുമുണ്ടെങ്കിൽ അതിനോടു് അടിസ്ഥാനപരമായിത്തന്നെ ബന്ധപ്പെട്ടതും അവിഭാജ്യവുമാണ് അദ്ധ്യാപകരെ തിരിഞ്ഞെടുത്തു നിയമിക്കുകയെന്നതെന്നു സംശയരഹിതമായി തീരുമാനമുണ്ടായി. അദ്ധ്യാപകരുടെ യോഗ്യതകൾ സംബന്ധിച്ചു് ഗവമ്മെൻറു നിർദ്ദേശിക്കുന്ന സാമാന്യവ്യവസ്ഥകൾ എല്ലാവരും സ്വീകരിക്കുകയെന്നതല്ലാതെ അതിലപ്പുറം പ്രൈവററ്ഏജൻസികളുടെ നിയമനസ്വാതന്ത്ര്യത്തിൽ ഗവമ്മെൻറ് കൈകടത്തേണ്ടതില്ലെന്നുള്ളതാണു ആ തീരുമാനം. ആ തീരുമാനത്തിൻെറ അടിസ്ഥാനത്തിലാണു് പ്രൈവററ്സെക്കണ്ടറിസ്കൂൾപദ്ധതി ഇന്നു നിലവിലിരിക്കുന്നതു്. ഗവമ്മെൻറും പ്രൈവററ്ഏജൻസികളും തമ്മിലുള്ള അലംഘനീയമായ ഒരുടമ്പടിയുടെ സ്വഭാവം തന്നെ ഈ പദ്ധതിക്കുണ്ടു്. അതിനു വിപരീതമായി പ്രവർത്തിക്കുവാൻ ഗവമ്മെൻറിനു അവകാശമില്ല. ഭരണഘടനാനിയമത്തേയും ഉടമ്പടിപ്രകാരമുള്ള ബാദ്ധ്യതകളേയും പരസ്പരധാരണകളേയും മാനിക്കുന്നതിൽനിന്നു കമ്മ്യൂണിസ്റ്റ്ഗവമ്മെൻറിനു ഒഴിവു ലഭിക്കുന്നതല്ലല്ലോ.

കമ്മ്യൂണിസ്റ്റ്ഗവമ്മെൻറിൻെറ വിദ്യാഭ്യാസമന്ത്രി അദ്ധ്യാപകനിയമനത്തിനു ലിസ്റ്റു വേണമെന്നു നിർബന്ധം പിടിച്ചാൽ—നിയമസഭയിലെ ഭൂരിപക്ഷത്തെ ആശ്രയിച്ചു് അങ്ങനെയൊരു നിയമം പാസ്സാക്കിയാൽ—അതിൻെറ ഫലം വിദ്യാഭ്യാസരംഗത്തു പൊതുവിൽ കുഴപ്പവും പ്രൈവററ്ഏജൻസികളുടെ ശിഥിലീകരണവും ആയിരിക്കും. അദ്ധ്യാപകനിയമനത്തിനുള്ള സ്വാതന്ത്ര്യംപോലുമില്ലാതെ വിദ്യാലയങ്ങൾ സ്ഥാപിക്കുവാനോ നടത്തുവാനോ അഭിമാനവും ആദർശനിഷ്ഠയുമുള്ള വ്യക്തികളോ സ്ഥാപനങ്ങളോ മുന്നോട്ടുവരുന്നതല്ലായെന്നു് ശ്രീ മുണ്ടശ്ശേരി മനസ്സിലാക്കേണ്ടതാണ്. ലിസ്റ്റ് നോക്കുന്നതു ഭരണഘടനാനിയമം അനുവദിക്കുന്ന സ്വാതന്ത്ര്യത്തിനും തിരുകൊച്ചിയിൽ ഒരിക്കൽ ചെയ്തുകഴിഞ്ഞിട്ടുള്ള തീരുമാനത്തിനും അതനുസരിച്ചു നടപ്പിലിരിക്കുന്ന വ്യവസ്ഥകൾക്കും കടകവിരുദ്ധമാണ്.

അടുത്തുതന്നെ സ്കൂൾമാനേജരന്മാരേയും മററും ഉൾപ്പെടുത്തി ഒരു യോഗംകൂടി ബില്ലിൻെറ രൂപത്തെപ്പററി ആലോചിക്കുവാൻ വിദ്യാഭ്യാസമന്ത്രി ഉദ്ദേശിച്ചിരിക്കുന്നതായി നിയമസഭയിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഓരോ സ്ഥലത്തേയും വിദ്യാലയങ്ങളുടെ മാനേജരന്മാർ സ്കൂൾഉടമസ്ഥരായ ജനവിഭാഗങ്ങളുടെ പ്രതിനിധികളായ ട്രസ്റ്റികളാണു്. അവർക്കു ട്രസ്റ്റികളെന്ന നിലയിലുള്ള അധികാരങ്ങളേയും അവകാശങ്ങളേയും യഥേഷ്ടം വച്ചൊഴിയാൻ അധികാരമില്ലെന്നുള്ള വസ്തുത മാനേജരന്മാർ മനസ്സിലാക്കിക്കൊണ്ടേ ആലോചനകൾ നടത്തുകയുള്ളുവെന്നു വിശ്വസിക്കുന്നു.

കൈക്കൂലി കൊടുക്കുന്നതിനു നിവൃത്തിയുണ്ടായിരുന്നില്ല. അദ്ദേഹത്തിൻെറ രാഷ്ട്രീയസുകൃതങ്ങളും ജീവിതവിശുദ്ധിയും ആത്മീയമഹത്വവും സമകാലികന്മാരുടെതന്നെ അഭിനന്ദനത്തിനു പാത്രീഭൂതമായിട്ടുള്ളതാണ്. അദ്ദേഹത്തിൻെറ യോഗ്യതകൾകണ്ടുമാത്രമായിരിക്കണം കർദ്ദിനാൾസംഘം അദ്ദേഹത്തെ മുറപ്രകാരം പാപ്പായായി തിരഞ്ഞെടുത്തതു്. (തുടരും)

---

(1-ാം പേജ് തുടർച്ച)

ള്ളതു്. ഈ സാധർമ്മ്യത്തിൽനിന്നാണ് അതിനു ഈ നാമം സിദ്ധിച്ചിട്ടുള്ളതും. സ്പെയിനിലെ ബാലികാബാലന്മാർ മേയ്മാസത്തിൽ എപ്പോഴെല്ലാം ഈ പക്ഷിയുടെ കരച്ചിൽ കേൾക്കുന്നുവോ അപ്പോഴെല്ലാം മുട്ടുകുത്തി കർത്താവിൻെറ മാലാഖാ ചൊല്ലി മറിയത്തിൻെറ ദൈവമാതൃത്വത്തെ പ്രകീർത്തിച്ചു് സംതൃപ്തിനേടുന്നു.

നാം എപ്രകാരമാണ് മേയ് മാസത്തെ ആചരിക്കുന്നതു് എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ശുദ്ധശരീരത്തോടും ശുദ്ധാത്മാവോടും ശുദ്ധഹൃദയത്തോടും ശുദ്ധാധരങ്ങളോടുംകൂടി നമുക്കു സുകൃതസൂനുക്കൾ ശേഖരിച്ചു് കന്യകകളിൽ കന്യകയും രാജ്ഞികളിൽ രാജ്ഞിയുമായിരിക്കുന്ന പരിശുദ്ധ കന്യകാമറിയത്തിൻെറ പാദപത്മങ്ങളിൽ സമർപ്പിക്കാം.


## കുട്ടികളുടെ വേദോപദേശം

പ്രസാധകൻ: ഫാദർ ജി. എഫ്. മൂഞ്ഞേലി.

ക്രൗൺ പേജ്: 126. ചിത്രങ്ങൾ: 54. വില: 4ണ.

ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ തിരുമേനിയുടെ

### അഭിപ്രായം

കത്തോലിക്കാ മതതത്വങ്ങളെപ്പററി ഹൃദ്യമായ രീതിയിലും ലളിതമായ ഭാഷയിലും പ്രതിപാദിക്കുന്ന ഒരു വിശിഷ്ട ഗ്രന്ഥമാണ് റവ. ഫാദർ ജി. എഫ്. മൂഞ്ഞേലി പ്രസാധനം ചെയ്തിട്ടുള്ള "കുട്ടികളുടെ വേദോപദേശം." വിശ്വാസസത്യങ്ങളെ വിശദീകരിക്കുന്നതിനുവേണ്ടി ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന ചിത്രങ്ങൾ കുട്ടികളുടെ ശ്രദ്ധയെ ആകർഷിക്കുന്നതിനു പര്യാപ്തങ്ങളാണ്. ഗഹനങ്ങളായ സത്യങ്ങൾ കുട്ടികൾക്കു മനസ്സിലാക്കിക്കൊടുക്കുവാൻ ഈ ചിത്രങ്ങൾ സഹായകങ്ങളുമാണ്. വളരെ പ്രയോജനപ്രദമായ ഈ ചെറുഗ്രന്ഥത്തിനു് നല്ല പ്രചാരമുണ്ടാകട്ടെ എന്നു് ഹൃദയപൂർവ്വം ആശംസിക്കുന്നു.


എന്നു്,

✠ Mathew Kavukatt, Archbishop of Changanacherry

ആവശ്യപ്പെടുക:—

നീതിമാൻ പ്രസ്സ്, മൂഞ്ഞേലി (Via Trichur)


## വിനോദവേദി



"ഹേയ്! ഞാൻ വരുന്നില്ല. എനിക്കേ ആ തീപ്പെട്ടിക്കൊമ്പൊരെണ്ണം വേണം, അത്രേയുള്ളു."

x x x

ഒരു യുവാവു് ഒരിക്കൽ സോക്രട്ടീസിൻെറ അടുത്തുവന്നു ഒരുപദേശം ചോദിച്ചു: "ഞാൻ വിവാഹം ചെയ്യുന്നതു നന്നായിരിക്കുമോ?

സോക്രട്ടീസ്:- "തീർച്ചയായും അതു നല്ലൊരു കാര്യമാണ്. നിങ്ങൾ വിവാഹം ചെയ്യുന്ന സ്ത്രീ നല്ലവളാണെങ്കിൽ നിങ്ങളുടെ ജീവിതം ആനന്ദപ്രദമായിരിക്കും. അവൾ അങ്ങിനെയല്ലെങ്കിൽ നിങ്ങൾക്കു ഒരു ചിന്തകനാകാൻ അതു വഴിതെളിക്കും.

x x x

"എവിഡൻസ് ഗിൽഡി"ൽ ഒരു ദിവസം കുമ്പസ്സാരത്തെപ്പററി വാദപ്രതിവാദം നടന്നുകൊണ്ടിരുന്നു. ഒരു പ്രോട്ടസ്റ്റൻറു യുവതി ഒരു കുയുക്തിയായി പറഞ്ഞു:- "നിങ്ങളുടെ കുമ്പസാരക്കാർ യുവാക്കന്മാരോടു എൻെറ സ്നേഹം സമ്പാദിക്കുവാൻ ഉപദേശിക്കുന്നതുപോലെ തോന്നുന്നല്ലോ അവരിൽ പലരുടേയും പ്രവൃത്തി കാണുമ്പോൾ."

മറുപടി:- "ഭവതി, അങ്ങിനെ സംഭവിക്കുകയില്ല. കാരണം അത്രകഠിനമായ പ്രായശ്ചിത്തങ്ങൾ ഇക്കാലത്തു നൽകപ്പെടാറില്ല!"




# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 MAY 8 || No. 37.


# നമ്മുടെ വിദ്യാഭ്യാസപ്രശ്നം

I

### ഇന്നത്തെ നില

ഇന്ത്യയുടെ പൊതുവെ വിദ്യാഭ്യാസനില വളരെ പിന്നോക്കമാണ്. ഇന്ത്യക്കു സ്വാതന്ത്ര്യം കൈവന്നതിനുശേഷം സാക്ഷരത്വം വർദ്ധിപ്പിക്കുന്നതിനു രാജ്യത്താകെ ഭഗീരഥശ്രമങ്ങൾ നടത്തപ്പെട്ടു. ഇന്നും രാജ്യം പ്രസ്തുത അവശതാപരിഹാരപ്രവർത്തനങ്ങളുടെ വളരെ താണപടികൾ മാത്രമേ തരണം ചെയ്തിട്ടുള്ളു. താരതമ്യേന ഇന്ത്യൻ സ്റ്റേറ്റുകളിൽ സമുന്നതമായ ഒരു സാക്ഷരത്വനിലവാരത്തിൽ എത്തിച്ചേർന്നിട്ടുള്ള ഒരു രാജ്യമാണ് കേരളം. കേരളത്തിന്റെ അഭിമാനാവഹമായ ഈ നിലപാടിനു ഹേതുഭൂതർ പ്രധാനമായും ഇവിടത്തെ വിദ്യാഭ്യാസസംരംഭങ്ങളിൽ മഹാത്യാഗങ്ങൾ സഹിച്ചു രാജ്യത്തേയും ജനങ്ങളേയും സേവിച്ചിട്ടുള്ള പ്രൈവററു ഏജൻസികളും അവരിൽ പ്രത്യേകിച്ചും ക്രിസ്ത്യാനികളുമാണെന്നു പരക്കേ ബോദ്ധ്യമായിട്ടുള്ള വസ്തുതയാണ്. പ്രാരംഭഘട്ടങ്ങളിൽ പ്രൈവററ് ഏജൻസികളുടെ പ്രവർത്തനങ്ങളെ ഗവർമ്മേണ്ടുകൾ ഉദാരമായി സഹായിക്കുകയും ആത്മാർത്ഥമായി പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ കാലാന്തരത്തിൽ സ്വാർത്ഥജഡിലമായ ചില ഉദ്ദേശ്യങ്ങൾ വിദ്യാഭ്യാസരംഗംമൂലം സാധിക്കണമെന്നുള്ള ലക്ഷ്യത്തിൽ ഗവർമ്മേണ്ടുകളും ഭരണകർത്താക്കളും അനാശാസ്യമായ നിയന്ത്രണങ്ങൾകൊണ്ട് പ്രൈവററ് ഏജൻസികളെ വീർപ്പുമുട്ടിക്കുന്നതിനുതുടങ്ങി. അതിന്റെ പ്രകടമായ ഒരു അരങ്ങേററമായിരുന്നു തിരുവിതാംകൂറിൽ സർ സി. പി. ദിവാനായിരുന്ന കാലത്തു നടമാടിയതു്. സർ സി. പി. യുടെ കാലം കഴിഞ്ഞപ്പോൾ ഭരണമണ്ഡലത്തിൽ വലിയ പരിവർത്തനങ്ങളുണ്ടായി. ഇന്ത്യയിൽ രാജഭരണം അവസാനിപ്പിച്ചു ജനങ്ങളുടെ ഉത്തരവാദിത്വഭരണസമ്പ്രദായം നടപ്പായി. പാർട്ടിരാഷ്ട്രീയം ഉടലെടുത്തു. സി. പി. യുടെ കാലത്തു അസ്വസ്ഥമായ വിദ്യാഭ്യാസാന്തരീക്ഷം ഇനിയും പ്രശാന്തമായിരുന്നില്ല. മാത്രമല്ല ഭരണസാരഥ്യം കൈയേററ ചില മന്ത്രിമാരുടെ അപക്വവും സ്വേച്ഛാപ്രമത്തവുമായ ദേശീകരണവ്യഗ്രതകൾ അവിടെ വീണ്ടും കോളിളക്കങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. ഇങ്ങനെ വിദ്യാഭ്യാസരംഗത്തിൽ തിരുവിതാംകൂറും, പിന്നീട് തിരുകൊച്ചിയും, ഇപ്പോൾ കേരളവും അവ്യവസ്ഥിതവും അസ്വസ്ഥവുമായ ഒരന്തരീക്ഷത്തിലാണ് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നതു്.

ഈ പരിതസ്ഥിതികളിലാണ് ഇപ്പോഴത്തെ ഭരണകക്ഷിയായി കമ്മ്യൂണിസ്റ്റ് പാർട്ടി അരങ്ങേറുന്നതു്. കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിലെ ഭരണകക്ഷിയായി തിരിഞ്ഞെടുക്കപ്പെട്ട സാഹചര്യങ്ങൾ എന്തൊക്കെ ആയിരുന്നാലും അതു ഇന്ത്യക്കു പൊതുവേയും കേരളത്തിനു പ്രത്യേകിച്ചും ഒരു [illegible]റമ്മട്ടിയായിത്തീർന്നിട്ടുണ്ട് എന്നുള്ളതു് പച്ചപ്പരമാർത്ഥമാണ്. ഭാരതീയർ ഒന്നടങ്കം ആഗ്രഹിക്കുകയും, പൂജിക്കുകയും ചെയ്യുന്ന പ്രജാധിപത്യാദർശങ്ങൾ "ജനകീയ ജനാധിപത്യം" എന്ന വെറും ലേബലിൽ സ്വേച്ഛാഭരണം നടത്തുന്ന കമ്മ്യൂണിസ്റ്റ് നേതൃത്വത്തിൽ സഫലമാവുകയില്ല എന്നതു അല്പം ചിന്തിച്ചാൽ ആർക്കും മനസ്സിലാക്കാവുന്നതാണ്. ജനാധിപത്യാദർശത്തിൽ ക്രോഡീകരിക്കപ്പെട്ടിട്ടുള്ള ഒരു ഭരണഘടനയുടെ ചട്ടക്കൂട്ടിൽനിന്നു ഭരണം നടത്തുന്നതിൽ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിഗവർമ്മേണ്ടിനു അനുഭവപ്പെടുന്ന വീർപ്പുമുട്ടലിന്റെ രഹസ്യം ഇതാണ്. "ഞങ്ങൾ തികച്ചും ഇഷ്ടപ്പെടാത്ത ഒട്ടനവധി നിയമങ്ങളും നടപടിക്രമങ്ങളും ചട്ടങ്ങളും മററുമടങ്ങുന്ന ഒരു ഭരണവ്യവസ്ഥയുടെ ചട്ടക്കൂട്ടിനകത്തുനിന്നുകൊണ്ടുവേണം ഞങ്ങൾ പ്രവർത്തിക്കുവാൻ" എന്നാണല്ലോ ഭരണം ഏറെറടുത്ത അന്നു വൈകിട്ട് പ്രധാനമന്ത്രി ചെയ്ത നയപ്രഖ്യാപനപ്രക്ഷേപിണിപ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നതു്. കടകവിരുദ്ധങ്ങളായ രണ്ടാദർശങ്ങളുടെ നടുവിൽക്കൂടിയുള്ള ഈ തോണിയാത്ര എവിടെച്ചെന്നവസാനിക്കുമെന്നു ആരുകണ്ടു! ഏതായാലും ആ യാത്ര അസ്വസ്ഥമാകുന്ന അനുഭവങ്ങളെപ്പററി അത്ഭുതപ്പെട്ടിട്ടാവശ്യമില്ല.

### അസ്വസ്ഥതകൾ നിഴലിക്കുന്നു

കമ്മ്യൂണിസ്റ്റ് പാർട്ടിഭരണത്തിൽ ആദ്യമായി അനുഭവപ്പെടാൻ പോകുന്നതു് വിദ്യാഭ്യാസരംഗത്തെ കോളിളക്കമാണെന്നു പരിതസ്ഥിതികളിൽനിന്നൂഹിക്കേണ്ടിയിരിക്കുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭരണത്തിൽ അങ്ങിനെയൊരു പ്രതിസന്ധിഘട്ടം ഉളവാകുക എന്നതു അസ്വാഭാവികമല്ല. കാരണം ബാലമനസ്സുകളിൽ നിരീശ്വരത്വത്തിന്റേയും വിപ്ലവത്തിന്റേയും വിഷബീജങ്ങൾ കുത്തിവയ്ക്കണമെന്നുള്ളതു് കമ്മ്യൂണിസ്റ്റ് വേദാന്തികളുടെ നിർബന്ധാനുശാസനങ്ങളിലൊന്നാണ്. ഈ സാഹചര്യങ്ങളിൽ പ്രൊഫസർ മുണ്ടശ്ശേരി വിദ്യാഭ്യാസമന്ത്രിയായി പ്രസ്തുത വകുപ്പിന്റെ സാരഥ്യം ഏററിരിക്കുന്നതിലും സാധാരണന്മാർ ആശങ്കപ്പെടുന്നുവെങ്കിൽ അതിൽ അവരെ കുററപ്പെടുത്താനും കാരണം കാണുന്നില്ല. ഇപ്രകാരം പ്രതിലോമപരമായ ഒരു മാർഗ്ഗത്തിലേക്കാണ് വിദ്യാഭ്യാസപ്രശ്നം തിരിഞ്ഞിരിക്കുന്നതു് എന്നു ഇതഃപര്യന്തമുള്ള സംഭവവികാസങ്ങളിൽനിന്നു അനുമാനിക്കുവാൻ നിർബന്ധിതരായിരിക്കുന്നതുകൊണ്ടാണ് അതേപ്പററി സമഗ്രമായ ഒരു വിശകലനം കാലേക്കൂട്ടി പൊതുജനസമക്ഷം അവതരിപ്പിക്കുവാൻ ഞങ്ങൾ ഉദ്ദേശിക്കുന്നതു്. ഇക്കഴിഞ്ഞ ഏപ്രിൽമാസം 23-ാംനു കോഴിക്കോട്ടുവച്ചു ശ്രീ മുണ്ടശ്ശേരി നടത്തിയ ഒരുൽഘാടനപ്രസംഗത്തിലും പത്രപ്രതിനിധികളോടുള്ള സംഭാഷണത്തിലും പ്രാഥമികവിദ്യാഭ്യാസം സ്റ്റേററിന്റെ കുത്തകയാക്കാൻ ആലോചിക്കുന്നതായി പ്രസ്താവിച്ചു എന്നാണ് റിപ്പോർട്ടു് ചെയ്യപ്പെട്ടിട്ടുള്ളതു്. വിദ്യാഭ്യാസമന്ത്രി തിരുവനന്തപുരത്തുവച്ചു നടത്തിയ ഒരു പ്രസ്സ് കോൺഫറൻസിൽ, "...പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാരുടെ നിയമനം, പ്രൊമോഷൻ, പിരിച്ചുവിടൽ, ശമ്പളം നൽകൽ, ശിക്ഷണനടപടി എന്നി കാര്യങ്ങളിൽ വേണ്ട നിയന്ത്രണം നൽകുന്ന ഒരു ബിൽ നിയമസഭയുടെ അടുത്ത സമ്മേളനത്തിൽ കൊണ്ടുവരുന്നതാണ്" എന്നു പ്രസ്താവിക്കുകയുണ്ടായി. ഏപ്രിൽ 30-ാംതീയതി എറണാകുളത്തുവച്ചു മുഖ്യമന്ത്രി പത്രപ്രതിനിധികളോടു സംസാരിക്കയിൽ വിദ്യാഭ്യാസദേശസാല്ക്കരണത്തെപ്പററി പറഞ്ഞതു, "പ്രാഥമികവിദ്യാഭ്യാസം സ്റ്റേററിന്റെ കടമയാണെന്നു ഭരണഘടനയിലുണ്ട്. പ്രൈവററ് ഏജൻസികളുടെ പ്രവർത്തനം സ്റ്റേററിനു സഹായകമാണെങ്കിൽ ദേശസാല്ക്കരിക്കേണ്ട ആവശ്യമില്ല" എന്നാണ്. കേവലം അസ്പഷ്ടമായ ഈ പ്രസ്താവനകളുടേയും മററു കിംവദന്തികളുടേയും ചില നടപടികളുടേയും ഫലമായി വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്ന പ്രൈവററ് ഏജൻസികളുടേയും, ആദർശയോഗ്യമായ ഒരു വിദ്യാഭ്യാസനിലവാരം സ്റ്റേററിൽ നിലനിർത്തി അനന്തരതലമുറയ്ക്കു അവരുടെ മാതാപിതാക്കന്മാർക്കുള്ള ഗൗരവാവഹമായ കർത്തവ്യങ്ങൾക്കനുസരണം വിദ്യാദാനം നൽകണമെന്നാഗ്രഹമുള്ള രക്ഷാകർത്താക്കളുടേയും ഇടയിൽ ആശങ്കയും ആപല്ശങ്കയും ഉളവായിട്ടുണ്ട്. അതുകൊണ്ടാണല്ലോ നിയമസഭയുടെ രണ്ടാംദിവസത്തെ നടപടികളിൽ നയപ്രഖ്യാപനത്തെപ്പററിയുള്ള ചർച്ചാവേളയിൽ മുസ്ലീം ലീഗുമെമ്പറായ ശ്രീ ഹസൻകനി പ്രസ്താവിച്ചതു്; "പ്രൈവററു സ്കൂളുകൾ ദേശസാല്ക്കരിക്കുക എന്ന നയം സ്വീകരിക്കരുതെന്നും അവിടത്തെ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്ന ഒരു നയംമാത്രമേ അവലംബിക്കാവൂ" എന്നും. ഏപ്രിൽ 30-ാംനു കോട്ടയത്തു കൂടിയ തിരുക്കൊച്ചി കാത്തലിക്ക മാനേജേഴ്സ് അസോസിയേഷൻ പൊതുയോഗത്തിൽ ഏകകണ്ഠമായി പാസ്സാക്കപ്പെട്ട പ്രമേയങ്ങളിൽ ഇതേപ്പററി പ്രതിപാദിച്ചിട്ടുള്ളതിപ്രകാരമാണ്:

"2. ഇന്ത്യൻ കൺസ്റ്റിററ്യൂഷനിൽ ന്യൂനപക്ഷങ്ങൾക്കു സ്വന്തം സ്കൂളുകൾ നടത്തുന്നതിനു നൽകപ്പെട്ടിരിക്കുന്ന അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനു അദ്ധ്യാപകരെ തിരിഞ്ഞെടുത്തു സ്കൂളുകളിൽ നിയമിക്കുകയും ശമ്പളം കൊടുക്കുകയും ശിക്ഷണനടപടി സ്വീകരിക്കുകയും ചെയ്യുന്നതിനുള്ള അവകാശം മാനേജുമെന്റിനുണ്ടായിരിക്കേണ്ടതാണ്. വിദ്യാഭ്യാസം ഇനത്തിൽ ഗവർമ്മേണ്ടിൽനിന്നും ചിലവാക്കിക്കൊണ്ടിരിക്കുന്ന ധനത്തിന്റെ ശരിയായ വിഹിതം പ്രൈവററുസ്കൂളുകളുടെ നടത്തിപ്പിനും അവകാശമുള്ളതാകുന്നു. അതിനാൽ ഇതുവരെ നടപ്പിലിരുന്നതുപോലെ ഗവർമ്മേണ്ടിൽനിന്നും അദ്ധ്യാപകശമ്പളത്തിനും വിദ്യാലയസംരക്ഷണത്തിനും ആവശ്യമായ സഹായധനം മാനേജ്മെന്റിനു നൽകേണ്ടതാകുന്നു. ഗവർമ്മേണ്ടിൽനിന്നും അദ്ധ്യാപകന്മാർക്കു നേരിട്ടു ശമ്പളം കൊടുക്കുന്നതിനുള്ള അഭിപ്രായഗതി ഈ മൗലികാവകാശത്തെ അവഗണിക്കുന്നതാണ്.

"3. ഒരു 'വിദ്യാഭ്യാസബിൽ തയാറാക്കിവരുന്നതായി ബഹു. വിദ്യാഭ്യാസമന്ത്രിയുടെ പ്രസ്താവനകളിൽനിന്നു മനസ്സിലാകുന്നു. പ്രാധാന്യമേറിയ ഈ വിഷയത്തെ സംബന്ധിച്ച ബിൽ തയ്യാറാക്കി പ്രസിദ്ധം ചെയ്തശേഷം പഠനത്തിനു അവസരം നൽകണമെന്നും അതേപ്പററി ചർച്ചചെയ്യുന്നതിനു നിയമിതമാകുന്ന കമ്മററിയിൽ ഈ അസ്സോസിയേഷന്റെ ഭാരവാഹികൾക്കുകൂടെ പ്രാതിനിധ്യം നൽകണമെന്നും അഭ്യർത്ഥിക്കുന്നു. ഒരിക്കൽ വലിയ പ്രക്ഷോഭണത്തിനിടയാക്കിയ അദ്ധ്യാപകലിസ്റ്റ് ബില്ലിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതായി കാണുന്നു. സ്കൂൾനടത്തിപ്പിലുള്ള സ്വാതന്ത്ര്യത്തിലും അവകാശത്തിലും അദ്ധ്യാപകനിയമനം ഉൾപ്പെടുന്നതിനാൽ അസ്വീകാര്യമായ ഈ ലിസ്റ്റ് പ്രശ്നം വീണ്ടും അവതരിപ്പിക്കരുതെന്നു ബഹു. ഗവർമ്മേണ്ടിനോടഭ്യർത്ഥിക്കുന്നു."

ഇതാണ് ചുരുക്കത്തിൽ കേരളത്തിലെ പുതിയ ഭരണകക്ഷിയുടെ ആഗമനത്തോടെ എത്തിച്ചേർന്നിട്ടുള്ള വിദ്യാഭ്യാസപ്രശ്നത്തിന്റെ നിലപാട്. വിദ്യാഭ്യാസത്തിന്റെ മൗലികതത്വങ്ങളെ സ്പർശിക്കുന്നതും അതിൽ ഏർപ്പെടുന്ന വിവിധ ഘടകങ്ങളുടെ അവകാശസ്വാതന്ത്ര്യങ്ങളെ ബാധിക്കുന്നതുമായ ഒട്ടുവളരെ പ്രശ്നങ്ങൾ ഗൗരവാവഹമായവിധത്തിൽ ഇവിടെ ഉദിക്കുന്നുണ്ട്. അവയെപ്പററി സമ്യക്കായ ഒരു ജ്ഞാനം ഓരോരുത്തരും സമ്പാദിക്കേണ്ടതു് അവയെ നേരിടുന്ന അവസരത്തിൽ ചിന്താക്കുഴപ്പം വന്നുകൂടാതിരിക്കാൻ അത്യന്താപേക്ഷിതമാണ്. അതുകൊണ്ടു വിദ്യാഭ്യാസതുറയിൽ ഓരോ ഘടകത്തിനുമുള്ള അവകാശങ്ങളേയും കർത്തവ്യങ്ങളേയും സ്വാതന്ത്ര്യങ്ങളേയും സംബന്ധിച്ച അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ വഴിയെ ഉപന്യസിക്കാമെന്നു കരുതുന്നു.

## പ്രസാധകക്കുറിപ്പുകൾ

# വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനം

### മാർപ്പാപ്പ വിശദീകരിക്കുന്നു

മാർച്ച് 24-ാം തീയതി റോമിലെ വിവിധവിദ്യാലയങ്ങളിൽനിന്നും മാർപ്പാപ്പായെ സന്ദർശിക്കുവാൻ വന്നുകൂടിയ 50,000 വിദ്യാർത്ഥികളോടായി സെൻറ് പീറേറഴ്സിൽവച്ചു് തിരുമേനി വിദ്യാഭ്യാസത്തിന്റെ പ്രമുഖപ്രശ്നങ്ങളെ ഉള്ളടക്കി സുദീർഘമായ ഒരു പ്രസംഗംചെയ്തു. ആദ്യമായിത്തന്നെ പഠനത്തിൽ ഓരോ വിദ്യാർത്ഥിയും വയ്ക്കേണ്ട ശ്രദ്ധയെക്കുറിച്ചു തിരുമേനി അവരെ ഉൽബോധിപ്പിച്ചു. "നിങ്ങളുടെ ജിജ്ഞാസാഭരിതമായ മനസ്സ് എപ്പോഴും സത്യാന്വേഷണത്തിൽ വ്യാപൃതമായിരിക്കണം. മടി, അശ്രദ്ധ ഇവ നിങ്ങളെത്തന്നെ ഒററികൊടുക്കുന്നവയാണ്; നിങ്ങൾക്കുവേണ്ടി വളരെ ത്യാഗങ്ങൾ സഹിക്കുന്ന നിങ്ങളുടെ മാതാപിതാക്കന്മാരേയും അവ വഞ്ചിക്കുന്നു. മാത്രമല്ല അതിന്റെ ഭവിഷ്യത്തു നിങ്ങളുടെ രാജ്യവും ലോകം മുഴുവനും അനുഭവിക്കേണ്ടിവരും. എന്തുകൊണ്ടെന്നാൽ നല്ല കഴിവുള്ള ശാസ്ത്രജ്ഞന്മാരേയും, കലാകാരന്മാരേയും, രാജ്യതന്ത്രജ്ഞന്മാരേയും, ധനതത്വശാസ്ത്രജ്ഞന്മാരേയും ലോകത്തിനാവശ്യമായിരിക്കുകയാണ്. അന്നന്നത്തെ ക്ലാസുകൾക്കാവശ്യമുള്ള വിഷയങ്ങൾമാത്രം പഠിച്ചാൽമതിയെന്നു് വായിക്കുവാൻ പുസ്തകം തുറക്കുമ്പോഴും വിവിധക്ലാസുകൾ ആരംഭിക്കുമ്പോഴും നിങ്ങൾ വിചാരിക്കരുതു്. എല്ലാ വിഷയങ്ങളെ സംബന്ധിച്ചും പൊതുജ്ഞാനം മാനസികവളർച്ചക്കു അത്യന്താപേക്ഷിതമാണ്. പഠിക്കുന്ന വിഷയങ്ങളുടെ എണ്ണത്തിലല്ല അറിവു അടങ്ങിയിരിക്കുന്നതു്; പ്രത്യുത അവയിലടങ്ങിയിരിക്കുന്ന പ്രധാനതത്വങ്ങളെ ശരിയായി ഗ്രഹിക്കുന്നതിലാണ് യഥാർത്ഥമായ വിജ്ഞാനസൗധനിർമ്മാണത്തിന്റെ രഹസ്യം നിലകൊള്ളുന്നതു്.

### വിജ്ഞാനസൗധത്തിന്റെ അടിസ്ഥാനം

"പഠനംവഴി ലഭിക്കുന്ന അറിവുകളെ ബുദ്ധിപൂർവ്വകമായ ഏകീകരണവും ക്രമീകരണവുംവഴി സംയോജിപ്പിക്കണം. ശാസ്ത്രീയജ്ഞാനത്തിനു അടിസ്ഥാനവും, ഉറപ്പും, പൂർണ്ണതയും നൽകുന്നതു് തത്വശാസ്ത്രമാണ്. പലപ്പോഴും ഇതരവിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർ മതപരമായ ജ്ഞാനത്തിനു അതർഹിക്കുന്ന പ്രാധാന്യം നൽകുന്നില്ല. തന്മൂലം ചില വിദ്യാർത്ഥികൾ മതപരമായ സിദ്ധാന്തങ്ങളെ സംശയത്തോടും അശ്രദ്ധയോടുംകൂടി വീക്ഷിക്കുകയും അതവരുടെ മാനസികമായ "കെട്ടിപ്പടുക്ക"ലിൽ ഒരു ന്യൂനതയായിത്തീരുകയുംചെയ്യുന്നു. മതത്തെപ്പററി യഥാവസരം വേണ്ടതുപോലെ ഗ്രഹിക്കാത്തതുകൊണ്ടു് മതവും ശാസ്ത്രവും, തത്വശാസ്ത്രവും ഭൗതികശാസ്ത്രങ്ങളും തമ്മിൽ പൊരുത്തമില്ല എന്നും ഒന്നു് ഒന്നിനെതിരാണ് എന്നുമുള്ള തെററിദ്ധാരണകൾ യുവഹൃദയങ്ങളിൽ കടന്നുകൂടുന്നു. ജീവിക്കുന്ന ഒരു ശരീരത്തിലെ വിവിധാവയവങ്ങളെ എന്നപോലെയാണ് വിവിധവിഷയങ്ങളെ സംബന്ധിച്ച അറിവുകളെ ക്രമമായവിധത്തിൽ വളർത്തുകയും പ്രവർത്തിപ്പിക്കുകയും ചെയ്യേണ്ടതു്. ശരീരത്തിലെ ഏതെങ്കിലും ഒരവയവം മുരടിച്ചു വളരാതിരിക്കുകയോ, മറെറാന്നു അതിന്റെ ക്രമംവിട്ടു വളരുകയോ ചെയ്താൽ മറെറല്ലാ അവയവങ്ങളുടേയും പ്രവർത്തനത്തെ അതു ബാധിക്കുന്നതാണല്ലോ. അതുകൊണ്ടു് മനുഷ്യന്റെ വിജ്ഞാനവളർച്ചയിലുള്ള ഏകീകരണം പരിപൂർണ്ണമായി സാധിക്കണമെങ്കിൽ എല്ലാ വിജ്ഞാനാവയവങ്ങളുടേയും ശിരസ്സായി ക്രിസ്തു നിലകൊള്ളണം. "എല്ലാ വസ്തുക്കളും അവിടുന്നുവഴി സൃഷ്ടിക്കപ്പെട്ടിട്ടുള്ളവയാണ്; അവിടുത്തെക്കൂടാതെ യാതൊന്നും ഉണ്ടാക്കപ്പെട്ടിട്ടുമില്ല" (യോഹന്നാൻ 1: 3)

### മതത്തിനു പ്രാഥമ്യം നൽകണം

പരിശുദ്ധ പിതാവു് പ്രകൃതിശാസ്ത്രം, തത്വശാസ്ത്രം, നിരീക്ഷണം ആദിയായ വിവിധഘടകങ്ങളുടെ പ്രാധാന്യത്തെപ്പററി പ്രതിപാദിച്ചശേഷം സർവ്വപ്രധാനമായ മതബോധത്തെപ്പററി ഉൽബോധിപ്പിച്ചു: "നിങ്ങൾ ചരിത്രം പഠിക്കുമ്പോൾ, പ്രചോദനാത്മകമോ അഥവാ അവഹേളനാർഹമോ ആയ കുറെ സംഭവങ്ങളുടെ ഒരു പട്ടികയായിമാത്രം അതിനെ കണക്കാക്കരുതു്. സാർവ്വത്രികമായ ദൈവപരിപാലനയുടേയും അനാദരിക്കപ്പെടുവാൻ കഴിയാത്ത മനുഷ്യസ്വാതന്ത്ര്യത്തിന്റേയും പ്രവർത്തനത്തെ അതിൽ ദർശിക്കുന്നതിനും നിരീക്ഷിക്കുന്നതിനും നിങ്ങൾക്കു സാധിക്കണം. അപ്പോൾ മാത്രമേ ചരിത്രത്തിന്റെ കലാശില്പം ദൃശ്യമാവുകയുള്ളൂ. എല്ലാ ക്രിസ്ത്യാനികൾക്കും, പ്രത്യേകിച്ചു് വിദ്യാസമ്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മതതത്വങ്ങളെക്കുറിച്ചു അവഗാഹമായ ജ്ഞാനം ഉണ്ടാകേണ്ടതാവശ്യമാണ്. സനാതനങ്ങളായ മതതത്വങ്ങളെ അവഗണിച്ചുകൊണ്ടു് മററു ശാസ്ത്രീയസിദ്ധാന്തങ്ങളെമാത്രം ആശ്രയിക്കുന്നതു് അപായകരമാണ്. കേവലം ഉപരിപ്ലവവും അപൂർണ്ണവുമായ ഒരു മതബോധത്തിനു ഇന്നത്തെ നിർമ്മതപ്രസ്ഥാനങ്ങളേയോ അവയുടെ

പ്രേരണകളേയൊ അതിജീവിക്കുവാൻ സാധിക്കുകയില്ല. സാവധാനത്തിൽ അവയാൽ വീഴ്ത്തപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്യും... ...ക്രിസ്തുവിന്റെ മണവാട്ടിയായ തിരുസഭയെ പീഡിപ്പിച്ചവർക്ക് എന്തു സംഭവിച്ചുവെന്നു നിങ്ങൾ ഓർക്കുക. അക്രമപ്രവർത്തനങ്ങളിൽ തുടരുന്നവർക്കെന്തു സംഭവിക്കുന്നുവെന്നും കാണുക. തിരുസഭയെ എതിരിടുന്നവരാരായാലും, അതിനെ അടിയുറപ്പിക്കുന്നതിനു ദൈവശില്പി സ്ഥാപിച്ചതായ പാറമേൽ മുട്ടിച്ചിതറാതെ ഗത്യന്തരമില്ല. വിജയം ക്രിസ്തുവിന്റേതായിരിക്കും. അവിടുത്തോടുകൂടി സമരം ചെയ്യുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? അവിടുത്തോടുകൂടി സഹിക്കാൻ നിങ്ങൾ തയാറാണോ? അങ്ങനെയെങ്കിൽ നിങ്ങളുടെ യുവത്വം മങ്ങിമയങ്ങിയ ഒന്നാകാതിരിക്കട്ടെ. ക്രിസ്തു ഭൂമിയിലേക്കു കൊണ്ടുവന്ന അഗ്നി നിങ്ങളിൽ ആളിക്കത്തിയെരിയട്ടെ." പരിശുദ്ധ മാർപ്പാപ്പാ റോമിലെ വിദ്യാർത്ഥിസംഘത്തിനു നൽകിയ ഈ ഉപദേശം ലോകത്തുള്ള എല്ലാ വിദ്യാർത്ഥികൾക്കും മാത്രമല്ല വിദ്യാഭ്യാസത്തിന്റെ അവശ്യഘടകങ്ങളെപ്പററി ഗ്രഹിക്കുന്നതിനാഗ്രഹിക്കുന്ന ഏവർക്കും മാർഗ്ഗദർശകമാണെന്നു പറയേണ്ടതില്ലല്ലോ.

X X X

## വിദ്യാഭ്യാസത്തേയും കുടുംബസംവിധാനത്തേയുംപററി

### ആചാര്യവിനോബാ

"വിദ്യാഭ്യാസം സർക്കാർ കുത്തകയാകുന്നതു ശരിയല്ല. ഫാസിസ്റ്റ്ഭരണം വരുമ്പോൾ വിദ്യാഭ്യാസം അവരുടെ രീതിയിലും, കമ്മ്യൂണിസ്റ്റ്ഭരണം വരുമ്പോൾ വ്യത്യാസപ്പെട്ട് അവരുടെ രീതിയിലും ഇങ്ങനെ വിദ്യാഭ്യാസം രാഷ്ട്രീയപാർട്ടികളുടെ ഇഷ്ടാനുസരണം ഭേദപ്പെടുത്തുവാൻ അതു ഇടയാക്കും" എന്നാണ് ആചാര്യവിനോബഭാവെ ശ്രീ മന്നത്തുപത്മനാഭൻ, ശ്രീ മക്കപ്പുഴ വാസുദേവൻപിള്ള മുതലായ എൻ. എസ്. എസ്. ഭരണകർത്താക്കളുമായി വിദ്യാഭ്യാസസംബന്ധമായി നടത്തിയ സംഭാഷണമദ്ധ്യേ ചങ്ങനാശ്ശേരിയിൽവച്ചു പ്രസ്താവിച്ചതു്.

വിനോബാജി തുടർന്നു: "വിദ്യാഭ്യാസം ദേശസാല്ക്കരിച്ചാൽ അതു കേവലം യാന്ത്രികമായിത്തീരും. വ്യക്തികളുടെ ഗുണവികാസത്തിനു അതു ഹാനികരമായിരിക്കും. വിദ്യാഭ്യാസം രാഷ്ട്രത്തെ ഏല്പിച്ചശേഷം ഇന്നരീതിയിൽ നടത്തണമെന്നു പറഞ്ഞാൽ അർത്ഥമില്ല.

"ഇംഗ്ലണ്ടിൽ വിദ്യാഭ്യാസത്തിനു വളരെ സ്വാതന്ത്ര്യം നൽകിയിട്ടുണ്ടെന്നാണറിയുന്നതു്. ഗവർമ്മെണ്ട് അവിടെ വിദ്യാഭ്യാസചുമതല വഹിക്കുന്ന സ്വകാര്യവ്യക്തികളെ സഹായിക്കുകകൂടി ചെയ്യുന്നുണ്ട്. ഇന്നത്തെ വിദ്യാഭ്യാസരീതി പരിഷ്ക്കരിക്കണം. അതു സ്വതന്ത്രഭാരതത്തിന്റെ വികസനത്തിനു യോജിക്കത്തക്കവിധം പരിഷ്ക്കരിക്കണം. പുത്തൻ നാട്ടിൽ പഴയകൊടി പാടില്ലാത്തതുപോലെ പുതിയ വ്യവസ്ഥിതിയിൽ പഴയ വിദ്യാഭ്യാസരീതി പാടില്ല. ഇന്നു മർമ്മപ്രധാനമായ വിദ്യാഭ്യാസരീതി അല്ല നടക്കുന്നതു്. ഇന്നു കൃഷിശാസ്ത്രം പഠിപ്പിക്കുന്നുണ്ട്. അതിനു കോളെജും ഉണ്ട്. ഒരു കുട്ടി കോളെജിൽ ചെന്നുചേരുമ്പോൾ അവനു 18-19 വയസ്സാകും. കോളെജ് പഠനം കഴിഞ്ഞു് അവൻ കൃഷിക്കായി വെയിൽകൊള്ളാനോ കാറേല്ക്കുവാനോ മഴനനയുവാനോ സാധിക്കാത്തവനായിത്തീരുന്നുവെങ്കിൽ കൃഷിശാസ്ത്രം പഠിച്ചതുകൊണ്ട് എന്തു പ്രയോജനം?"

"വിദ്യാദാനം ചെയ്യുന്ന ഗുരുക്കന്മാർക്കു പലതരത്തിലുള്ള ശമ്പളക്രമം വച്ചുപുലർത്തി അവരെ ശമ്പളത്തിന്റെപേരിൽ ഭേദിതിരിക്കുന്നതു അനാശാസ്യമാണെന്നും അദ്ദേഹം പറഞ്ഞു.

ഭൂമി കൃഷിചെയ്യുന്നവനു നൽകുക. ഭൂമി എല്ലാവരുടേയുമാണ്. എല്ലാവരും ഈശ്വരന്റേതാണ്. അതിനാൽ ഭൂമി ഈശ്വരന്റെ ഉടമയിലാണ്. കൃഷി ചെയ്യാതെ വ്യവസായങ്ങളിലേർപ്പെടുന്നവനു ഭൂമി കൊടുക്കുകയില്ലേയെന്നു ചോദിച്ചാൽ തീർച്ചയായും ഭൂമി അവനും കൊടുക്കണം. അവനും ഉല്പാദനത്തിനദ്ധ്വാനിക്കുന്നവനാണ്."

അനന്തരം സ്വീകരണകമ്മിററിയംഗങ്ങൾ, യൂണിവേഴ്സിററി ടീച്ചേഴ്സ് ട്രെയിനിങ്ങ് ക്യാമ്പിന്റെ പ്രതിനിധികൾ മുതലായവരെ അദ്ദേഹം സ്വീകരിച്ചപ്പോൾ കുടുംബസംവിധാനത്തെക്കുറിച്ച് ഒരു സന്ദർശകൻ അദ്ദേഹത്തിന്റെ അഭിപ്രായം അന്വേഷിച്ചു. അദ്ദേഹം പറഞ്ഞു: "ഭൂമിക്കു താങ്ങാൻപാടില്ലാത്തവിധം ജനസംഖ്യ വർദ്ധിക്കുന്നതിൽ ആരും ഭയപ്പെടേണ്ട. ഭൂമിയിൽ ഉണ്ടാകുന്നവനെ ഉൾക്കൊള്ളുവാനും ഭൂമിക്കു ശേഷിയുണ്ട്. ഭൂമിയുടെ സ്രഷ്ടാവിനും അതറിയാം. ജനനനിരക്കു വർദ്ധിക്കുമ്പോൾ അതിനു അനുസൃതമായ മരണനിരക്കും മരണഹേതുക്കളും വർദ്ധിക്കുന്നുണ്ട്. ജനപ്പെരുപ്പത്തെ ഭയന്നു് കൃത്രിമനിയന്ത്രണം—കുടുംബസംവിധാനം—നടപ്പാക്കുന്നതു പ്രകൃതിയുടെ ഗതിക്കു് വിരുദ്ധവും അസാന്മാർഗ്ഗികവും അപകടകരവുമാണ്. മനുഷ്യനിലുള്ള ബീജവീര്യത്തെ നശിപ്പിക്കാവുന്നതല്ല. ജനനനിയന്ത്രണം ആവശ്യമുള്ള സ്വാഭാവികനിയന്ത്രണം ശീലിക്കണം. ബ്രഹ്മചര്യം, താമസിച്ചുള്ള വിവാഹം എന്നിവയാകാമല്ലോ വിവാഹത്തിലും ബ്രഹ്മചര്യം ആകാം. വിവാഹത്തിന്റെ പരിപാവനതയെ മാനിക്കണം" ഇങ്ങനെ വളരെ ശാസ്ത്രീയവും പണ്ഡിതോചിതവുമായ രീതിയിലാണ് കുടുംബസംവിധാനത്തെ അദ്ദേഹം എതിർത്തതു്.

ഭൂദാനത്തിൽ അന്തർഭവിച്ചിരിക്കുന്ന ആശയം—സഹോദരസ്നേഹം പ്രവൃത്തിയിൽ എന്നതു് സാർവ്വദേശീയസിദ്ധാന്തമാണ്—മററുള്ളവരെ മനസ്സിലാക്കി പ്രവൃത്തിപഥത്തിലാക്കുവാൻ കേരളത്തിലെ അദ്ധ്യാപകർ ശ്രമിക്കണമെന്നും ആചാര്യജി പറഞ്ഞു.

—o—

## ജപാപ്പസ്തോലസഖ്യത്തിന്റെ മേയ്മാസത്തെ പൊതുനിയോഗം

"വിശുദ്ധ ആരാധനക്രമത്തിന്റേയും മതപരമായ കലയുടേയും പുനരുജ്ജീവനത്തിനുവേണ്ടി.

### വേദപ്രചാരനിയോഗം

"പാക്കിസ്ഥാനിൽ കത്തോലിക്കാസഭയ്ക്കു പൂർണ്ണസ്വാതന്ത്ര്യം ലഭിക്കുന്നതിനുവേണ്ടി"

## അടുത്തയാഴ്ചയിൽ

മേയ്

9 വ്യാ: ഗ്രിഗോരിയോസ് നസിയോന
10 വെ: വി. അന്തോനീസ്
11 ശ: വി. പീയൂസ് പഞ്ചമൻ
12 ഞാ: ഉയിർപ്പ് 3-ാംഞായർ
13 തി: വി. ഗോർദിയാനൂസും എപ്പിമാക്കോസും
14 ചൊ: വി. ബോനിഫാസിയോസ്
15 ബു: വി. അൻസൽമൂസ്

# പരേതയായ

## റവ. സിസ്റ്റർ ക്രിസ്റ്റെല്ലാ എസ്. ഡി

(റവ. ഫാ. എമ്മാനുവേൽ പള്ളിക്കുന്നൻ, ചിക്കാഗോ)



പരേതയായ
റവ. സിസ്റ്റർ ക്രിസ്റ്റെല്ലാ

ഇവിടെയുള്ള "മെഴ്സി ഹോസ്പിററ"ലിൽ വച്ചു് ഏപ്രിൽ 18-ാംനു (പെസഹാവ്യാഴാഴ്ച) രാത്രി 8-30നു് റവ. സിസ്റ്റർ ക്രിസ്റ്റെല്ലാ, എസ്. ഡി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച വിവരം ഇതിനകം അവിടെ അറിഞ്ഞുകഴിഞ്ഞിരിക്കുമല്ലോ. സിസ്റ്റർ ക്രിസ്റ്റെല്ലാ വൈദ്യശാസ്ത്രത്തിൽ ഡോക്ടർബിരുദം നേടുന്നതിനുവേണ്ടി പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. സഹോദരി രോഗബാധിതയായി ആശുപത്രിയിൽ രണ്ടു മാസത്തോളം കിടന്നു എന്നാൽ ഇത്രപെട്ടന്നു ഇങ്ങനെ ഒരത്യാഹിതം സംഭവിക്കുമെന്നു വിചാരിച്ചില്ല. ഈ ലേഖകൻ പല പ്രാവശ്യം ബ. സഹോദരിയെ ആശുപത്രിയിൽ ചെന്നു സന്ദർശിക്കുകയും കൂടെക്കൂടെ ഫോൺവഴി രോഗവിവരങ്ങൾ ചോദിച്ചറിഞ്ഞുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. യഥാർത്ഥത്തിൽ രോഗമെന്താണെന്നു ഇവിടെയുള്ള അതിവിദഗ്ദ്ധന്മാരായ ഡോക്ടർമാർക്കുപോലും കൃത്യമായി വിവേചിച്ചറിയുവാൻ സാധിച്ചിരുന്നില്ല ആരംഭത്തിൽ ദേഹത്തിൽ തടിപ്പുണ്ടായി. "പൊററൻ" കുന്നക്കു അതിന്റെ ഉപരിഭാഗം പൊളിഞ്ഞുപോയിരുന്നു. കാലാന്തരത്തിൽ ശരീരം നന്നെ ക്ഷീണിച്ചു. ശബ്ദം വളരെ കുറഞ്ഞുവന്നു. ഓരോ ഭാവവ്യത്യാസങ്ങളിലും അതതുവകുപ്പുകളിൽ വൈദഗ്ദ്ധ്യം സിദ്ധിച്ച പ്രസിദ്ധഡോക്ടറന്മാരും ബ. കന്യാസ്ത്രീകളും വേണ്ട പ്രതിവിധികളും പരിചരണങ്ങളും ചെയ്തുകൊണ്ടിരുന്നു. പക്ഷെ രോഗം ഒന്നിനൊന്നു വർദ്ധിച്ചു മരണത്തിൽ കലാശിക്കുകയാണുണ്ടായതു്. രോഗിണി യാതൊരു ആശങ്കയോ, ഉൽക്കണ്ഠയോ, നൈരാശ്യമോ കാണിച്ചിരുന്നില്ല എന്നു മാത്രമല്ല, ദൈവതിരുമനസ്സിനു സസന്തോഷം കീഴ്വഴങ്ങി സുബോധത്തോടെ അന്ത്യകൂദാശകളെല്ലാം ആവശ്യപ്പെട്ടു ഭക്തിപൂർവ്വം സ്വീകരിക്കുകയാണുണ്ടായതു്. അവരുടെ പാവനാത്മാവു നിത്യസൗഭാഗ്യത്തിൽ ആനന്ദിക്കട്ടെ!

മൃതദേഹം വേണ്ട പരിശോധനകൾക്കു ശേഷം ചിക്കാഗോയിലെ ഒരു "Funeral Home"-ൽ രണ്ടു മണിക്കൂർനേരത്തേക്കു വച്ചിരുന്നു സിസ്റ്റർ ക്രിസ്റ്റെല്ലാ താമസിച്ചിരുന്ന റോസറി കോളേജിലെ ഡോമിനിക്കൻ സഹോദരികളും അടുത്തുള്ള മററു പല മഠങ്ങളിൽനിന്നുമുള്ള സഹോദരികളും ശവമഞ്ചത്തിനു ചുററിലും ശോകമൂകരായിനിന്നു പരേതയ്ക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. കേരളത്തിലെ വിവിധരൂപതകളിൽനിന്നും ഇവിടെ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ആറു കന്യാസ്ത്രീകളും നാലു വൈദികരും സന്നിഹിതരായിരുന്നു. അവിടെവച്ചു ഞാൻ സുറിയാനിയിൽ ഒപ്പീസ് കർമ്മം നടത്തി റവ. ഫാദേഴ്സ് ജേക്കബ് ചക്യാമുറി, ജോസഫ് കണ്ടാരപ്പിള്ളി, കുര്യാക്കോസ് മ്യാലിൽ എന്നിവർ സഹായിച്ചു. ഇന്ത്യാക്കാരും അമേരിക്കരുമായ ഒട്ടുവളരെപ്പേർ അവിടെവന്നു അനുശോചനം രേഖപ്പെടുത്തുകയും പരേതയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

ഉദ്ദേശം 4 മണിയോടുകൂടി ചിക്കാഗോയിൽനിന്നും ഏതാണ്ട് 200 മൈൽ അകലെയുള്ള വിസ്കോൺസിനിൽ (Wisconsin) സിൻസിനോവായിലെ ഡോമിനിക്കൻ സഹോദരികളുടെ മാതൃഭവനത്തിലേക്കു മൃതദേഹം തീവണ്ടിമാർഗ്ഗം കൊണ്ടുപോയി. ഞങ്ങളെല്ലാവരും മൃതദേഹത്തെ അനുഗമിച്ചിരുന്നു എന്നു പറയേണ്ടല്ലോ. നാലുമണിക്കൂർനേരത്തെ യാത്രയ്ക്കുശേഷം ഞങ്ങൾ അവിടെയെത്തി. തീവണ്ടിസ്റ്റേഷനിൽ മാതൃഭവനത്തിലെ മദർ ജനറാളും ഏതാനും കന്യാസ്ത്രീകളും ഞങ്ങളെ സ്വീകരിക്കുവാൻ വന്നിരുന്നു. നാലഞ്ചു കാറുകളിലായി ഞങ്ങൾ മാതൃഭവനത്തിലേക്കു തിരിച്ചു രാത്രി 9 മണിയോടെയാണ് ഞങ്ങൾ അവിടെ എത്തിയതു്. മാതൃഭവനത്തിന്റെ പ്രവേശനദ്വാരത്തിൽ വച്ചു ബ. കപ്ലോനച്ചനും 300-ൽപരം കന്യാസ്ത്രീകളും നൊവിസസുംകൂടി കത്തിച്ച മെഴുകുതിരികൾ പിടിച്ചു മൃതദേഹം സ്വീകരിക്കുകയും പ്രദക്ഷിണമായി അവരുടെ മഠംവക വിശാലമായ ഹാളിലേക്കു ആനയിക്കുകയും ഉണ്ടായി. അവിടെവച്ചും ഞാൻ ഒപ്പീസ് പാടുകയുണ്ടായി.

പിറേറദിവസം രാവിലെ ഒൻപതരമണിക്കാണ് സംസ്കാരകർമ്മങ്ങൾ സമാരംഭിച്ചതു്. എന്റെ പ്രധാനകാർമ്മികത്വത്തിലും ബ. ചക്യാമുറിയിലച്ചന്റേയും ബ. കണ്ടാരപ്പിള്ളിലച്ചന്റേയും സഹകാർമ്മികത്വത്തിലും തിരുകർമ്മങ്ങൾ ആഘോഷമായി നടത്തപ്പെട്ടു. ദുഃഖവെള്ളി, ശനി ഈ ദിവസങ്ങളായിരുന്നതുകൊണ്ട് ദിവ്യബലിയർപ്പിക്കുവാൻ സാധിച്ചില്ല. സുറിയാനിയിൽ നടത്തിയ സംസ്കാരകർമ്മങ്ങൾ അമേരിക്കൻജനതയ്ക്കും ബ ഡൊമിനിക്കൻസഹോദരികൾക്കും വളരെ പ്രിയംകരമായും ഭേതസ്സുദ്ദർശകമായും അനുഭവപ്പെട്ടു. "We Just love it" എന്നാണ് അവർ ഏകകണ്ഠമായി പറഞ്ഞതു്. നാലാംനിലയിലുള്ള അവരുടെ ചാപ്പലിൽവച്ചായിരുന്നു സംസ്കാരകർമ്മങ്ങൾ നടത്തിയതു്. അനന്തരം ആറു വൈദികരുടേയും 300-ൽപരം കന്യാസ്ത്രീകളുടേയും സാന്നിദ്ധ്യത്തിൽ മൃതദേഹം സെമിത്തേരിയിലേക്കു പ്രദക്ഷിണമായി കൊണ്ടുപോകപ്പെട്ടു ശവസംസ്കാരത്തിന്റെ വിവിധരംഗങ്ങൾ ചലച്ചിത്രത്തിലെടുത്തിട്ടുണ്ട്. പത്തരമണിയോടുകൂടി സംസ്കാരകർമ്മങ്ങൾ സമാപിച്ചു.

ബ. കപ്ലോനച്ചനും ഡോമിനിക്കൻസഹോദരികളും നിസ്വാർത്ഥമായും, ഉദാരമായും, സ്നേഹപൂർവ്വകമായും ചെയ്തിട്ടുള്ള സഹായസഹകരണങ്ങൾ അനന്യസാധാരണങ്ങളും അഭിനന്ദനാർഹങ്ങളുമാണ്. സ്വന്തം കൂട്ടത്തിലെ ഒരു സഹോദരിയുടെ കാര്യമെന്നപോലെയാണ് അവർ എല്ലാം നിർവ്വഹിച്ചതു്. പരേതയുടെ ശേഷിച്ച കൂട്ടുകാരിയായ സിസ്റ്റർ ഫിദേലിസിനെ, ശവസംസ്കാരകർമ്മങ്ങൾക്കുശേഷം മദർ ജനറൽ കെട്ടിപ്പിടിച്ചാശ്വസിപ്പിച്ചുകൊണ്ടുപറഞ്ഞതു്, "My daugter, this is our home" എന്നാണ്. ആ സഹോദരിയെ നാലഞ്ചുദിവസം അവർ അവിടെ അവരുടെ കൂടെതന്നെ താമസിപ്പിച്ചിരിക്കുകയാണ്, വേർപാടിന്റെ വ്യഥകൾ നീങ്ങുന്നതിനായി. അവരോടെല്ലാം നാം വളരെയധികം കടപ്പെട്ടിരിക്കുന്നു.

നമ്മുടെ അതിരൂപതയ്ക്കും, ചുണങ്ങംവേലി സ്ഥാപനത്തിനും പരേതയുടെ കുടുംബത്തിനും ഈ വിയോഗം ഒരു വലിയ നഷ്ടംതന്നെയാണ്. ദൈവഹിതം നിറവേറട്ടെ. ചുണങ്ങംവേലി കന്യകാസമൂഹത്തോടും പരേതയുടെ മാതാപിതാക്കന്മാരോടും ബന്ധുമിത്രാദികളോടും എന്റെ അനുശോചനം ഞാൻ നേർന്നുകൊള്ളുന്നു.

R. I. P.


## കൽക്കത്താ നിങ്ങളെ വിളിക്കുന്നു !

പ്രേഷിതശുശ്രൂഷാതീയാൽ പ്രോജ്വലിക്കുന്ന യുവതിടമ്പുകളെ വരുവിൻ !

ഈശോസഭയുടെ വിദേശസന്താനങ്ങളായി കൽക്കത്താ മിഷ്യനിൽ പ്രേഷിതവൃത്തി നടത്തുവാൻ വെമ്പൽകൊള്ളുന്ന യുവാക്കന്മാർക്ക് ഒരു സുവർണ്ണാവസരം.

സ്കൂൾഫൈനലെങ്കിലും പാസ്സായി ജയിച്ചിട്ടുണ്ടെങ്കിൽ, അഥവാ ഇക്കൊല്ലം ജയിക്കുമെന്നു പ്രതീക്ഷയുണ്ടെങ്കിൽ താഴെ കാണുന്ന വിലാസത്തിൽ ഉടൻ അപേക്ഷിക്കുക :

Very Rev. Fr. Vice-Provincial,
32 Park Street, Calcutta-13


## മേരി ഓഫ് പ്രോവിഡൻസ്

"വിശുദ്ധാത്മാക്കളുടെ സഹായികൾ" എന്ന സന്യാസിനീസംഘത്തിന്റെ സ്ഥാപകയായ വന്ദ്യയായ മേരി ഓഫ് പ്രോവിഡൻസ് എന്ന കന്യാസ്ത്രീയെ അടുത്ത മേയ് 26-ാം തീയതി അനുഗ്രഹീതയെന്നു നാമകരണം ചെയ്യുന്നതാണ്. ഫ്റാൻസിൽ ലില്ലി എന്ന സ്ഥലത്തു് 1825-ൽ ഒരു കുലീനകുടുംബത്തിൽ ഇവർ ഭൂജാതയായി. ഒരു കന്യാമഠത്തിൽ പ്രവേശിക്കുവാനുള്ള അവരുടെ യത്നം സഫലമായില്ല. 10 കൊല്ലത്തോളം വിവിധ പരോപകാരപ്രവർത്തനങ്ങളിൽ അവർ വ്യാപൃതയായി കഴിച്ചുകൂട്ടി. 1853-ൽ അവർ പാരീസിലേക്കു പോകുകയും സ്വന്തമായി ഒരു സന്യാസിനീസമൂഹം സ്ഥാപിക്കുകയുംചെയ്തു. 1871-ൽ നിര്യാതയാകുന്നതുവരെ ഇവിടെ താമസിച്ചുകൊണ്ട് ആദ്ധ്യാത്മികവും സാമൂഹ്യവുമായ പ്രവർത്തനങ്ങളിൽ അവർ വ്യാപൃതയായിരുന്നു.

# തിരുവനന്തപുരം അതിരൂപതയിലെ സൺഡേസ്കൂൾ അദ്ധ്യാപകസമ്മർക്ലാസ്സ്

(കെ. എം. ചാക്കോമാസ്റ്റർ, കൈതവന)

"എന്റെ കുഞ്ഞാടുകളെ മേയ്ക്കൂ" എന്ന കർത്തൃകല്പന തിരുസഭയുടെ നിലനില്പിനായി നാം അനുസരിക്കേണ്ടതാകുന്നു. "പൈതൽ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കേണ്ടതു്" മാതാപിതാക്കന്മാരുടേയും വി. സഭയുടേയും കടമയാകുന്നു. ഈ ഉദ്ദേശസാദ്ധ്യത്തിനായിട്ടാണു് സൺഡേസ്കൂളുകൾ നടത്തിവരുന്നതു്. സൺഡേസ്കൂളുകളുടെ ശരിയായ പുരോഗതിക്കു പരിശീലനംസിദ്ധിച്ച അദ്ധ്യാപകന്മാർ ആവശ്യമാണു്. സഭയെക്കുറിച്ചും വേദശാസ്ത്രത്തെക്കുറിച്ചും "ഒരു ടൺ അറിയാമെങ്കിൽ മാത്രമേ ഒരു ഔൺസ് പഠിപ്പിക്കുവാൻ കഴിക"യുള്ളു.

തിരുവനന്തപുരം ആർച്ചുബിഷോപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമനസ്സുകൊണ്ടു് ഓരോ ഇടവകയിലെ ഭാവിതലമുറയെ വാർത്തെടുക്കുന്ന സൺഡേസ്കൂൾ അദ്ധ്യാപകർക്കായി ഒരു സമ്മർക്ലാസ്സ് നടത്താൻ കഴിഞ്ഞ വർഷം തീരുമാനംചെയ്തു. അഭിവന്ദ്യതിരുമേനിതന്നെ മേയ് 10-ാം തീയതി മാർ ഈവാനിയോസ് കോളെജിൽവച്ചു് ഈ സമ്മർക്ലാസ്സ് ഉൽഘാടനംചെയ്തു. റവ. ഫാദർ മത്തായി മലഞ്ചെരുവിൽ അവർകൾ ഇതിന്റെ ഡയറക്ടറായി നിയമിതനായിരുന്നു. മുൻകൂട്ടി നിശ്ചയിച്ചിരുന്ന പ്രോഗ്രാമനുസരിച്ചു് ഓരോ ദിവസത്തേയും കാര്യപരിപാടികൾ നടന്നു. കോളെജ്ഹോസ്റ്റൽ ചാപ്പലിൽ വച്ചു് അതിരാവിലെ പ്രതിദിനം ഓരോ റീത്തിൽ വി. കുർബാനയുണ്ടായിരുന്നു. വേദശാസ്ത്രപരമായി ആർച്ചുബിഷോപ്പ് തിരുമേനി, വന്ദ്യ ദിവ്യശ്രീ പീലിപ്പോസ് റമ്പാൻ, റവ. ഫാദർ മത്തായി മലഞ്ചെരുവിൽ, റവ. ഫാദർ ക്രിസോസ്റ്റം, റവ. ഫാദർ ജോർജ് മലഞ്ചെരുവിൽ, റവ. ഫാദർ ഡാനിയൽ അയ്യനേത്തു്, മി. ഗ്രിഗറി ബി. എ. എൽ. ടി., Lama Lieu S. J. (ഫ്രാൻസുകാരൻ) റവ. ഫാദർ ജോർജ് തെക്കേടത്തു്, റവ. ഫാദർ ജോസ് മാത്യു എം. എസ്‌സി. ബി ടി., റവ. ഫാദർ സാമുവൽ മണ്ണിൽ, റവ. ഫാദർ ആൻഡ്രൂസ് ഒ. ഐ. സി. മി. ചെറിയാൻ തരകൻ ബി. എ. എൽ. ടി, റവ. ഫാദർ ലോറൻസ് തോട്ടം മുതലായവർ നടത്തിയ ക്ലാസ്സുകൾ ഏററം വിജ്ഞാനപ്രദങ്ങളായിരുന്നു. ഞാൻ അകത്തോലിക്കനായിരുന്നപ്പോൾ സംബന്ധിച്ച ചില സമ്മർക്ലാസ്സുകളിൽ സംശയംതീരാത്ത പല വിഷയങ്ങളെക്കുറിച്ചും ചർച്ചചെയ്യുന്നതിനും സംശയംതീർക്കുന്നതിനും ഇടയായി.

സമാപനദിവസം എല്ലാവരും ഒരുമിച്ചു് കുമ്പസാരിച്ചു വി. കുർബാന അനുഭവിച്ചുകഴിഞ്ഞപ്പോൾ കത്തോലിക്കാജീവിതത്തിന്റെ സ്വാദു രുചിക്കുന്നതിനു് എനിക്കു ഭാഗ്യമുണ്ടായി. ഈ സ്വർഗ്ഗസുഖം അനുഭവിക്കുന്നതിനു കേരളത്തിലെ അകത്തോലിക്കർക്കു് മാർഗ്ഗം തുറന്നുതന്ന പരേതനായ മാർ ഈവാനിയോസ് തിരുമേനിയുടെ പാവനസ്മരണയെ നവീകരിക്കുന്നതിനായി ഞങ്ങൾ കോളെജിൽനിന്നും തിരുമേനിയുടെ കബറിടത്തിലേക്കു് (13-5-56 ൽ) ഒരു തീർത്ഥയാത്ര നടത്തി. "ജപമാലയും" ആലപിച്ചുകൊണ്ടു് തെരുവീഥിയിൽക്കൂടി മന്ദമായി പുരോഗമിച്ച ആ യാത്ര തിരുവനന്തപുരം പട്ടണവാസികളുടെ ശ്രദ്ധയെ ആകർഷിച്ച ഒന്നായിരുന്നു.

സമ്മർക്ലാസിനെ ആകർഷണീയമാക്കിത്തീർത്ത വേറേയും ചില സംഗതികളുണ്ടായിരുന്നു. ആർച്ചുബിഷോപ്പ് തിരുമനസ്സുകൊണ്ടു് എല്ലാ ദിവസവും തിരുമേനിയുടെ മഹനീയസാന്നിദ്ധ്യംകൊണ്ടും പൈതൃകമായ ലാളനങ്ങൾകൊണ്ടും ഇതിനെ അനുഗ്രഹിച്ചിരുന്നു. "വി. കുർബാനയിലെ ഗീതങ്ങൾ" പഠിപ്പിച്ച റവ ഫാദർ സാമുവൽ മണ്ണിൽ അവർകളുടെ മധുരസംഗീതാലാപം കോളെജ് അന്തരീക്ഷത്തിൽ എല്ലാ ദിവസവും മുഖരിതമായിരുന്നു ഈ സമ്മർക്ലാസിൽ കായികവിനോദങ്ങൾക്കു പ്രത്യേകസമയം അനുവദിക്കപ്പെട്ടിരുന്നു.

വേദകഥകളെ ആസ്പദമാക്കി രാത്രിയിൽ നടത്തിയ പടംകാണിച്ചുള്ള പ്രസംഗം വളരെ വിജ്ഞാനപ്രദമായിരുന്നു. ഒരാഴ്ചമാത്രമേ ക്ലാസ് ഉണ്ടായിരുന്നുള്ളുവെങ്കിലും പഠിപ്പിച്ച വിഷയങ്ങൾ എത്രമാത്രം മനസ്സിലാക്കി എന്നറിയുന്നതിനു ഒരു എഴുത്തുപരീക്ഷയും നടത്തി. ഈ അതിരൂപതയിലെ എല്ലാ ഇടവകകളിൽനിന്നുമായി നൂററിഅൻപതിൽപ്പരംപേർ അതിൽ സംബന്ധിച്ചിരുന്നു. സമാപനമീററിംഗിൽ, കളികളിൽ വിജയികളായവർക്കു് സമ്മാനദാനവും ഉണ്ടായിരുന്നു.

ഈ കൊല്ലം സമ്മർക്ലാസിന്റെ സമയം സമാഗതമാകുന്നു. ദൈവത്തേയും സഭയേയും സ്നേഹിക്കുന്ന യുവജനങ്ങളും, അദ്ധ്യാപകന്മാരും, കത്തോലിക്കാവിശ്വാസവും, വേദശാസ്ത്രവുംപഠിച്ചു് പ്രേഷിതവേലചെയ്യാൻ മുന്നോട്ടു വരുവിൻ!

---

(12-ാംപേജ് തുടർച്ച)

കടിച്ചു. സാരമാക്കാതെ അവൻ വേഗം നടന്നു. പക്ഷേ പെട്ടെന്നു ഭാവങ്ങൾ പകർന്നു. ക്ഷീണം വർദ്ധിച്ചു. ഒരു വിധത്തിൽ തന്റെ അളിയന്റെ ഭവനത്തിൽഎത്തി. വിവരമറിഞ്ഞ സഹോദരി വാവിട്ടുകരഞ്ഞു. അവറാച്ചൻ വൈദ്യനെ വിളിക്കുവാൻ പടനിലത്തേക്കു് ഓടി. മേരി—മണിമലയ്ക്കു്—അമ്മയുടെ വീട്ടിൽ പോയിരിക്കുകയായിരുന്നു. അവറാച്ചൻ വന്നെത്തും മുമ്പേ അളിയന്റെ വീട്ടിൽവച്ചു് പെങ്ങളോടും പിള്ളേരോടും യാത്രപറഞ്ഞു് പാപ്പച്ചൻ പരലോകത്തേക്കു് പറന്നുപോയി.

അളിയന്റെ ഇടവകയിലെ ആ ആറടി മണ്ണിൽ പാപ്പച്ചൻ അന്തർദ്ധാനം ചെയ്തു. അനേകം ശവകുടീരങ്ങളുള്ള ആ സിമിത്തേരിയിൽ പാപ്പച്ചന്റെ ശവകുടീരത്തിനടുത്തു ഇന്നും കാണാം ഒരു യുവതി പുഷ്പാർച്ചന നടത്തി പ്രാർത്ഥിക്കുന്നതു്. അവൻ അവളെ സ്നേഹിച്ചിരുന്നെന്നു് അവൾ അറിഞ്ഞിരുന്നിരിക്കണം.

## ഇടവകവാർത്തകൾ

**ആളൂർ:** തൃശ്ശൂർ മിസ്സത്തിലെ മരിയൻ സൊഡാലിററി കേന്ദ്രസമിതിയുടെ ഒരു അസാധാരണയോഗം മിഷൻഹോമിൽവച്ചു് ജനറൽ ഡയറക്ടർ വെരി റവ ഫാദർ സക്കറിയാസ് വാഴപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ കൂടി. യുവജനങ്ങളിൽ സദാചാരനിഷ്ഠയും ഈശ്വരവിശ്വാസവും വളർത്തിക്കൊണ്ടുവരുന്നതിനു് പര്യാപ്തമായവിധത്തിൽ കേന്ദ്ര മരിയൻ സൊഡാലിററിയുടെ ആഭിമുഖ്യത്തിൽ ഒരു സഞ്ചാരവായനശാല തുടങ്ങുവാൻ തീരുമാനിച്ചു. പ്രസ്തുത വായനശാലയിൽ തൽക്കാലം അയ്യായിരം പുസ്തകങ്ങൾ ഉണ്ടായിരിക്കുന്നതിനും ഇടവകതോറും അമ്പതിൽ കുറയാത്തവിധം പുസ്തകങ്ങൾ ഓരോ മാസത്തെ അവധിവെച്ചു് വിതരണം നടത്തിക്കൊണ്ടിരിക്കുവാനുമാണു് ഇപ്പോൾ ഉദ്ദേശിച്ചിരിക്കുന്നതെന്നറിയുന്നു. വായനശാലകൾ ഇല്ലാത്ത ഇടവകകളിൽ അവ തുടങ്ങുന്നതിനു് വേണ്ട സഹായസഹകരണങ്ങൾ കേന്ദ്രസമിതിയിൽനിന്നും ചെയ്തുകൊടുക്കുന്നതുമാണു്.

**തലോർ:** സ്ഥലം കൊവേന്തകപ്പേളയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യം ഉണ്ണീശോയുടെ ബാലസംഘം എന്നിവയുടെ സംയുക്തവാർഷികം റവ. ഫാദർ ജെയിംസ് ചൊവ്വല്ലൂരിന്റെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. ബാലികാബാലന്മാരുടെ വിവിധവിനോദപ്രകടനങ്ങളും യോഗാനന്തരം "ജീവാർപ്പണം" "സിസ്റ്റർ എയിഞ്ചൽ" എന്ന പ്രഹസനാഭിനയവുമുണ്ടായിരുന്നു. മരിയാസഖ്യാംഗങ്ങൾ ആരംഭിച്ചിരിക്കുന്ന "ഓർക്കെസ്ട്റാ"യുടെ ഉൽഘാടനം വെരി റവ. ഫാദർ എയിമാർഡ് സി. ഡി. തദവസരത്തിൽ നിർവ്വഹിക്കുകയുണ്ടായെന്നുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമാണു്.

**ചേലൂർ:** നവീനരീതിയിൽ ലൂർദ്ദ് സെൻറിനറി സ്മാരകമായി പണിതിട്ടുള്ള ഫാത്തിമാമാതാവിന്റെ കപ്പേളയുടെ വെഞ്ചരിപ്പുകർമ്മം തൃശ്ശൂർ മെത്രാൻ മോസ്റ്റ് റവ. ഡോക്ടർ ജി. സി. ആലപ്പാട്ടു് തിരുമനസ്സുകൊണ്ടു് മേയ് 19-ാംനു ഞായറാഴ്ച നിർവ്വഹിക്കുന്നതാണു്.

**മൈലപ്രാ:** സി വൈ എം എ യുടെ പ്രഥമവാർഷികം ഏപ്രിൽ 28-ാംനു ഞായറാഴ്ച പകൽ 2 മണിക്കു് മൈലപ്രാ മാർ ഈവാനിയോസ് ഹാളിൽവച്ചു പത്തനംതിട്ട തഹസീൽദാർ ശ്രീ വി. പി. ജോർജ്ജ് ബി. എ. ബി. എൽ. ന്റെ മഹനീയാദ്ധ്യക്ഷതയിൽ സമംഗളം നടന്നിരിക്കുന്നു. അദ്ധ്യക്ഷപ്രസംഗാനന്തരം സംഘടനയ്ക്കു ഒരു കൊല്ലംകൊണ്ടുണ്ടായിട്ടുള്ള അഭിവൃദ്ധിയേയും സംഘടനയുടെ പ്രവർത്തനങ്ങളേയും വിശദീകരിച്ചു സെക്രട്ടറി റിപ്പോർട്ടു സമർപ്പിക്കയുണ്ടായി. യോഗത്തിൽ ശ്രീ എബ്രാഹാം മണ്ണാസ്കൂൽ ബി. എ. ബി. എൽ., ശ്രീ എം. ജി. ജോർജ്ജ് ബി. എ എന്നിവരുടെ പ്രസംഗങ്ങൾ ഉണ്ടായിരുന്നു. സംഗീതം കലാപ്രകടനങ്ങൾ എന്നിവയാൽ യോഗം അത്യന്തം ആകർഷണീയമായിരുന്നു.

**കറുകുററി:** പള്ളിയാൻ കുഞ്ഞിലോന മകൾ സിസ്റ്റർ മേരി ഏണസ്റ്റയുടെ സഭാവസ്ത്രസ്വീകരണം ഏപ്രിൽ 25-ാംനു കൊരട്ടി പള്ളിയിൽവച്ചു നടത്തപ്പെട്ടു.

—ാ—

# മറിയമേ! നീ വരിക!

("മാരിവില്ലിൻ തേന്മലരേ" എ. മ.)

സ്നേഹവാടി തന്നചരേ വാടി നിൽക്കയോ,
വാടീനിൽക്കയോ...
നാഥേ, നാഥേ, മാനവരെല്ലാം
വിറപൂണ്ടു നിൽക്കവേ
നിൻമൃദുസ്നേഹത്തേന്മഴ തൂകാൻ
നീ കനിയില്ലേ... ...............സ്നേഹവാ...

ദ്യോവിൽനിന്നൊരു സ്നേഹജ്വാലയുമായി
ഭുവനേശൻ ലോകത്തു വന്നൂ
അഴൽപൂണ്ടു കേണൊരാ മാനവർക്കാതെ
അഴകെഴുമാശ്വാസമേകി... ...സ്നേഹവാ...

സുരലോകകന്യക പുഞ്ചിരിതൂകി
താരകപ്പുഞ്ചിരിപോലെ
ഒളിവിതറിമിന്നുമാ സ്നേഹത്തിൻ ഹാസം
വെളിവായിപ്പാരിടമെല്ലാം......സ്നേഹവാ...

ഒരുനവതേജസ്സിൽ പൊന്നുഷസ്സായി
മെയ്മാസം വന്നുപിറന്നൂ
മെയ്മാസചന്ദ്രികേ! പാലൊളി തൂകാൻ
മറിയമേ! നീ വരികില്ലേ?......സ്നേഹവാ...

മനമാകെ നിൻസ്നേഹപ്പൊയ്കയിലാഴ്ത്തി
കനമുള്ളൊരഴലു നീ നീക്കി
അനഘമാം നിന്നുടെ ദിവ്യലോകത്തിൽ
മനുജരെ കാക്കണേ, നാഥേ!!.......സ്നേഹവാ...

(ജോസഫ് കാച്ചപ്പള്ളി, പൂവ്വത്തുശ്ശേരി)

---

## Sisters of Charity (Bengal Province)

മുൻ പ്രസ്താവിച്ചിരുന്നതുപോലെ ഉപവിയുടെ സഹോദരികളുടെ ബംഗാൾ പ്രോവിൻസിൽചേർന്നു പ്രേഷിതവേല ചെയ്യുവാൻ ആഗ്രഹിക്കുന്ന അർത്ഥിനികളെ സ്വീകരിക്കുന്നതിനു വന്നിട്ടുള്ള രണ്ടു സഹോദരികൾ താഴെ പറയുന്ന സ്ഥലങ്ങളിൽ അതാതു തീയതികളിൽ ഉണ്ടായിരിക്കുന്നതാണു്. അർത്ഥിനികൾ എസ്. എസ്. എൽ. സി. എങ്കിലും പാസ്സായിരിക്കണം.

| | |
|---|---|
| ഭരണങ്ങാനം ക്ലാരമഠം | മേയ് 7 — 8 |
| പാലാ ക്ലാരമഠം | മേയ് 9 — 10 |
| ആരക്കുഴ കർമ്മലീത്താമഠം | മേയ് 11—12 |
| എറണാകുളം ഹൗസ് ഓഫ് പ്രോവിഡൻസ് | മേയ് 13—19 |

Sr. Angelica, Sr. Josephine


---

## ചരമവാർത്തകൾ

**കൂടല്ലൂർ:** കൂടല്ലൂർ പുത്തൻപള്ളി ഇടവക പുത്തൻപുരയിൽ ചാക്കോ ഭാര്യ ഏലി 88-ാമത്തെ വയസ്സിൽ ഏപ്രിൽ 22-ാംനു വെളുപ്പിനു് 3 മണിക്കു് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം 8 മണിക്കു് പരേതയുടെ പുത്രൻ റവ. ഫാദർ പുത്തൻപുരയുടെ പ്രധാനകാർമ്മികത്വത്തിലും മററു 15 ബ. വൈദികരും ബന്ധുമിത്രാദികളുമുൾപ്പെടെ ഒരു വലിയ ജനാവലിയുടെ സാന്നിദ്ധ്യത്തിലും ആരംഭിച്ചു കോട്ടയം മെത്രാനച്ചൻ തിരുമനസ്സിലെ പ്രതിനിധി മോൺ: സിറിയക്കു മററത്തിന്റെ പ്രധാനകാർമ്മികത്വത്തിൽ സമാപനകർമ്മാദികൾക്കുശേഷം സംസ്കരിക്കപ്പെട്ടു. വീട്ടിൽവച്ചു് റവ. ഫാദർ അലക്സാണ്ടർ ചെട്ടിയാത്തും, പള്ളിയിൽവച്ചു മോൺ. സിറിയക്കു് മററത്തിലും ചരമപ്രസംഗങ്ങൾ നടത്തി.

**ഞാറയ്ക്കൽ:** ഈ ഇടവക ശ്രീ എസ്. സി. ലോനപ്പൻ ആത്മത്തിനുവേണ്ടുന്ന അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ടു് മേയ് 3-ാംതീയതി വൈകുന്നേരം 6 മണിക്കു് കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം വൈകുന്നേരം 4 മണിക്കു യഥാവിധി നടത്തപ്പെട്ടു.

R. I. P.



# സിസ്റ്റർ അൽഫോൻസായുടെ കബറിടം തുറക്കൽ

(വെരി റവ. ഫാദർ ജെ. സി. കാപ്പൻ, വൈസ് പോസ്റ്റുലേറ്റർ)

ദൈവദാസിയായ സി. അൽഫോൻസായുടെ ശവകുടീരം തുറക്കുക എന്ന സുപ്രതീക്ഷിതമായ സംഭവം 1957 ഏപ്രിൽ 13-ാം തീയതി നടന്നു. ശവകുടീരം തുറക്കുന്ന തീയതി പരമരഹസ്യമായി സൂക്ഷിച്ചിരുന്നു. അതിൽ സംബന്ധിക്കേണ്ടവരെപ്പോലും അവസാനവിനാഴികയിലാണ് വിവരം അറിയിച്ചതു്. എങ്കിലും ചടങ്ങുകൾ ആരംഭിച്ചപ്പോൾ തന്നെ സിമിത്തേരിക്കപ്പേളയുടെ പരിസരങ്ങൾ ജനനിബിഡമായിരുന്നു. ജനാലകളിൽക്കൂടിയെങ്കിലും നടപടികൾ ഒരുനോക്കു കാണുവാൻ ജനങ്ങൾ തിക്കും തിരക്കും കൂട്ടിയിരുന്നു. റിസർവ്വ്പോലീസിന്റെ സമർത്ഥമായ നിയന്ത്രണം ഉണ്ടായിരുന്നുവെന്നുള്ളതു് പ്രത്യേകം പ്രസ്താവാർഹമാണ്. തദവസരത്തിൽ ഉദ്ദേശം പതിനായിരത്തോളമെങ്കിലും ആളുകൾ സന്നിഹിതരായിരുന്നുവെന്നു ഊഹിക്കപ്പെടുന്നു.

രാവിലെ കൃത്യം 7 മണിക്കാരംഭിച്ച ചടങ്ങുകൾ പറയത്തക്ക ഇടതടവുകൾ ഒന്നും കൂടാതെ രാത്രി സുമാർ 7-10 വരെ തുടർച്ചയായി നടന്നു തികച്ചും ഔദ്യോഗികചടങ്ങെന്നനിലയിൽ ഇതിൽ സംബന്ധിക്കേണ്ടവരുടെ സംഖ്യ ക്ലിപ്തപ്പെടുത്തിയിരുന്നു. ഈ ചടങ്ങുകളിൽ ഔദ്യോഗികനിലയിൽ സംബന്ധിക്കേണ്ടിയിരുന്ന കോടതി (Tribunal) അംഗങ്ങൾക്കു പുറമെ ഡോക്ടർമാർ, സാക്ഷികൾ, ജോലിക്കാർ എന്നിവരും മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് പ്രത്യേകാനുമതി നൽകിയിരുന്ന ചുരുക്കം ചില വ്യക്തികളും മാത്രമേ കപ്പേളയിൽ സന്നിഹിതരായിരുന്നുള്ളു.

സി. അൽഫോൻസായുടെ ഭൗതികാവശിഷ്ടങ്ങൾ അടക്കംചെയ്തിരുന്ന കപ്പേളയുടെ വാതിലുകളെല്ലാം മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് സപരിവാരം അകത്തുപ്രവേശിച്ചതോടുകൂടി അടയ്ക്കപ്പെട്ടു. പ്രാരംഭപ്രാർത്ഥനയ്ക്കുശേഷം വിശ്വാസസംരക്ഷകൻ തന്റെ ഔദ്യോഗികനിലയിൽ അഭിവന്ദ്യതിരുമേനിയോടു് ഒരഭ്യർത്ഥന നടത്തുകയാണുണ്ടായതു്. ഇതിൽ സംബന്ധിക്കുന്ന ഡോക്ടർമാർ, സാക്ഷികൾ, ജോലിക്കാർ തുടങ്ങിയവർ തങ്ങളേറെറടുത്തിരിക്കുന്ന കൃത്യങ്ങളെല്ലാം ആത്മാർത്ഥതയോടെ നിർവ്വഹിച്ചുകൊള്ളാമെന്നു് കാനൻനിയമമനുസരിച്ചു് സത്യപ്രതിജ്ഞയും വാഗ്ദാനവും ചെയ്തശേഷമേ നടപടികൾ ആരംഭിക്കാവൂ എന്നായിരുന്നു അതിന്റെ സാരം. ഇതുകഴിഞ്ഞു് നടക്കുവാൻപോകുന്ന സംഗതികളുടെ സാരവും പ്രാധാന്യവും സംക്ഷിപ്തമായി വിവരിച്ചുകൊണ്ടു് പ്രധാന ജഡ്ജി വെരി റവ. ഫാദർ റോമയോ തോമസ് ടി. ഒ. സി. ഡി. ഒരു ലഘുപ്രഭാഷണംചെയ്തു.

ദൈവദാസിയുടെ ശവക്കല്ലറ ഇന്നതെന്നു ചൂണ്ടിക്കാണിക്കുവാൻ ചുമതലപ്പെട്ടിരുന്ന രണ്ടു സാക്ഷികളെ ഓരോരുത്തരായി വിളിച്ചു് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് അവരിൽനിന്നു് ഉദ്ദിഷ്ട ശവകുടീരം ഏതെന്നു നിർദ്ധാരണംചെയ്തു്, തിരുമേനി വേണ്ടപ്പെട്ട ഉദ്യോഗസ്ഥന്മാരാൽ പരിസേവിതനായി അതിനെ സമീപിച്ചു. തുടന്നു് ശവകുടീരത്തിന്റെ അപ്പോഴത്തെ ബാഹ്യാകാരത്തേയും സ്ഥാനത്തേയും സംബന്ധിച്ചുള്ള വിവരങ്ങൾ റിക്കാർഡു ചെയ്തശേഷം നോട്ടറി താഴെ വരുന്ന കല്പന ഉച്ചത്തിൽ വായിച്ചു: "ശവകുടീരത്തിലോ, ഭൗതികാവശിഷ്ടങ്ങളിലോ, വസ്ത്രങ്ങളിലോ, ശവപ്പെട്ടിയിലോനിന്നു് എന്തെങ്കിലും അപഹരിക്കുകയോ മേല്പറഞ്ഞവയിൽ എന്തെങ്കിലും നിക്ഷേപിക്കുകയോ ചെയ്യുവാൻ മുതിരുന്നവർ പരിശുദ്ധ പിതാവിനുമാത്രം പോക്കുവാൻപാടുള്ള മഹറോൻശിക്ഷയിൽ അതിനാൽതന്നെ ഉൾപ്പെടുന്നതാണ്."

അടുത്തതായി ശവകുടീരം തുറക്കുന്നതിനു് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടാജ്ഞാപിച്ചു. തദനുസാരം ശവകുടീരത്തിന്റെ ഉപരിഭാഗത്തുണ്ടായിരുന്ന സിമൻറുപലക നീക്കി ശവകുടീരത്തിലെ മണ്ണു് ഏകദേശം മൂന്നരയടിയോളം സാവധാനത്തിൽ മാററിക്കഴിഞ്ഞപ്പോൾ അൽഫോൻസാമ്മയെ അടക്കംചെയ്തിരുന്ന പെട്ടിയുടെ മിക്കവാറും ജീർണ്ണിച്ച മൂടിപ്പലക കാണപ്പെട്ടു. ആ പലക മാററിയപ്പോൾ ശയനാവസ്ഥയിലുള്ള മനുഷ്യരൂപം വ്യക്തമായി കാണപ്പെട്ടു. ശവപ്പെട്ടിയുടെ അടിഭാഗത്തു് ഒരു നാകപ്പലകവച്ചു് ശരീരം കാണത്തക്കവിധത്തിൽ ഉയർത്തി ഒരു മേശപ്പുറത്തു നിക്ഷേപിച്ചു. മണ്ണു പുരണ്ടിരുന്ന ഒരു കറുത്ത ശിരോവസ്ത്രം ശിരസ്സിൽ ദൃശ്യമായി. ശരീരം കാൽമുട്ടുവരെ സന്യാസവസ്ത്രത്താൽ ആച്ഛാദനം ചെയ്യപ്പെട്ടാണിരുന്നതു്. തവിട്ടുനിറത്തോടു കൂടിയിരുന്ന ഈ വസ്ത്രത്തിനു പറയത്തക്ക വ്യത്യാസമൊന്നും ഉണ്ടായിരുന്നില്ല. കാൽമുട്ടുകൾക്കു താഴെയുള്ള ശരീരാവശിഷ്ടങ്ങൾ മണ്ണുപിടിച്ചാണു കാണപ്പെട്ടതു്. ഈ ഭാഗത്തെ പെട്ടിയുടെ പലക മിക്കവാറും ജീർണ്ണിഭവിച്ചുപോയിരുന്നു.

കൊന്ത ചുററിയിരുന്ന ഒരു ചെറിയ മരക്കുരിശു പിടിച്ചുകൊണ്ടു് കൈകളുടെ അസ്ഥികൾ ക്ലിപ്തരീതിയിൽത്തന്നെ ദൃശ്യമായിരുന്നു. പുഷ്പമഞ്ജരിയുടെ തണ്ടുകളും ഇലകളും ഭേദിച്ചുപോകാതേയും കെട്ടുകൾപോലും അഴിയാതേയും കുരിശിനടിയിൽ കാണപ്പെട്ടു എന്നുള്ളതു് പ്രത്യേകം സ്മർത്തവ്യമാണ്. കഴുത്തിൽ ധരിച്ചിരുന്ന തിരുഉത്തരീയത്തിനു് പറയത്തക്ക കേടുപാടുകൾ ഒന്നും തന്നെ സംഭവിച്ചിരുന്നില്ല. ക്ലാരസഭാംഗങ്ങൾ സാധാരണ ധരിക്കാറുള്ള വലിയ ജപമാല ഇടത്തുവശത്തു് അരയ്ക്കു താഴെയായി കിടന്നിരുന്നു. എന്നാൽ അരക്കെട്ടു ദൃശ്യമായിരുന്നില്ല. ഒരുജോടി കാൻവാസ്ഷൂസിന്റെ അടിഭാഗം കേടുകൂടാതെ ലഭിച്ചു.

ഏതാണ്ടു ജീർണ്ണാവസ്ഥയിലിരുന്ന കറുത്ത ശിരോവസ്ത്രം മാററിയപ്പോൾ തലമുടി ഒട്ടും കൊഴിഞ്ഞുപോകാതെ സാധാരണഗതിയിൽ കാണപ്പെട്ടു. തലച്ചോറിന്റെ ഉണങ്ങിവരണ്ട അംശങ്ങൾ തലയോടിനുള്ളിൽ അവശേഷിച്ചിരുന്നു. ഒരണപ്പല്ലൊഴികെ എല്ലാ പല്ലുകളും യഥാസ്ഥാനങ്ങളിൽ സ്ഥിതിചെയ്തിരുന്നു. അസ്ഥികളെല്ലാം യാതൊരു കേടുംകൂടാതെയാണിരുന്നതു്. ചങ്കു്, കരളു്, തുടങ്ങിയ ആന്തരികാവയവങ്ങൾ ഉണങ്ങിയരൂപത്തിൽ യഥാസ്ഥാനങ്ങളിൽ ദൃശ്യമായി.

തദനന്തരം മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് ഡോക്ടർമാരോടു് ദൈവദാസിയുടെ ഭൗതികാവശിഷ്ടം വേണ്ടവണ്ണം പരിശോധിച്ചു് ഒരു റിപ്പോർട്ടു സമർപ്പിക്കുന്നതിനാജ്ഞാപിച്ചു. അപ്രകാരം തയ്യാർചെയ്തു സമർപ്പിച്ച റിപ്പോർട്ടു് നോട്ടറി ഉച്ചത്തിൽ വായിക്കുകയും ഡോക്ടർമാർ അതു സ്ഥിരീകരിച്ചു് ഒപ്പിടുകയുംചെയ്തു. ഈയവസരത്തിൽ ദൈവദാസിയുടെ ശവകുടീരം പരിഷ്ക്കരിച്ചു് തയ്യാറാക്കുന്നതിൽ ജോലിക്കാർ വ്യാപൃതരായിരുന്നു. നാകപ്പലകകൊണ്ടും, ആഫ്രിക്കൻതേക്കുകൊണ്ടും, സ്റ്റീൽകൊണ്ടും നിർമ്മിച്ച മൂന്നു പെട്ടികൾ ഒന്നിനകത്തു മറെറാന്നായി സജ്ജീകരിച്ച പേടകമാണു് ദൈവദാസിയുടെ ഭൗതികാവശിഷ്ടം നിക്ഷേപിക്കുന്നതിനു തയ്യാർചെയ്തിരുന്നതു്. ദൈവദാസിയുടെ ശരീരത്തിൽ അവശേഷിച്ചിരുന്ന വസ്ത്രാംശങ്ങളും, പെട്ടിയുടെ അംശങ്ങളും മററും വിവിധ കെട്ടുകളാക്കി കെട്ടി മുദ്രവച്ചു് ബ: വൈസ് പോസ്റ്റുലേററെ ഏല്പിച്ചു. അനന്തരം ദൈവദാസിയുടെ ഭൗതികാവശിഷ്ടങ്ങൾ ക്രമീകരിച്ചു്, പുതിയ സഭാവസ്ത്രം അണിയിച്ചു് മേല്പറഞ്ഞ പേടകത്തിൽ നിക്ഷേപിച്ചു. ദൈവദാസിയുടെ പേരും കബറിടം തുറന്ന തീയതിയും ചർമ്മപത്രത്തിലെഴുതിയ ഒരു ലിഖിതം ഒരു സ്ഫടികക്കുപ്പിയിലടക്കംചെയ്തു് അതിനെ വെള്ളിക്കുഴലിലാക്കി പ്രസ്തുത പേടകത്തിൽവച്ചു. പേടകം ഭദ്രമായി അടച്ചുപൂട്ടി അതിന്മേൽ മെത്രാനച്ചന്റെ മുദ്ര അടിച്ചു. കബറിടത്തിലുണ്ടായിരുന്ന മണ്ണു് കുഴിയുടെ അടിയിൽ നിരത്തി അതിനുപരി ഇഷ്ടികകൾ പതിച്ചുശേഷം അൽഫോൻസായുടെ ഭൗതികാവശിഷ്ടങ്ങൾ ഉൾക്കൊള്ളുന്ന പേടകം അതിന്മേൽ സ്ഥാപിച്ചു. ബലിഷ്ഠമായ ഒരു സിമൻറു "സ്ലാബു"കൊണ്ടു് കല്ലറ മൂടുകയും അതിനു മുകളിലായി കുരിശോടും ലിഖിതങ്ങളോടുംകൂടിയ ഒരു മാർബിൾശില സ്ഥാപിക്കുകയുംചെയ്തു.

കബറിടം തുറക്കൽ സംബന്ധിച്ച നടപടികളുടെ വിശദവിവരങ്ങൾ നോട്ടറി അതാതുസമയങ്ങളിൽ എഴുതിയിരുന്നു. പ്രസ്തുത നടപടിയിൽ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടും മററു കോടതി അംഗങ്ങളും ഒപ്പുവച്ചതോടെ ചടങ്ങുകൾ പര്യവസാനിച്ചു.

ഇവിടത്തെ പ്രതികൂലമായ കാലാവസ്ഥയിൽ അഞ്ചാറുകൊല്ലം കഴിഞ്ഞാൽ അടക്കംചെയ്ത ദേഹത്തിന്റെ അവശിഷ്ടങ്ങൾ കാണുവാൻ അധികമൊന്നും സാധിക്കയില്ലെന്നുള്ള അനുഭവജ്ഞാനമാണു് സിസ്റ്റർ അൽഫോൻസായുടെ കബറിടം ഇത്രയുംവേഗം തുറക്കുന്നതിനു പ്രേരകമായി നിന്നതു്. അൽഫോൻസാമ്മ മരിച്ചിട്ടു് പതിനൊന്നുവർഷത്തോളമായെങ്കിലും—വെറും പാലപ്പെട്ടിയിലാണു് സംസ്കരിച്ചതെന്നുള്ള വസ്തുതയും സാധാരണയിൽ കവിഞ്ഞു് ഈറപ്പുമുള്ള സിമിത്തേരിയുടെ പ്രകൃതിയും മുന്നനുഭവങ്ങളും പരിഗണിക്കുമ്പോൾ ഇത്രമാത്രം അവശിഷ്ടങ്ങൾ ലഭിക്കുകയെന്നതു് അസാധാരണവും പ്രത്യേകദൈവാനുഗ്രഹസൂചകവുമായി കരുതുന്നതിൽ അസാംഗത്യം ഒട്ടുംതന്നെ ഇല്ല.

## Medical Sisters of St. Joseph, Dharmagiri

***Kothamangalam***

പ്രസ്തുത സഭയിൽചേന്നു് ദൈവസേവനവും ആതുരശുശ്രൂഷയും ചെയ്യുന്നതിനു് സന്നദ്ധതയുള്ളവരും, ആരോഗ്യമുള്ളവരും ആയ സ്കൂൾഫൈനൽ പാസ്സായവരോ, ഉന്നതബിരുദധാരികളോ ആയ യുവതികളെ ആവശ്യമുണ്ടു്. അപേക്ഷകർ ജൂൺ 1-ാംതീയതിക്കകം അപേക്ഷകൾ അയച്ചിരിക്കണം.

മദർ ജനറൽ




## നെടുവീർപ്പുകൾ

(പൊൻകുന്നം തോമസ്)

(തുടർച്ച)

ആ ഗ്രാമത്തിലുള്ള സക്കാർ ആശുപത്രിയുടെ സിമൻറുതറയിൽ വെറുമൊരു കീറപ്പായും ചാക്കും വിരിച്ചു് മാത്തൻചേട്ടൻ കിടക്കാൻതുടങ്ങിയിട്ടു് ഒന്നരയാഴ്ച കഴിഞ്ഞു. അയാളുടെ നെററിയിലും വലത്തെ കാലിലും ഓരോ വച്ചുകെട്ടുകളുമുണ്ടു്.

കണ്ണുനീരൊഴുക്കിയും പട്ടിണികിടന്നും അവശയായ അമ്മിണി അയാളുടെ സമീപത്തുതന്നെ മൗനമായി കഴിച്ചുകൂട്ടുകയാണു്. ഒരിളംതെന്നലിൽ അവളുടെ എണ്ണമയമില്ലാത്ത ചുരുണ്ട തലമുടിനാരുകൾ തത്തിക്കളിച്ചുകൊണ്ടിരിക്കുന്നു. ആ പാവങ്ങൾ കിടക്കുന്ന ഭാഗത്തേക്കു ആരുമൊന്നു നോക്കുന്നുപോലുമില്ല. തെണ്ടികളും തിരാരോഗികളും കിടക്കുന്ന ആ വൃത്തികെട്ട സ്ഥലത്തേക്കു ആരും തന്നെ തിരിഞ്ഞുകയറുന്നുമില്ല. കാറിലും ജീപ്പിലുമൊക്കെ പണക്കാരും കമനീമണികളും ആശുപത്രിയുടെ ഗെയിററിങ്കൽ വന്നിറങ്ങുന്നതും, ഡോക്ടറെ കണ്ടശേഷം തിരിച്ചുപോകുന്നതുമെല്ലാം അമ്മിണിക്കു അവിടെയിരുന്നു കാണാമായിരുന്നു. മൂളിപ്പാട്ടുപാടുന്ന കൊതുകളും ഈച്ചകളും അവരെ കൂടെക്കൂടെ സന്ദശിക്കാറുണ്ടു്.

ആ നിസ്സഹായരുടെ കഷ്ടപ്പാടുകൾകണ്ടു സഹതാപംതോന്നിയ വൈദ്യൻ ചാക്കോച്ചനും മററു ചിലരും വല്ലപ്പോഴും ആ വഴിക്കൊന്നു വന്നെങ്കിലായി; കരുണാപൂർവ്വം എന്തെങ്കിലും കൊടുത്തെങ്കിലായി. ആശുപത്രിയിൽനിന്നും മാത്തൻചേട്ടനുമാത്രം വെറുതെ കിട്ടുന്ന കഞ്ഞികൊണ്ടു് രണ്ടു വയറുകൾ കഷ്ടിച്ചുകഴിയുകയാണു്. ആ അപ്പനും മകളും വേദനകളും, കഷ്ടപ്പാടുകളും കുടിച്ചിറക്കുകയും, എണ്ണും നിലയ്ക്കാത്ത ദിനരാത്രങ്ങൾ നിശ്ശബ്ദമായി കടന്നുപോകുകയും ചെയ്തുകൊണ്ടിരുന്നു.

ഇനിയും മഴ തീർത്തു മാറിയിട്ടില്ല. ചാററൽമഴ കൂടക്കൂടെ പെയ്യുന്നുണ്ടു്. ആകാശം തെളിഞ്ഞും ഇരുണ്ടും കാണപ്പെടുന്നു. കൊച്ചു റോഡുകളും ഇടവഴികളും മൂന്നടിപ്പാതകളുമെല്ലാം ചെളിവെള്ളം കെട്ടിക്കിടക്കുകയാണു്. ജോലിക്കാക്കും വള്ളമൂന്നുകാക്കും കാളവണ്ടിക്കാക്കും സ്ഥിരമായ ജോലികളില്ലാതെ തങ്ങളുടെ വീടുകളിൽ പട്ടിണിയുമായി മല്ലടിച്ചുകഴിയുന്നു.

"അപ്പാ" പടിഞ്ഞാറേ ആകാശത്തിലേക്കു കണ്ണുകളോടിച്ചുകൊണ്ടു് മിണ്ടാതിരുന്ന മാത്തൻചേട്ടനെ അമ്മിണി വന്നുവിളിച്ചു. അവൾ ഡോക്ടരുടെ അടുക്കൽ മരുന്നു വാങ്ങിക്കാൻ പോയതായിരുന്നു.

"ഉം...എന്നാ മോളേ?"

"ഇന്നെന്നോടു ഏമാനൻ അപ്പനു സാരമില്ലെന്നും, മുറിവൊക്കെ കരിഞ്ഞെന്നും, ഇനി ഇവിടെ കെടക്കാനൊക്കത്തില്ലെന്നും ഇന്നുതന്നെ വീട്ടിലോട്ടു പൊക്കോളാനും തീർത്തുപറഞ്ഞു."

"എന്റെ പെണ്ണേ! ഞാനും അതൊക്കെ ഓർത്തോണ്ടിരിക്കുവാരുന്നു. ഇനി നമ്മളെങ്ങോട്ടുപോകും. എവിടെപ്പോയി ഒന്നന്തിയുറങ്ങും. ആരൊണ്ടൊരു സഹായത്തിനു്. എനിക്കാണെങ്കിൽ ഒരു ചൊവടു നടക്കാൻമേല. ദേഹത്തും നടുവിനും വലിയ വേദന. ങ്ഹ്ഹം. എല്ലാം നമ്മുടെ കഷ്ടകാലം" അയാൾ സങ്കടംകലന്ന സ്വരത്തിൽ പറഞ്ഞുനിറുത്തി.

"എന്റെ ദൈവമേ! ഞങ്ങളിനീം എവിടേക്കുപോകും. വീടുമില്ല കൂടുമില്ല. ഒന്നു തലചായ്ക്കാൻപോലുമിടമില്ല. ആ ഇടിഞ്ഞുപൊളിഞ്ഞ പെര ആരെന്നു നന്നാക്കാനാ. ഏതായാലും മാനമെല്ലാം കളഞ്ഞു്, ചിരട്ടയുമായി നാട്ടുവഴിയിലോട്ടിറങ്ങിയാൽ മതി. കഷ്ടം! മനുഷ്യന്റെ ഗതി." അമ്മിണി നൊമ്പരപ്പെടുത്തുന്ന ജീവിതചിന്തകളിലേക്കു ഇഴഞ്ഞിറങ്ങി.

"മാത്തൻചേട്ടാ" ആരോ പുറകിൽ വന്നുനിന്നു വിളിച്ചപ്പോഴാണു് വിചാരമഗ്നരായി കഴിഞ്ഞിരുന്ന മാത്തൻചേട്ടനും അമ്മിണിയും തിരിഞ്ഞുനോക്കിയതു്. അതു് ചാക്കോച്ചനായിരുന്നു. അയാളുടെ കൈയിൽ എന്തോ ഒരു പൊതിക്കെട്ടുമുണ്ടു്.

"എങ്ങനെയിരിക്കുന്നു മുറിവൊക്കെ?" ചാക്കോച്ചൻ ചോദിച്ചു.

"ഓ...സാരമില്ല മക്കളേ! ഇന്നുതന്നെ ഇവിടന്നു് എങ്ങോട്ടെങ്കിലും പൊയ്ക്കോളാൻ ഏമാനൻ നിർബന്ധിച്ചു പറഞ്ഞിരിക്കുവാ."

"എന്റെ പൊന്നു ചാക്കോച്ചാ! ഞങ്ങളിനി എങ്ങോട്ടിറങ്ങിപ്പോകും. കിടക്കാൻ ഒരു പുരപോലുമില്ല. സ്നേഹമുള്ള ബന്ധുക്കാരോ അയൽവാസികളോ ഇല്ല. പിന്നെ എല്ലാംകൂടി നിങ്ങളൊരു വീട്ടുകാരുമാത്രം" അമ്മിണി സഗദ്ഗദം പറഞ്ഞു.

"നീങ്ങളു വെഷമിക്കാനൊന്നുമില്ല. ദൈവമെങ്കിലും ഒരു സഹായത്തിനു കാണും" ചാക്കോച്ചൻ അലസമായി മറുപടിനൽകി.

മാത്തനൊന്നു നിവന്നിരുന്നു. "മോനേ!...ആ പെരയൊന്നു പൊക്കിവച്ചുതരാമോ? എന്നെക്കൊണ്ടു നടക്കാൻപോലും മേല. ഞങ്ങളല്ലെങ്കിൽ എവിടെപോയി കെടക്കും?"

"ങ്ഹ...പെര വേണമെങ്കിൽ നന്നാക്കിത്തരാം. നാളെ സന്ധ്യയാകാറാകുമ്പോഴത്തേക്കു അങ്ങു വന്നാൽമതി. ഡോക്ടറോടു കാര്യം പറഞ്ഞു് ഇന്നുകൂടെ ഇവിടെ കെടക്കു" ചാക്കോച്ചൻ എഴുന്നേററു മുററത്തിറങ്ങി. കൈയിലിരുന്ന പൊതിക്കെട്ടും ഒരു രണ്ടുരൂപാനോട്ടും അമ്മിണിയുടെനേരെ അയാൾ നീട്ടി. പക്ഷെ അവളതു കൈകൊണ്ടു വാങ്ങിച്ചില്ല. അയാൾ രൂക്ഷമായി അമ്മിണിയെ ഒന്നു നോക്കിയശേഷം അവ മാത്തന്റെ മുമ്പിലേക്കിട്ടിട്ടു എങ്ങോട്ടോ പോകുകയുംചെയ്തു.

അന്നു വൈകിട്ടും ആ പട്ടിണിപ്പാവങ്ങൾ ആശുപത്രിത്തിണ്ണയിൽതന്നെ കൊതുകുകടിയും തണുപ്പുമേററു കിടന്നു. അമ്മിണി താഴെയുള്ള കാപ്പിക്കടയിൽപോയി വാങ്ങിച്ചുകൊണ്ടുവന്ന റൊട്ടിയും, വടയും, കടുംകാപ്പിയുമായിരുന്നു അന്നത്തെ അവരുടെ ഭക്ഷണം. ആ കിടക്കപ്പായിലിരുന്നു് അവർ നിശ്ശബ്ദമായി സന്ധ്യാജപങ്ങൾ മുഴുവൻ ചൊല്ലി. അന്നുരാത്രി അമ്മിണി ഒന്നു നല്ലതുപോലെ ഉറങ്ങിയെങ്കിലും, മാത്തൻചേട്ടൻ ദേഹത്തെ വേദനയും മനസ്സിലെ ചിന്തകളും കാരണം ഉറങ്ങിയതേയില്ല. അന്ത്യയാമത്തിൽ അയാളൊന്നു മയങ്ങിക്കാണും. തളർന്നുറങ്ങുന്ന അവരെ പുലരി തട്ടിയു...

ആശുപത്രിയുടെ വരാന്തയോടു അവർ യാത്രപറഞ്ഞുപിരിഞ്ഞപ്പോഴും, ഡോക്ടരുടെ അടുക്കൽ ചെന്നു് ഏതോ മരുന്നിനു കുറിച്ചു വാങ്ങുമ്പോഴും, നാട്ടുവഴികളും, ഊടുവഴികളും, പറമ്പുകളുമെല്ലാം ബദ്ധപ്പെട്ടു കടന്നുപോകുമ്പോഴും അമ്മിണി ശോശാമ്മയെപ്പററിയും ആ കുഴിമാടത്തെപ്പററിയും തന്റെ ഇരുളടഞ്ഞ ഭാവിയെപ്പററിയും അപ്രതീക്ഷിതമായുണ്ടായ അപകടങ്ങളെക്കുറിച്ചും ഖേദപൂർവ്വം ചിന്തിച്ചുകൊണ്ടിരുന്നു. അവളുടെ കൺപോളകളിൽ തങ്ങിനിന്ന ബാഷ്പബിന്ദുക്കളിൽ സൂര്യ്യകിരണങ്ങൾ തട്ടി പ്രതിഫലിച്ചു.

അവർ തങ്ങളുടെ ഗ്രാമദേവാലയത്തിൽ കയറുകയും, ഭാരം ചുമക്കുന്നവരേയും കഷ്ടപ്പെടുന്നവരേയും കണ്ണീരൊഴുക്കുന്നവരേയും സമാശ്വസിപ്പിക്കാൻ കാത്തിരിക്കുന്ന ആ സ്നേഹസ്വരൂപന്റെ തിരുസന്നിധിയിൽ അഞ്ചാറുമിനിട്ടുനേരം കണ്ണുനീരോടെ കഴിച്ചുകൂട്ടുകയുംചെയ്തു. അമ്മിണി തന്റെ അമ്മ അന്ത്യവിശ്രമംകൊള്ളുന്ന കുഴിമാടത്തുങ്കൽപോയി വളരെസമയം പ്രാർത്ഥിച്ചു. മാത്തൻചേട്ടൻ തന്റെ സ്നേഹമയിയായ ഭാര്യ്യ ശയിക്കുന്ന ആ ശ്മശാനഭൂവിലേക്കു ദുഃഖഭാരത്തോടെ നോക്കിക്കൊണ്ടു പള്ളിമുററത്തുതന്നെ ഏകനായി നിന്നു. നെടുവീർപ്പാകുന്ന പട്ടുനൂലിൽ ബാഷ്പബിന്ദുക്കളാകുന്ന മുത്തുമണികൾകൊണ്ടു് ഒരന്ത്യഹാരം നിർമ്മിച്ചു് അവൾ പുതുമമായാത്ത ആ പച്ചമണ്ണിൽ നിക്ഷേപിച്ചു. വികാരിയച്ചന്റെ പൂന്തോട്ടത്തിൽനിന്നും ഒരു റോസക്കമ്പൊടിച്ചുകൊണ്ടുവന്നു് ആ ശവകുടീരത്തിന്റെ മുകളിൽ അവൾ നാട്ടിവച്ചു.

അമ്മിണി മാത്തൻ ചേട്ടന്റെ ഇടത്തേ കൈയിൽ പിടിച്ചുകൊണ്ടു് തങ്ങളുടെ ദരിദ്രമായ വാസസ്ഥാനത്തെ ലക്ഷ്യമാക്കി നടന്നു. നാലുമണിയായപ്പോഴേക്കും അവർ നടന്നു തളർന്നു് അവിടെയെത്തി ചാക്കോച്ചനും, പാപ്പൻകിടാത്തനും, പൂച്ചക്കണ്ണൻ മത്തായിയും മററു ചിലരും കൂടി ആ കുനാച്ചിപ്പുര കെട്ടിനന്നാക്കുന്നതേയുള്ളു. എങ്കിലും അത്രയും നന്മ കാണിക്കുവാൻ മനസ്സുതോന്നിയ ആ നല്ല മനുഷ്യരെ അവർ കൃതജ്ഞതയോടെ നോക്കി.

സന്ധ്യയാകുന്നതുവരെ അമ്മിണിയും മാത്തൻചേട്ടനുംകൂടി ആ പ്ലാവിൻ ചുവട്ടിൽ ഒരു ഓലക്കീറിലിരുന്നു. ഇടയ്ക്കു് അവർ ആ മുററവും ഇറയവും പുരയ്ക്കകവുമെല്ലാം ഒരു വിധത്തിൽ തൂത്തു വൃത്തിയാക്കി. അന്തികഴിഞ്ഞപ്പോൾ എല്ലാവരും തങ്ങളുടെ വീടുകളിലേക്കു പോകുകയും മാത്തൻ ചേട്ടനെ അമ്മിണി താങ്ങിപ്പിടിച്ചു് ശോശാമ്മയുടെ അനാഥമായ കട്ടിലിൽ കൊണ്ടുപോയി കിടത്തുകയും ചെയ്തു. കറമ്പിയേലി ചാക്കോച്ചന്റെ നിർബന്ധം മൂലം വേലക്കാരന്റെ കൈയിൽ കൊടുത്തയച്ച തണുത്ത ചോറും, വറിക്കച്ചുക്കപ്പുഴവും ആ അപ്പനും മകളും കൂടി കഴിച്ചുകൊണ്ടു കിടന്നു. കാരുണ്യവതിയായ യാമിനി ആ പാവങ്ങളെ താരാട്ടു പാടിയുറക്കി.

x x x

ദിവസങ്ങൾ മാസങ്ങളെ കോർത്തിണക്കിക്കൊണ്ടു് വർഷങ്ങളുടെ പുറകേ ധൃതിയിൽ കടന്നുപോയി. ശോശാമ്മ ആ കൊച്ചു വീട്ടിൽനിന്നും പോയിട്ടും, അവർ ആ ഗ്രാമത്തോടന്ത്യയാത്ര പറഞ്ഞു പിരിഞ്ഞിട്ടും ആ നാടിനോ ജനങ്ങൾക്കോ ഈ പ്രപഞ്ചത്തിനോ യാതൊരു മാററവും വന്നില്ല. പതിവുപോലെ എല്ലാ സുപ്രഭാതങ്ങളിലും പക്ഷികൾ പാടുകയും, പുഷ്പങ്ങൾ വിരിയുകയും, ഇളം കാററു വീശുകയും, ഇളയ തലമുറകൾ പാട്ടുപാടുകയും, സൂര്യ്യാസ്തമനങ്ങൾ മുറയ്ക്കു സംഭവിക്കുകയും ചെയ്തുകൊണ്ടിരുന്നു...എങ്കിലും മാതൃവിയോഗത്താൽ അമ്മിണിയുടെ ഹൃദയം ദുഃഖവിവശവും വികാരഭരിതവുമായിരുന്നു. അവൾ തന്റെ അമ്മയുടെ കാര്യ്യമോർക്കുമ്പോളൊക്കെയും വിങ്ങിവിങ്ങിക്കരയാറുണ്ടു്.

മാത്തൻചേട്ടനു ഏതാണ്ടു ശരീരസൗഖ്യമായെങ്കിലും വല്ലപ്പോഴുമേ പണിക്കു പോകാറുള്ളു. അമ്മിണി മനസ്സില്ലാമനസ്സോടെ അയൽപക്കങ്ങളിലൊക്കെ ചില്ലറപണികൾക്കു പോകാറുണ്ടു്; വെള്ളം കോരുന്നതിനും, മുററമടിക്കുന്നതിനും, ഓലമെടയുന്നതിനും, കപ്പചെത്താനുമൊക്കെ.

എങ്കിലും വൈദ്യൻ ചാക്കോയുടെ വീട്ടിൽ അവൾ വളരെ അപൂർവ്വമായേ ചെല്ലാറുള്ളു. അവൾക്കു് ആ മനുഷ്യനോടു് എന്തെങ്കിലും പിണക്കമുണ്ടായിട്ടോ, തങ്ങളുടെ ആപത്തിൽ ചെയ്തുതന്ന ഉപകാരങ്ങൾക്കു നന്ദിയില്ലാഞ്ഞോ അല്ല, കുശുമ്പിയായ ആ കറമ്പിയേലിയുടെ വീർത്തമുഖം കാണാൻ കഴിയാഞ്ഞിട്ടുമാത്രം. വെളുത്തുമിനുത്ത തൊലിയും, ആകാരസൗഷ്ഠവവും ചുരുണ്ടമുടിയുമുള്ള അമ്മിണിയെ, ഗുളികയോളം മാത്രം വലിപ്പമുള്ള തലമുടിക്കെട്ടുള്ളവളും, കുട്ടിയാനപോലെ ഉരുണ്ടുതടിച്ചു കറുത്തിരിക്കുന്നവളുമായ ആ കാശുകാരിക്കു് ഒട്ടും കണ്ടുകൂടാപോലും! അമ്മിണി അങ്ങോട്ടു കയറിച്ചെല്ലുന്നതേ അവൾക്കിഷ്ടമല്ല. പിന്നെ കൂറും സ്നേഹവും മര്യ്യാദയുമുള്ള ചാക്കോച്ചനെ ഓർത്തുമാത്രമാണു് അവൾ മാസത്തിലൊരിക്കലെങ്ങാനും അങ്ങോട്ടുകയറിച്ചെല്ലുന്നതു്. കറമ്പി അവളോടു ഒന്നു മിണ്ടുകപോലുമില്ല. എങ്കിലും അവളുടെ ഡംഭം, ആഭരണം കാണിച്ചുകൊണ്ടുള്ള നടത്തയും, സാരിചുററലും കാണുമ്പോൾ അമ്മിണി ഒന്നൂറിച്ചിരിക്കും.

(തുടരും)

# പുസ്തകാഭിപ്രായം

## മരിയൻപ്രേഷിതജീവൻ

(ഗ്രന്ഥകർത്താ: ഫാ. പി. തോമസ് മേരിദാസ്. പേജുകൾ 320 വില 1ക. 10ണ.)

"ലീജിയൻ ഓഫ് മേരി" എന്ന സംഘടനയുടെ ആദ്ധ്യാത്മികചൈതന്യത്തെപ്പററി സമൃദ്ധമായും സമഞ്ജസമായും പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥമാണു് "മരിയൻ പ്രേഷിതജീവൻ". കേരളക്കരയിൽ ലീജിയൻ പ്രവർത്തനം തുടങ്ങിയിട്ടു് പല കൊല്ലങ്ങളായെങ്കിലും "ഹാൻഡ് ബുക്കു്" ഒഴിച്ചാൽ ഈ സംഘടനയുടെ പ്രവർത്തനങ്ങളെപ്പററി പ്രതിപാദിക്കുന്ന മററധികം ഗ്രന്ഥങ്ങൾ മലയാളഭാഷയിൽ ഇല്ലതന്നെ. ഈ പോരായ്മ "മരിയൻ പ്രേഷിതജീവൻ" വഴി ഒരു വിധത്തിൽ പരിഹരിക്കപ്പെട്ടുമെന്നു പറയാം. ഈടുററ ചിന്താശകലങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം ലീജിയനംഗങ്ങൾ മാത്രമല്ല, പ്രേഷിതപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മററെല്ലാവരും വായിച്ചിരിക്കേണ്ടതാണു്.

ഈ പുസ്തകത്തിന്റെ പരിഭാഷയെപ്പററി ആർച്ചു ബിഷപ്പു് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു് അവതാരികയിൽ പറയുന്നതിപ്രകാരമാണു്: "മൂലത്തിലേ ഗഹനങ്ങളായ ആശയങ്ങൾ അക്ലിഷ്ടസുന്ദരവും ലളിതവുമായ ഭാഷയിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ടെന്നു അനുവാചകർക്കു നിഷ്പ്രയാസം ഗ്രഹിക്കാം."

പരിഭാഷകനായ ഫാ തോമസ് മേരിദാസിനു (പുതിയ കന്നേൽ) അനുമോദനങ്ങൾ.

(Mgr. J. N.)

# ഇരുളിൽനിന്നൊരു പുതിയ മനുഷ്യൻ

(ജെ. സി., കുററിക്കാട്ട്)

നയിച്ചാലും—

ദയാപരമായ വെളിച്ചമേ, ഇരുട്ടിനാൽ വലയംചെയ്യപ്പെട്ടിരിക്കുന്ന എന്റെ ഈ ജീവിതനൗകയെ അങ്ങു നയിക്കേണമെ.

ഈ രാത്രി കരാളമാണു്. എന്റെ ലക്ഷ്യത്തിൽനിന്നു് ഞാൻ ഏറെ അകലെയാണു്. ഏറെയേറെ അകലെയാണു്...കണ്ണുനീർത്തുള്ളികളും കാരമുള്ളുകളും നിറഞ്ഞതാണു് ഈ വീഥി. ഇവിടെ മിന്നാമിനുങ്ങുപോലും മിന്നിത്തെളിയുന്നില്ല. ഇവിടെ മുഴുവൻ ഇരുട്ടാണു്; ഇരുട്ടു്...

അവിടുന്നാണു് എന്നെ കാക്കേണ്ടതു്.

ഇടറുന്ന എന്റെ ചരണങ്ങളെ കാത്തുകൊണ്ടാലും. ഞാൻ ഏറെയൊന്നും നിന്നോടു് കെഞ്ചുന്നില്ല. എനിക്കിത്രയും മതി—ഒരു കാലെടുത്തു വെയ്ക്കാനുള്ള ഇടം. അവിടെ നിന്നാൽ നിറയപ്പെട്ടതായിരിക്കണം. മതി—ഞാനത്രയും കൊണ്ടു് തൃപ്തനാണു്.

ഞാൻ ഇരുട്ടിലെ ജീവിയായിരുന്നു. അന്ധകാരാവൃതമായ ഒരു കാളരാത്രിയിലാണു് എന്റെ ജനനം. മൂങ്ങകൾ മൂളിക്കൊണ്ടിരുന്നു. ശവാവുകൾ ഓളിയിട്ടുകൊണ്ടിരുന്നു...വിടർന്നുവന്ന എന്റെ കണ്ണുകൾക്കു കാഴ്ചയില്ലായിരുന്നു. പക്ഷെ വേണ്ടുവോളം കാഴ്ചയുണ്ടായിരുന്ന എന്റെ അമ്മയുടെ കണ്ണുകൾ അന്നേരം അടഞ്ഞിരിക്കുകയായിരുന്നത്രെ!

വെളിച്ചമേ. ഞാൻ നിന്നെ നമിക്കുന്നു. നിനക്കെന്റെ ന്റൂറായിരം നമോവാകങ്ങൾ...ന്റൂറായിരം.

ഒരു ചേരിയിൽ നിന്നുകൊണ്ടു മാത്രം ഞാൻ ലോകത്തെ ദർശിച്ചു. ജീവിതത്തിലെ വിശാലമായ മുൾപ്പടർപ്പുകളും മണലാരണ്യങ്ങളും എന്റെ വീക്ഷണകോടിക്കപ്പുറത്തായിരുന്നു. മലർക്കാവുകളും മാരിവില്ലും പുല്ലാങ്കുഴലും എല്ലാമെല്ലാം നിറഞ്ഞ ഒരു ഭാഗമേ ഞാൻ കണ്ടതായോർക്കുന്നുള്ളു...മായികമായ ജീവിതാനന്ദം മാത്രമേ ഞാൻ നുകർന്നുള്ളു. എന്നാൽ ഇന്നു്—

ഓ! വെളിച്ചമേ, നീ എന്നെ നയിച്ചാലും...

പ്രഭാപൂരിതമായ വെളിച്ചത്തിന്റെ താമരകൾ വിരിഞ്ഞുനിന്നിരുന്ന ജീവിതപ്പൊയ്കയിൽ ഞാൻ ആവോളം നീന്തിത്തുടിച്ചു. പൂങ്കുയിലുകളുടെ ഗാനത്തിനു് വണ്ടത്താന്മാർ താളം മുട്ടി. സുഗന്ധം പരന്നുനില്ക്കുന്ന അന്തരീക്ഷത്തിൽ ചിത്രശലഭങ്ങൾ വർണ്ണശബളിമ ചാർത്തി...

അന്നും ഞാൻ നടുങ്ങിയിരുന്നു. എന്തോ ഒന്നു് അന്നും എന്നെ പേടിപ്പെടുത്തിയിരുന്നു. എന്താണതു്? ഓ...എന്താണതു്?.... ജീവിതത്തിലെ ഏതൊരു കുഞ്ഞനക്കവും എന്നെ നടുക്കിയിരുന്നു. ഇലകളനങ്ങുമ്പോഴും, കാററൂതുമ്പോഴും ഞാൻ ഭയന്നു...വെളിച്ചമില്ലാത്ത കുററാക്കൂററിരുട്ടിൽ ആരാണു് പേടിപ്പെടാത്തതു്!...

അന്നു് എന്നെ ഭരിച്ചിരുന്നതു് അഹങ്കാരമായിരുന്നു. അഹങ്കാരത്തിനു് ഞാൻ അടിമയായിരുന്നു. കറുത്തിരുണ്ട ആ രാവുകളിലെ നീറുന്ന ഓർമ്മകൾ! ഓ! ഓർക്കാതിരിക്കുകയാണു് നല്ലതു്. ഓർക്കുന്തോറും പേടിപ്പെടുകയാണു്.

ആ ഇരുണ്ട ഇരവുകളിലും എന്റെ ജീവിതവഴിത്താരയിൽ ഒളിമിന്നലുണ്ടാക്കിക്കൊണ്ടു് നീ കടന്നുപോയിരുന്നു. പക്ഷെ ഞാൻ നിന്നെ കണ്ടില്ല. എന്റെ കണ്ണുകൾക്കു മുമ്പിൽ മങ്ങിയ മാറാല ഉരുണ്ടുകൂടി കിടക്കുകയായിരുന്നു.. എന്നാൽ ഇന്നു് ഞാൻ നിന്നെ കാണുന്നു. പൂർണ്ണമായും ദർശിക്കുന്നു. ഇനിയും നീ എന്റെ പന്ഥാവിൽ ഇരുട്ടിനെ വീഴ്ത്തല്ലെ.

വെളിച്ചമേ, വെള്ളിവെളിച്ചമേ, നീ എന്നെ നയിച്ചാലും!

രാവു് മായുകയാണു്. വെളിച്ചത്തിൽ ഇരുട്ടു് അലിഞ്ഞലിഞ്ഞു ഇല്ലാതായിക്കഴിഞ്ഞു. രാത്രിയുടെ പുക മുററിനിന്നിരുന്ന മൂലകളിൽ വെളിച്ചത്തിന്റെ പൊന്നിൻനൂലുകൾ പാവു നെയ്യുകയാണു്. കരിവണ്ടുകൾ കൂടുകെട്ടിനിന്നിരുന്ന അവിടെ തുമ്പപ്പൂക്കൾ വിരിഞ്ഞു നില്ക്കുന്നു.

എന്നാൽ ഇന്നലെ...ഓ! ഓർക്കുമ്പോൾ കരളിൽ കടന്നൽക്കുത്തനുഭവപ്പെടുകയാണു്.

ചതുപ്പുനിലങ്ങൾ...കരിമ്പാറക്കെട്ടുകൾ...അലകളും ചുഴികളും നിറഞ്ഞ, കൂലംകുത്തിപ്പായുന്ന പ്രവാഹങ്ങൾ...കുണ്ടും കുഴിയും നിറഞ്ഞ വീഥികൾ...ഓ! ഒന്നും കാണാൻ വയ്യാതെ എല്ലാത്തിലുംപെട്ടു് ഞാൻ വിഷമിച്ചു. മലരണിഞ്ഞ കാവുകളും മഞ്ഞുമൂടിയ മരച്ചില്ലകളും. താളംതുള്ളുന്ന മയിലുകളും, രാഗംമൂളുന്ന വാനമ്പാടികളും എല്ലാം—എല്ലാം സ്വപ്നമായിരുന്നോ? വെറും കിനാവു്?!—

രാത്രി യാത്ര പറഞ്ഞുകഴിഞ്ഞു. രാത്രിയിലെ യാത്രക്കാരുടെ ദൈവമേ! ഒരിക്കൽക്കൂടി നിനക്കെന്റെ നമോവാകങ്ങൾ

പ്രഭാതം വന്നണഞ്ഞു! എമ്പാടും വെള്ളിവെളിച്ചം വാരിവിതറിക്കൊണ്ടു്, ജീവിതത്തിലെ കരിനിഴലുകളെ ആട്ടിപ്പായിച്ചുകൊണ്ടു്, സുന്ദരിയും സുമഹാസിനിയുമായ പ്രഭാതമങ്ക ആഗതയായിക്കഴിഞ്ഞു.

കവിതകളും കിനാവുകളും പൊട്ടിവിരിയുന്ന ലോകം ഹാ! ഞാൻ ഈ കാണുന്നതെന്താണു്! മനോഹരികളായ മാലാഖമാരുടെ മന്ദസ്മിതം തുളുമ്പുന്ന ചൊമപ്പുമുഖങ്ങൾ—നീലക്കണ്ണുകളും സ്വർണ്ണത്തലമുടിയും മഞ്ഞുടുപ്പുമുള്ള മാലാഖകൾ! അവർ ചിരിക്കുന്നു. അല്ലലറിഞ്ഞിട്ടില്ലാത്ത, ഇരുട്ടിനെക്കുറിച്ചു് കേൾവിപോലുമില്ലാത്ത അവർ പൊട്ടിച്ചിരിക്കുന്നു കളകളനാദം പൊഴിച്ചുകൊണ്ടു് തുമ്പപ്പൂവുകൾ അടർന്നടർന്നു വീഴുന്നു. ചെമ്പരുത്തിപ്പൂക്കൾ വിരിഞ്ഞു നിൽക്കുന്ന അവരുടെ കനകക്കവിളുകൾ തങ്കത്തെളിവെയിലേററു് മിന്നിത്തിളങ്ങുന്നു—അവിടെ കവിത മൊട്ടിട്ടുവിരിയുന്നു. കിനാവുകൾ കതിരിട്ടുയരുന്നു.

സുന്ദരവും ശാന്തവുമായ ഈ പുലർച്ചയിൽ കുയിലുകൾ ആഹ്ളാദഗാനമാലപിക്കുന്നു. പഞ്ചവർണ്ണക്കിളികളും പൂക്കളുംകൂടി സ്വർഗ്ഗം ചമയ്ക്കുന്നു. മാന്തളിർ തിന്നു മദിച്ച വാനമ്പാടികളും, മഴക്കാർ കണ്ടുമയങ്ങിയ മയിലുകളും മാദകമായ ലീലകൾക്കൊരുങ്ങുന്നു. ഹാ! എന്തൊരാഹ്ളാദകരമായ പ്രഭാതം.

വെളിച്ചമേ, ഞാൻ നിന്നെ നമിക്കുന്നു.

ഞാൻ കാത്തിരുന്നതു്—എന്നെ നടുക്കിയിരുന്ന ആ എന്തോ ഒന്നു് ഇതാ എനിക്കു കരഗതമായിക്കഴിഞ്ഞു. ഇന്നു് ഞാൻ എന്നെ ശരിയായും കാണുന്നു. നിന്നിലൂടെ മാത്രമേ അതെനിക്കു കഴിയുകയുള്ളുവെന്നു് ഞാൻ വ്യക്തമായും മനസ്സിലാക്കുന്നു. ഞാൻ, ഇതാ എത്തേണ്ടിടത്തെത്തിച്ചേർന്നിരിക്കുന്നു. നിന്റെ കനത്തകരങ്ങളിൽ ഞാൻ സുരക്ഷിതനാണു്. നിന്നെ ഞാൻ വണങ്ങുന്നു.

വെളിച്ചം!

ഓ! വെളിച്ചമേ, ഒരിക്കൽക്കൂടി നിനക്കെന്റെ നമോവാകങ്ങൾ! ഒരിക്കൽക്കൂടി ഒരു ന്റൂറായിരം നമോവാകങ്ങൾ!

സ്വപ്നങ്ങൾ യാത്രപറയുന്നു!

സത്യങ്ങൾ ഉയിർത്തെഴുന്നേൽക്കുന്നു.

(John Henry Newman-ന്റെ "Lead Kindly Light" എന്ന കവിതയോടു് കടപ്പാടു്)


ചന്ദ്രിക ഔഷധസോപ്പ് REGD.

ചുണങ്ങു്, താരൻ, മുഖക്കുരു മുതലായവയ്ക്കു്

S.V.PRODUCTS, IRINJALAKUDA










# ചോദിച്ചാൽ പറയാം

101. ചോ: വെളിപാടും ദൈവനിവേശിതത്വവും തമ്മിലുള്ള വ്യത്യാസമെന്തു്? സത്യമായ വെളിപാടു തിരിച്ചറിയാനുള്ള മാർഗ്ഗങ്ങൾ ഏവ?

(പി ററി. സി. റയാൺപുരം)

ഉ: വെളിപാടു് അഥവാ ആവിഷ്ക്കരണം എന്നു പറഞ്ഞാൽ മറഞ്ഞിരിക്കുന്ന ഒരു സത്യത്തെ വെളിച്ചത്തു കൊണ്ടുവരികയെന്നാണർത്ഥം. ദൈവവെളിപാടു് എന്നു പറയുന്നതു് മററുവിധത്തിൽ നമുക്കറിയാൻ പാടില്ലാത്തതോ അഥവാ അപൂർണ്ണമായി മാത്രം അറിയുന്നതോ ആയ ദൈവത്തെപ്പററിയുള്ള സത്യങ്ങൾ വെളിവാക്കുന്നതിനാകുന്നു. പ്രകൃത്യതീതമതത്തിൻ്റെയും, ദൈവത്തെപ്പററിയുള്ള ജ്ഞാനത്തിൻ്റെയും, നഗ്നമായ യുക്തിക്കതീതമായ ദൈവികകാര്യങ്ങളുടെയും ആധാരം വെളിപാടാകുന്നു. ക്രിസ്തുതന്നെ പറഞ്ഞിരിക്കുന്നതു നോക്കുക: "സകലവും എൻ്റെ പിതാവിനാൽ എനിക്കു് ഏല്പിക്കപ്പെട്ടിരിക്കുന്നു. പിതാവല്ലാതെ ഒരുത്തനും പുത്രൻ ആരാകുന്നുവെന്നും, പുത്രനും ആർക്കെങ്കിലും വെളിപ്പെടുത്തുവാൻ പുത്രൻ ഇച്ഛിക്കുമെങ്കിൽ അവനും അല്ലാതെ പിതാവു് ആരാകുന്നുവെന്നും അറിയുന്നില്ല." (ലൂക്കാ X 22) വിശുദ്ധ പൗലോസ് എഴുതുന്നു: "എന്നാൽ അറിയിക്കപ്പെട്ട സുവിശേഷം മനുഷ്യരിൽ നിന്നുള്ളതായിരുന്നില്ല. ഈശോമിശിഹായുടെ വെളിപാടുമൂലമല്ലാതെ, ഞാൻ മനുഷ്യരിൽനിന്നു അതു സ്വീകരിക്കുകയും അതു പഠിപ്പിക്കുകയും ചെയ്തിട്ടുമില്ല." (ഗലാ: I 11, 12)

വെളിപാടു രണ്ടുവിധത്തിലാകാം. ഒന്നു്, ദൈവം പ്രകൃതിവസ്തുക്കൾവഴി തന്നെത്തന്നെ ആവിഷ്ക്കരിക്കുക. ഇതിനു സ്വാഭാവികവെളിപാടു് എന്നു പറയുന്നു. രണ്ടു്, ദൈവം നേരിട്ടു തന്നെത്തന്നെ ആവിഷ്ക്കരിക്കുക. ഇതിനു പ്രകൃത്യതീതവെളിപാടു് എന്നു പറയുന്നു. നേരിട്ടുള്ള വെളിപാടു ദൈവം തന്നെ ഒരു വ്യക്തിക്കു നേരിട്ടു വെളിപ്പെടുത്തിയതോ, ഒരു ദിവ്യദൂതൻവഴി പരോക്ഷമായി വെളിപ്പെടുത്തിയതോ ആകാം. ദൈവം ആദിമാതാപിതാക്കന്മാർക്കു നേരിട്ടു പ്രത്യക്ഷപ്പെട്ടു തന്നെത്തന്നെ വെളിപ്പെടുത്തുകയായിരുന്നു. പിന്നീടു ഗോത്രപിതാക്കന്മാർവഴിയും, പ്രവാചകന്മാർവഴിയും ഒടുവിൽ തൻ്റെ ഏകപുത്രനായ ഈശോമിശിഹാവഴിയും തന്നെത്തന്നെ നമുക്കു വെളിപ്പെടുത്തിയിരിക്കുന്നു. ദൈവം തൻ്റെ ഏകജാതൻവഴി ഒടുവിൽ നൽകിയ ആവിഷ്ക്കരണമാണു ക്രിസ്തീയവെളിപാടു്.

ദൈവനിവേശിതത്വം എന്നു പറയുന്നതു് വേദപുസ്തകശേഖരത്തിലെ ഗ്രന്ഥങ്ങളുടെ കർത്താക്കളുടെമേൽ ഉണ്ടായ ദൈവികശക്തിയുടെ ഒരു പ്രത്യേകപ്രവർത്തനത്തെയാണു്. തദ്വാരാ ദൈവം ആ ഗ്രന്ഥങ്ങളുടെ പ്രധാനകർത്താവും, മനുഷ്യൻ അപ്രധാന കർത്താവുമായിരിക്കുന്നു. ഈ ഗ്രന്ഥങ്ങളുടെ നിർമ്മാണത്തിൽ ദൈവം മനുഷ്യരെ തൻ്റെ ഉപകരണങ്ങളാക്കുകയാണു ചെയ്തതു്. എന്നാൽ ദൈവം അവരെ അങ്ങനെ ഉപകരണമാക്കിയതു അവരുടെ സ്വഭാവത്തിനു് അനുസൃതമായും അവരുടെ മാനുഷികശക്തികളെ പ്രതിബന്ധിക്കാതെയുമാകുന്നു. വേദപുസ്തകപഠനത്തെപ്പററിയുള്ള പതിമൂന്നാം ലെയോ മാർപ്പാപ്പായുടെ സുപ്രസിദ്ധമായ ചാക്രികലേഖനത്തിൽ ഈ സംഗതി വളരെ ഭംഗിയായി വിശദീകരിച്ചിട്ടുണ്ടു്.

"താൻ കല്പിച്ചവ—അവമാത്രം—അവർ ശരിയായി ഗ്രഹിക്കുകയും, വിശ്വസ്തതയോടെ എഴുതാൻ മനസ്സാകയും, തക്കവിധത്തിൽ അപ്രമാദമായ സത്യതയോടുകൂടി പ്രസ്താവിക്കയും ചെയ്യത്തക്കവണ്ണം സ്വഭാവാതീതമായ ശക്തിയാൽ അവിടുന്നു് അവരെ എഴുതുവാൻ പ്രേരിപ്പിക്കുകയും, ഇളക്കുകയും എഴുതുമ്പോൾ അവരോടുകൂടെ സന്നിഹിതനായിരിക്കുകയും ചെയ്തു. അല്ലാത്തപക്ഷം വേദപുസ്തകം മുഴുവൻ്റെയും രചയിതാവു് അവിടുന്നാണെന്നു പറയുവാൻ പാടുണ്ടായിരുന്നില്ല. വിശുദ്ധ പിതാക്കന്മാർ നിരന്തരമായി ധരിച്ചിട്ടുള്ളതിങ്ങനെയാണു്. വിശുദ്ധ ആഗസ്തീനോസ് പറയുന്നു: "ആകയാൽ ദൈവം അവർക്കു കാണിച്ചുകൊടുക്കുകയും, അവരോടു് അരുളിച്ചെയ്യുകയും ചെയ്ത സംഗതികൾ അവർ എഴുതിയ സ്ഥിതിക്കു എഴുത്തുകാരൻ അവിടുന്നല്ലെന്നു പറയുവാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ ശിരസ്സു പറഞ്ഞുകൊടുത്തതു് അംഗങ്ങൾ എഴുതിയെന്നേയുള്ളു." മഹാനായ വിശുദ്ധ ഗ്രിഗറി പ്രസ്താവിക്കുന്നു: "ആരാണു് ഇവ എഴുതിയതെന്നു തിരക്കുന്നതു വെറും അനാവശ്യമാണു്. പരിശുദ്ധാത്മാവാണു പുസ്തകത്തിൻ്റെ കർത്താവു് എന്നു നാം ന്യായപൂർവ്വം വിശ്വസിക്കുന്നു. എഴുതുവാൻ പറഞ്ഞുകൊടുത്തയാളാണു് അതു് എഴുതിയതു്. അതു് ഉണ്ടാക്കുവാൻ പ്രേരിപ്പിച്ചയാൾതന്നെയാണു് അതു് എഴുതിയതു്." (പഞ്ചഗ്രന്ഥി പുറം 30)

Chakolas
SILK HOUSE
TRICHUR-ERNAKULAM

## കല്യാണ സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ടു്.

EP

മനുഷ്യൻ്റെ ജീവിതലക്ഷ്യം, മരണാനന്തരം പ്രകൃത്യതീതസൗഭാഗ്യം പ്രാപിക്കുകയാണല്ലോ. പ്രകൃത്യതീതമായ കാര്യങ്ങൾ മനുഷ്യൻ്റെ സ്വാഭാവികകഴിവുകൾക്കതീതമാകയാൽ, പ്രകൃത്യതീതസൗഭാഗ്യങ്ങളുടെ അസ്തിത്വത്തെയും അതു പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങളെയും ദൈവം മനുഷ്യനു വെളിപ്പെടുത്തുകതന്നെ വേണ്ടിയിരിക്കുന്നു. അങ്ങനെ ആവിഷ്ക്കരണം, അഥവാ വെളിപാടു്, ധാർമ്മികമായി അത്യന്താപേക്ഷിതമായിരിക്കുന്നതിനാൽ, യഥാർത്ഥ വെളിപാടു് ഏതെന്നു കണ്ടുപിടിക്കുവാൻ എല്ലാ മനുഷ്യർക്കും ചുമതലയുണ്ടു്. അതേസമയംതന്നെ അതു കണ്ടുപിടിക്കുവാനുള്ള മാർഗ്ഗങ്ങളും ദൈവം പ്രദാനം ചെയ്തിരിക്കണം. ദൈവികവെളിപാടു കണ്ടുപിടിക്കുവാൻ ആഭ്യന്തരവും ബാഹ്യവുമായ ലക്ഷണങ്ങൾ ഉണ്ടായിരിക്കുന്നു.

ബാഹ്യമായ ലക്ഷണം ആ വെളിപാടിനോടു അനുബന്ധിച്ചുള്ള ചില അടയാളങ്ങൾ അഥവാ സാക്ഷ്യങ്ങളാകുന്നു. ഉദാഹരണമായി അത്ഭുതങ്ങൾ. ക്രിസ്തുതന്നെ പറഞ്ഞിരിക്കുന്നതു നോക്കുക: "ഞാൻ നിവൃത്തിയാക്കുവാനായി പിതാവു എനിക്കു തന്ന പ്രവൃത്തികൾ, ഞാൻ ചെയ്യുന്ന പ്രവൃത്തികൾതന്നെ, പിതാവു എന്നെ അയച്ചിരിക്കുന്നു എന്നു് എന്നെക്കുറിച്ചു് സാക്ഷിപ്പെടുത്തുന്നു." (യോഹ: V 37) വീണ്ടും സുപ്രതീക്ഷിതനായ രക്ഷകൻ ക്രിസ്തുതന്നെയാണോയെന്നുള്ള സ്നാപകയോഹന്നാൻ്റെ ശിഷ്യന്മാരുടെ ചോദ്യത്തിനു അവിടുന്നു മറുപടി പറയുന്നു: "നിങ്ങൾ പോയി നിങ്ങൾ കേൾക്കുകയും കാണുകയും ചെയ്യുന്നവ യോഹന്നാനെ അറിയിക്കുവിൻ. കുരുടർ കാണുന്നു; മുടന്തർ നടക്കുന്നു; കുഷ്ഠരോഗികൾ ശുദ്ധരാക്കപ്പെടുന്നു; ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയിർക്കുന്നു;...... (മത്താ: XI 4-5)

ആഭ്യന്തരമായ ലക്ഷണം ആവിഷ്കൃതസത്യത്തിൻ്റെ സ്വഭാവത്തിലും, അതിൻ്റെ ഫലത്തിലും അതു വെളിപ്പെടുത്തിയ രീതിയിലും ദൃശ്യമാണു്. അനന്തജ്ഞാനിയും പരമനന്മയുമായ ദൈവം വെളിപ്പെടുത്തുന്നവയാകയാൽ ആവിഷ്കൃതസത്യങ്ങൾ അതിൽതന്നെ പരിശുദ്ധവും കളങ്കമററതും, അവിവേകമല്ലാത്തതും പൂർവ്വാപരവിരുദ്ധമല്ലാത്തതും കാപട്യമല്ലാത്തതുമായിരിക്കണം. ആവിഷ്കൃതസത്യങ്ങൾ പരമാവധി നന്മചെയ്യുന്നതും മനുഷ്യൻ്റെ ഉത്കൃഷ്ടങ്ങളായ പ്രവണതകളെ തൃപ്തിപ്പെടുത്തുവാൻ പര്യാപ്തമായതും, സത്യമാണെന്നു നിഷ്കളങ്കമായ മനുഷ്യാത്മാവിനു തോന്നത്തക്കതുമായിരിക്കണം.

102. ചോ: കളവു തെളിയിക്കാനും സുഖക്കേടുകാര്യങ്ങൾ അറിയാനും മററും ചിലർ മഷിനോക്കാറുണ്ടല്ലോ. കത്തോലിക്കർക്കു് അതു ചെയ്യിക്കാമോ?

(എഫ്. എച്ച്. നീലഗിരി)

ഉ: പാടില്ല. മഷിനോട്ടം, പ്രേതസംസർഗ്ഗവാദം മുതലായവയെല്ലാം കത്തോലിക്കാസഭ നിരോധിക്കുന്നു കാരണം ഇവ എല്ലാ ആവിഷ്കൃതസത്യങ്ങളുടേയും ഒരു നിഷേധമാകുന്നു എന്നതുതന്നെ. ഇവ അന്ധവിശ്വാസങ്ങളാണെന്നു മാത്രമല്ല. മതത്തേയും സന്മാർഗ്ഗത്തേയും ഒന്നുപോലെ നശിപ്പിക്കുന്നവയുമാകുന്നു. ഹോളിഓഫീസ് തിരുസംഘം 1840, 1847, 1856, 1898, 1917 എന്നീ വർഷങ്ങളിൽ അഞ്ചു പ്രത്യേക ഡിക്രികൾ വഴിയായി ഇത്തരം അന്ധവിശ്വാസങ്ങളെ ആശ്രയിക്കുന്നതിനെ മാത്രമല്ല, അവ നടക്കുന്ന സ്ഥലങ്ങളിൽ കാഴ്ചക്കാരായി സന്നിഹിതരാകുന്നതിനെപ്പോലും കർശനമായി നിരോധിച്ചിരിക്കുന്നു. ആകയാൽ മഷിനോക്കിക്കരുതെന്നു മാത്രമല്ല, ആരെങ്കിലും അതു ചെയ്യുന്നെങ്കിൽ അവിടെ സന്നിഹിതനായിരിക്കയുമരുതു്. ഇതു ഇടർച്ചയ്ക്കു കാരണമാകുന്നതിനു പുറമെ, മററുള്ളവർക്കു ഒരു പ്രോത്സാഹനം കൂടിയായിരിക്കുമല്ലോ.

ഈ അന്ധവിശ്വാസങ്ങൾവഴി നിഗൂഢകാര്യങ്ങൾ വെളിപ്പെടുത്തുന്നതു പ്രേതലോകവുമായി സംസർഗ്ഗം ചെയ്തുകൊണ്ടാണെന്നാണല്ലോ വയ്പു്. ഇതു കട്ടത്ത ഒരു വഞ്ചനതന്നെയാണു്. പരേതരുടെ ആത്മാവുകൾ ഒരു മനുഷ്യൻ വിളിച്ചാലുടനെ കിങ്കരവൃത്തിക്കു് ഓടിയെത്തുമെന്നു കരുതുന്നതുതന്നെ മറയത്തരമല്ലേ? പ്രേതങ്ങളുമായി ആശയവിനിമയം നടത്താനുള്ള ഉദ്ദേശ്യംപോലും ഗുരുതരമായ പാപമാകുന്നു. (Moral Theology p. 60) ഭാവിയെപ്പററിയുള്ള ജ്ഞാനം സൃഷ്ടികൾക്കു പ്രദാനംചെയ്യുന്ന ഈ അന്ധവിശ്വാസം ആത്മീയവും ശാരീരികവുമായ പല തിന്മകൾക്കും കാരണമായിത്തീരുന്നുണ്ടു്.

പ്രേതങ്ങളുമായി ആശയവിനിമയം നടത്തി ഭാവി അറിയാനുള്ള ഈ സംരംഭം അനേകായിരങ്ങളെ ഭ്രാന്താശുപത്രിയിലേക്കു പറഞ്ഞയച്ചിരിക്കുന്നു. ഡോക്ടർ എൽ. എസ്. ഫോർബസ് വിൻസ്ലോ 1877-ൽ "സ്പിരിച്ച്വലിസ്റ്റിക് മാഡ്നെസ്" എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: "പ്രകൃത്യതീതകാര്യങ്ങളിൽ തലയിട്ടതിൻ്റെ ഫലമായി 10,000 നിർഭാഗ്യരായ ജനങ്ങൾ ഇപ്പോൾ ഭ്രാന്താശുപത്രിയിൽ കിടപ്പുണ്ടു്." പ്രസിദ്ധ മെക്സിക്കൻ പണ്ഡിതനായ ഫാദർ സി. എം. ഹെറീഡാ എസ്. ജെ. ഈ പ്രേതസംസർഗ്ഗവാദത്തിൻ്റെ പൊള്ളത്തരത്തേയും കള്ളത്തരത്തേയും പണ്ഡിതോചിതമായ രീതിയിൽ തെളിയിച്ചിട്ടുണ്ടു്.

പ്രേതസംസർഗ്ഗവാദികൾ പ്രകൃതിശക്തികൾക്കതീതമായ എന്തെങ്കിലും പ്രദർശിപ്പിക്കുന്നുവെങ്കിൽ, അതു ദൈവത്തിൽനിന്നുള്ളതല്ലാത്തതിനാൽ പിശാചിൽനിന്നുള്ളതാണെന്നുള്ളതു സ്പഷ്ടമാണു്. സാത്താനേയും അവൻ്റെ ആഘോഷങ്ങളേയും എപ്പോഴും പരിവർജ്ജിച്ചുകൊള്ളാമെന്നാണു് ജ്ഞാനസ്നാനവേളയിൽ നാം വാഗ്ദാനംചെയ്തിട്ടുള്ളതു്. നമുക്കു യഥാർത്ഥമായ ദൈവസ്നേഹമുണ്ടെങ്കിൽ നാം അങ്ങനെ ചെയ്യുകയും ചെയ്യും. സർവ്വശക്തനായ ദൈവം തൻ്റെ സർവ്വജ്ഞത്വത്തേയോ സർവ്വശക്തിത്വത്തെയോ മററാർക്കും പ്രദാനംചെയ്തിട്ടില്ല. അല്പവിശ്വാസികളുടെ ജിജ്ഞാസയെ ശമിപ്പിക്കുന്നതിനുവേണ്ടി അവിടുന്നു അത്ഭുതങ്ങൾ പ്രവർത്തിക്കാറുമില്ല. "നിൻ്റെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണം" എന്നു മാത്രമേ ദൈവവിശ്വാസിയായ ഒരു കത്തോലിക്കൻ ആഗ്രഹിക്കുകയുള്ളു.

ആദ്ധ്യാത്മികവീഥി

# ദൈവവിളി—കുടുംബം

ദൈവത്തിൻ്റെ വത്സലമക്കളേ,

വൈദികജീവിതത്തിൻ്റെയും, സന്യാസജീവിതത്തിൻ്റെയും മാഹാത്മ്യത്തെക്കുറിച്ചു കുട്ടികളോടു സംസാരിക്കാനുള്ള നല്ല അവസരങ്ങളാണു് സന്യാസസഭാവസ്ത്രസ്വീകരണം, വ്രതാനുഷ്ഠാനം, പട്ടം പുത്തൻകുർബ്ബാന മുതലായ ആഘോഷവേളകൾ. അവയിൽ സംബന്ധിക്കുന്നതിനുള്ള അവസരങ്ങൾ കുട്ടികൾക്കു ധാരാളമായി കൊടുക്കണം. "എന്തിനാണമ്മ, ചേച്ചിയുടെ നല്ല വെളുത്ത വസ്ത്രങ്ങളും ആഭരണങ്ങളും എല്ലാം മാററിയിട്ടു് ആ തവിട്ടുടുപ്പു ഇടീച്ചതു്?" ജ്യേഷ്ഠസഹോദരിയുടെ സഭാവസ്ത്രസ്വീകരണത്തിൽ സംബന്ധിച്ച ശേഷം മടങ്ങിവരുകയിൽ ലിസ്സി അമ്മയോടു ചോദിച്ചു.

"അതെന്തിനാണെന്നു നിനക്കറിഞ്ഞുകൂടേ? ചേച്ചി ലൗകികമായ വസ്ത്രാഭരണങ്ങളും സുഖസന്തോഷങ്ങളും എല്ലാം ഉപേക്ഷിച്ചു സ്വർഗ്ഗീയമായവയെ സ്വീകരിക്കുന്നു എന്നു കാണിക്കുന്നതിനാണു്. വസ്ത്രാഭരണങ്ങൾ മാത്രമല്ല, പേരുപോലും മാററി. മേരി എന്ന പേരിനുപകരം സിസ്റ്റർ സെലിൻ എന്ന പേരാണു ഇപ്പോൾ കിട്ടിയിരിക്കുന്നതു്."

"ഇതെല്ലാം നഷ്ടപ്പെട്ടിട്ടും ചേച്ചിക്കു നല്ല സന്തോഷമാണല്ലോ. കാൽലക്ഷം രൂപാ സ്ത്രീധനവും കൊടുത്തു ആയിരം രൂപാ ശമ്പളക്കാരനെക്കൊണ്ടു കെട്ടിച്ച ഗ്രേസിക്കുട്ടിക്കുപോലും ഇത്രയും സന്തോഷമില്ലായിരുന്നു."

"അതിനെന്താണു് അത്ഭുതപ്പെടുന്നതു്? നമ്മുടെ മേരിയുടെ വരൻ ഗ്രേസിക്കുട്ടിയുടെ വരനെക്കാൾ എത്ര കൂടുതൽ സമ്പത്തും സൗന്ദര്യവും സൽസ്വഭാവവുമുള്ളവനാണു്?"

"മേരിയുടെ വരനോ? ചേച്ചിയെ കെട്ടിച്ചില്ലല്ലോ. ചേച്ചി മഠത്തിൽചേരുകയല്ലേയോ ചെയ്തതു്?"

"മഠത്തിൽ ചേരുകയെന്നു പറഞ്ഞാൽ എന്താണെന്നാ നീ വിചാരിക്കുന്നതു്? ലൗകികമായ വസ്ത്രാഭരണങ്ങളെല്ലാം ഉപേക്ഷിച്ചുപോലെ വെറും മനുഷ്യരോടുള്ള സ്നേഹബന്ധമെല്ലാം ഉപേക്ഷിച്ചു് രാജാധിരാജനും സർവ്വസമ്പന്നനുമായ മിശിഹായെ മണവാളനായി സ്വീകരിക്കുകയാണു ഒരു കന്യാസ്ത്രീ ചെയ്യുന്നതു്. ഇപ്പോൾ നിനക്കു മനസ്സിലായോ നിൻ്റെ ചേച്ചി ഗ്രേസിക്കുട്ടിയെക്കാൾ കൂടുതലായി സന്തോഷിച്ചതിൻ്റെ കാരണം?"

"അപ്പോൾ ചേച്ചി ഈശോയുടെ മണവാട്ടി ആയിരിക്കയാണോ? എന്നാൽ എനിക്കും അങ്ങനെയാകണം. അതിനു ഞാൻ എന്തു ചെയ്യണമമ്മേ?"

"അതിനോ? ഒന്നാമതുതന്നെ നിന്നെ ഒരു മണവാട്ടി ആക്കണമെന്നു നീ മിശിഹായോടു എന്നും പ്രത്യേകിച്ചു വി. കുർബ്ബാനയിൽ അവിടുന്നു നിൻ്റെ ഹൃദയത്തിൽ എഴുന്നെള്ളിവരുമ്പോഴും പ്രാർത്ഥിക്കണം. കൂടാതെ നല്ല അനുസരണയുള്ള കുട്ടിയായിരിക്കണം. ധാരാളം ആശയടക്കങ്ങളും അഭ്യസിക്കണം. ഇങ്ങനെയൊക്കെ ചെയ്താൽ നിനക്കും ഒരിക്കൽ ചേച്ചിയെപ്പോലെ ദൈവപുത്രൻ്റെ മണവാട്ടിയാകാൻ സാധിച്ചേക്കും."

ഏതാക്കറെ ഇപ്രകാരം അവസരം പിടിച്ചു സംസാരിക്കയും എന്തെങ്കിലും നന്നായി ചെയ്യുമ്പോൾ പ്രോത്സാഹിപ്പിക്കയും, തെററു ചെയ്യുമ്പോൾ "ഇങ്ങനെയാണോ മിശിഹായുടെ മണവാട്ടിയാകാൻ പോകുന്നവൾ ചെയ്യുന്നതു്?" എന്നു പറഞ്ഞു സൗമ്യമായി ശാസിക്കയും ചെയ്താൽ അതിൻ്റെ ഫലം ഉണ്ടാകാതിരിക്കയില്ല.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

## അന്താരാഷ്ട്ര കത്തോലിക്കാകോൺഗ്രസ്

അടുത്ത ഒക്ടോബർ 5 മുതൽ 13 വരെ തീയതികളിൽ റോമയിൽവച്ചു് അൽമായപ്രേഷകരുടെ രണ്ടാമത്തെ അന്താരാഷ്ട്ര കത്തോലിക്കാകോൺഗ്രസ് നടത്തപ്പെടുന്നതാണു്. അൽമായപ്രേഷിത അന്താരാഷ്ട്രകോൺഗ്രസിൻ്റെ സ്ഥിരംകമ്മിററി ഇതിലേക്കുവേണ്ട സജ്ജീകരണങ്ങൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ആസ്ട്രിയ, ജർമ്മനി, ക്യാനഡാ, ഫ്രാൻസ്, ഇററലി മുതലായ രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ദ്ധന്മാരടങ്ങിയ ഈ സ്ഥിരംകമ്മിററിയുടെ ജനറൽസിക്രട്ടറി സിഞ്ഞോർ വിറേറാറിനോ വെറോനെസെയാണു്. ഇദ്ദേഹത്തെയാണു് യുനെസ്കോ എക്സിക്യൂട്ടീവുബോർഡിൻ്റെ ചെയർമനായി അടുത്ത അവസരത്തിൽ തിരഞ്ഞെടുത്തിരിക്കുന്നതു്. അൽമായപ്രവർത്തനപരമായ പല അന്താരാഷ്ട്രീയസംഘടനകളുടേയും സ്ഥാപനങ്ങളുടേയും പ്രസിഡൻ്റുകൂടിയാണദ്ദേഹം. "അൽമായരും ആധുനികലോകാധ:പതനവും" എന്നതാണു് ഇത്തവണത്തെ കോൺഗ്രസിൻ്റെ ചർച്ചാവിഷയം. ഒന്നാമത്തെ കോൺഗ്രസിൽ 74 രാഷ്ട്രങ്ങളിൽനിന്നുള്ള പ്രതിനിധികൾ സംബന്ധിച്ചിരുന്നു. ഇത്തവണ അതിൽ കൂടുതൽ രാഷ്ട്രങ്ങൾ പ്രതിനിധീകരിക്കപ്പെടുമെന്നുള്ളതു തീർച്ചയാണു്.

Wednesday
May 8
1957

# THE SATHYADEEPAM

(ESTD. 1927)
BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 30
No. 37

# ബാലരംഗം

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ,
കുഞ്ഞനിയത്തികളേ,

ബാലലോകത്തിനു അനുകരണയോഗ്യരായ കുഞ്ഞുവിശുദ്ധന്മാരുടേയും വിശുദ്ധകളുടേയും ജീവചരിത്രങ്ങൾ ചിത്രങ്ങളായി ഈ പംക്തിയിൽ ചിലതെല്ലാം നാം പരിചയപ്പെട്ടു. പലരിൽ നിന്നും വല്യേട്ടനു കിട്ടിക്കൊണ്ടിരുന്ന കത്തുകളിൽ, അവ എത്രമാത്രം നിങ്ങൾക്കു ഇഷ്ടപ്പെട്ടിരുന്നു എന്നും എത്രമാത്രം നിങ്ങളുടെ സ്വഭാവരൂപവല്ക്കരണത്തിൽ സഹായകമായിരുന്നു എന്നും വിശദമായി കാണുവാൻ സാധിച്ചിരുന്നു. എന്തിനും ഒരു നാനാത്വം വേണമല്ലോ. അതുകൊണ്ട് വിശുദ്ധന്മാരുടെ ജീവചരിത്രം തല്ക്കാലത്തേക്കു ഒന്നു മാററിവച്ചിട്ടു വേറെ ചില രംഗങ്ങളിലേക്കു കടക്കുവാനാണ് വല്യേട്ടൻ വിചാരിക്കുന്നതു്. ജീവചരിത്രകഥനം ഉപേക്ഷിക്കുകയല്ല; തല്ക്കാലത്തേക്കു ഒന്നു മാററിവയ്ക്കുക മാത്രമാണ്.

ഇന്നു ഏതു പത്രമെടുത്തുനോക്കിയാലും ഏതു പ്രസംഗം കേട്ടാലും സാമാന്യമായി അവിടെ ഹങ്കറിയെപ്പററി പ്രതിപാദിക്കപ്പെടുന്നതു നമുക്കു കാണാം. കത്തോലിക്കാ വാർത്താവിതരണരംഗത്തു അത്ര പ്രധാനമായ ഒരു സ്ഥാനമാണ് ഹങ്കറിക്കുള്ളതു്. കമ്മ്യൂണിസവുമായി കത്തോലിക്കാസഭ ഏററുമുട്ടുന്ന ഒരു പ്രധാനരാജ്യമാണ് ഹങ്കറി എന്നുള്ളതാണ് ഇതിനു കാരണം. അതുകൊണ്ട് ഹങ്കറിയെപ്പററി ചില കാര്യങ്ങൾ അറിഞ്ഞിരിക്കുന്നതു കമ്മ്യൂണിസത്തേയും അതിനെതിരായ കത്തോലിക്കാസഭയുടെ പോരാട്ടത്തേയുംപററിയുള്ള ശരിയായ അറിവു ലഭിക്കാൻ സഹായിക്കുന്നതായിരിക്കും.

യൂറോപ്പിന്റെ ഒരു ഭൂപടമെടുത്തുനോക്കിയാൽ അതിന്റെ ഏറക്കുറെ മദ്ധ്യത്തിലായി ഹങ്കറിയെ നമുക്കു കാണാം. അതിന്റെ വടക്കുഭാഗത്താണ് ചെക്കോസ്ലോവാക്കിയാ, റഷ്യ എന്നീ രാജ്യങ്ങൾ. പടിഞ്ഞാറുഭാഗത്തു് ആസ്ത്രിയാ; തെക്കു് യൂഗോസ്ലാവിയാ; കിഴക്കു് റുമാനിയാ എന്നീ രാജ്യങ്ങളും സ്ഥിതിചെയ്യുന്നു. ഉദ്ദേശം 36,000 ച. മൈൽ വിസ്തീർണ്ണവും 97½ ലക്ഷം ജനങ്ങളുമുണ്ട്. തലസ്ഥാനം ബുഡാപ്പെസ്റ്റ് നഗരമാണ്. കഴിഞ്ഞ ലോകമഹായുദ്ധത്തിൽ അതു ജർമ്മനിയുടെ പക്ഷം ചേർന്നു. 1945-ൽ റഷ്യൻപട്ടാളം ഹങ്കറിയുടെ മിക്കഭാഗങ്ങളും കീഴടക്കിയെങ്കിലും ചില സന്ധികളുടേയും ഉടമ്പടികളുടേയും തണലിൽ കുറെയൊക്കെ സ്വാതന്ത്ര്യം നിലനിർത്തുവാൻ കഴിഞ്ഞിരുന്നു. പക്ഷെ 1947-ൽ കമ്മ്യൂണിസ്റ്റ് ശക്തികൾ പ്രബലപ്പെടുകയും ഹങ്കറിയെ കമ്മ്യൂണിസ്റ്റ് ഭരണത്തിനു വിധേയമാക്കുകയും ചെയ്തു. 1948 ഡിസമ്പർ 27-ാംതിയതിയാണ് ഹങ്കറിയിലെ കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ട് അവിടത്തെ പ്രൈമേററായ അത്യുന്നതകർദ്ദിനാൾ മിൻസെന്തിയെ അറസ്റ്റുചെയ്തതു്. ഇപ്രകാരം ഹങ്കറിയിൽ തിരുസഭയെ നശിപ്പിക്കുന്നതിനു എല്ലാവിധത്തിലുള്ള പ്രവർത്തനങ്ങളും കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ട് ഇന്നുവരെ തുടർന്നുകൊണ്ടിരിക്കുകയാണു്.


കമ്മ്യൂണിസ്റ്റ് ക്രൂരഭരണത്തിനു കീഴ്പ്പെട്ടിരുന്ന ഹങ്കറിയിലെ ജനങ്ങൾ ഏതെങ്കിലും തരത്തിൽ ആ നുകം വലിച്ചെറിഞ്ഞു സ്വാതന്ത്ര്യം പ്രാപിക്കണമെന്നഭിലഷിച്ചിരുന്നതു വെറും സ്വാഭാവികമാണല്ലോ. 1956 ഒക്ടോബറിലാണ് അതിനു സൗകര്യപ്രദമായ അവസരം അവർക്കു കൈവന്നതു്. ശക്തിയായ ഒരു ജനകീയപ്രക്ഷോഭണം രാജ്യത്താകെ ഉയിരെടുത്തു. കമ്മ്യൂണിസ്റ്റ് മേധാവിത്വത്തെ തട്ടിനീക്കി. ഭരണം കൈക്കലാക്കി. പ്രക്ഷുബ്ധമായ ജനത കമ്മ്യൂണിസ്റ്റ് സ്മാരകങ്ങളെ തച്ചുടച്ചുകൊണ്ടു നഗരവീഥികളിൽക്കൂടി ഘോഷയാത്ര നടത്തി. ഇതാണ് ഹങ്കറിയുടെ സ്വാതന്ത്ര്യസമരത്തിന്റെ യഥാർത്ഥചരിത്രം. പക്ഷെ ദുർഭഗയായ ഹങ്കറിക്കു ഈ സ്വാതന്ത്ര്യം അധികദിവസത്തേക്കു അനുഭവിക്കുവാൻ സാധിച്ചില്ല. റഷ്യൻപട്ടാളവും യുദ്ധോപകരണങ്ങളും നിയമവിരുദ്ധമായി ഹങ്കറിയിലേക്കൊഴുകിത്തുടങ്ങി. ബുഡാപ്പെസ്റ്റ് നഗരം ടാങ്കുകളിൽ നിന്നുള്ള പീരങ്കിവെടികൾകൊണ്ടു മുഴങ്ങി. പാവപ്പെട്ട ഹങ്കറിക്കാർക്കു അവയ്ക്കെതിരെ പിടിച്ചുനിൽക്കാൻ സാധിച്ചില്ല. ഒരിക്കൽക്കൂടി കമ്മ്യൂണിസ്റ്റ് ഭീകരഭരണത്തിൽ ആ രാജ്യം അമർന്നിരിക്കുകയാണ്.



"ഞങ്ങൾ അടിമകളായിരിക്കുകയില്ല."—അതായിരുന്നു അവരുടെ സമരകാഹളം. ഹങ്കറിയിലെ പൗരന്മാർ നഗരവീഥിയിൽ സ്ഥാപിച്ചിരുന്ന സ്റ്റാലിന്റെ പ്രതിമ വലിച്ചു താഴെയിടുന്നു.



ഹിററ്ലറുടെ നാസിമർദ്ദനത്തേയും സോവ്യററു റഷ്യയുടെ കമ്മ്യൂണിസ്റ്റ് മർദ്ദനത്തേയും സഹിച്ച ഹങ്കേറിയൻ ജനത ആയിരംകൊല്ലങ്ങൾക്കു മുമ്പു ഡാന്യൂബ് തീരങ്ങളെ ഫലപുഷ്ടമാക്കിയ മഗ്യാർ വംശമാണ്.




ഹങ്കറിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ധീരസമരം ചെയ്യുകയും വീരമരണം വരിക്കുകയും ചെയ്തിട്ടുള്ള ആരാദ്ധ്യപുരുഷന്മാർ അവർക്കുണ്ട്. കവിപുംഗവനായ സാണ്ടോർ പെറേറാഫിയും ലായോസ് കൊസൂത്തും അവരിൽ പെടുന്നു.

ചെറുകഥ

## അളിയന്റെ വീട്ടിൽ

(ററി. ററി. തോമസ്, തോട്ടം
Reg. No. 57)

ചെമ്പരത്തിച്ചെടികൾ പുഷ്പങ്ങൾ വിരിച്ച് ആ ഇടവഴിയെ അനുഗ്രഹിക്കുന്നു. വേനൽക്കാലമാകുന്ന കലാകാരൻ ചെമ്മണ്ണാകുന്ന ചായം ചെടികളുടെ ഇലകളിൽ കോരിത്തളിച്ചിട്ടുണ്ട്. റോഡിൽ നിന്നാരംഭിക്കുന്ന ആ ഇടവഴി വളഞ്ഞുപുളഞ്ഞ് പടിഞ്ഞാറോട്ടു പോകുന്നു. ഏകദേശം രണ്ടു ഫർലോംഗ് പടിഞ്ഞാറോട്ടു സഞ്ചരിച്ച് രണ്ടു ഫർലോംഗ് തെക്കോട്ടിറങ്ങിയാൽ ആ ഗ്രാമത്തിലെ ഐശ്വര്യനികേതനമായ "തെങ്ങട" ഭവനത്തിൽ എത്തിച്ചേരാം.

പനയോലകൊണ്ട് നന്നായി മേഞ്ഞിരിക്കുന്ന ഒരു സാധാരണപുര. വടക്കോട്ടു ദർശനം. മുററത്തുനിന്നു് ഏകദേശം നാലടി പൊക്കത്തിലുള്ള കയ്യാല നിറയെ വാഴച്ചെടികൾ. അവയുടെ ആറിതളുകളുള്ള പുഷ്പങ്ങൾ വിരിച്ച് ആ ഭവനത്തിലുള്ള ആറുപേരെയും അനുഗ്രഹിച്ചു നിലകൊള്ളുകയാണ്. ആ വാഴച്ചെടികളുടെ സൂക്ഷിപ്പുകാരി മേരിയെ യൗവനം വേണ്ടത്രയനുഗ്രഹിച്ചിട്ടുണ്ട്. ഈ തെങ്ങട ഭവനത്തിലാണ് "തടത്തിലെ" പാപ്പച്ചന്റെ സഹോദരി മറിയാമ്മയെ കെട്ടിച്ചിരിക്കുന്നതു്. ഈ കുടുംബത്തിന്റെ മണിവിളക്കാണ് ഏച്ചിച്ചേടത്തി—മറിയാമ്മയുടെ അമ്മായിയമ്മ.

II

പാപ്പച്ചൻ കോപിഷ്ഠനും ആഡംബരപ്രിയനുമായിരുന്നു. എന്നാൽ ഇന്നവൻ ലളിതജീവിതക്കാരനായി മാറിയിരിക്കുകയാണ്. ഒരു ഞായറാഴ്ച പള്ളിയിലെ വികാരിയച്ചൻ പ്രസംഗമദ്ധ്യേ മനുഷ്യന്റെ അഹങ്കാരശമനത്തെ പരാമർശിച്ച് ഇങ്ങനെ പറഞ്ഞു: "ദൈവം ഏദൻ തോട്ടത്തിൽവച്ച് ആദിമനുഷ്യനായ ആദത്തിനോട് ഇപ്രകാരം അരുളിച്ചെയ്തു: "മനുഷ്യാ നീ പൊടിയാകുന്നു, പൊടിയിലേക്കു നീ പിന്തിരിയും" എന്നു്. ചിന്താപടുവായ പാപ്പച്ചൻ അന്നുമുതൽ ഈ ലോകത്തെ തൃണവൽഗണിച്ച് ഒരു പുതിയ ലഘുജീവിതം ആരംഭിച്ചു.

തടത്തിൽ ഭവനത്തിൽ ആകെ അഞ്ചുപേർ മാത്രമേയുള്ളു. പാപ്പച്ചനും സഹോദരി മറിയാമ്മയും മാതാപിതാക്കൾ തെയ്യാമ്മയും വക്കിയച്ചനും ജീവിതത്തോടു യാത്ര പറയുവാൻപോകുന്ന ഒരു വല്യമ്മത്തള്ളയും. മറിയാമ്മയെ കല്യാണം കഴിച്ചയച്ചതുമുതൽ പ്രാരാബ്ധങ്ങൾ എല്ലാം തടത്തിൽ ഭവനത്തിൽനിന്നു് സലാം പറഞ്ഞു മാറിയിരിക്കുകയാണ്. അടുത്ത മംഗളകർമ്മം പാപ്പച്ചന്റെ കല്യാണമാണ്. വല്യമ്മത്തള്ളയ്ക്ക് അവന്റെ കല്യാണം കൂടാൻ വലിയ ആഗ്രഹവുമാണ്. പക്ഷേ അവനതത്ര ഇഷ്ടമല്ല. കടലും കടലാടിയും തമ്മിലുള്ള ബന്ധമേയുള്ളു അവനും കല്യാണവുമായിട്ട്. ഒരിക്കൽ എങ്ങാണ്ടു നിന്നു് കല്യാണാലോചന വന്നപ്പോൾ അവൻ നേരെ പറഞ്ഞതാണ് "ഞാനിപ്പം കെട്ടുന്നില്ലാ"യെന്നു്. അങ്ങനെ വല്യമ്മത്തള്ളയുടെ ആഗ്രഹം പാപ്പച്ചന്റെ വിരുദ്ധമനസ്ഥിതിയിലൂടെ അനുനിമിഷം അകലുകയാണ്. എന്നാൽ പാപ്പച്ചന്റെ ഈ മുറുകിപ്പിടുത്തത്തിനു കാരണങ്ങൾ ഇല്ലാതില്ല. അവന്റെ പെങ്ങൾ മറിയാമ്മയെ തെങ്ങടയിലെ അവറാച്ചൻ ഒരു സുപ്രഭാതത്തിൽ വധുവായി സ്വീകരിച്ചു. അങ്ങനെ അവറാച്ചൻ പാപ്പച്ചന്റെ അളിയനായി.

ആ വിവാഹ ഘോഷയാത്ര തെങ്ങടഭവനത്തിൽ എത്തിച്ചേർന്നു. പുളകപ്രദമായ ഒരന്തരീക്ഷം സംജാതമായി. കല്യാണപ്പന്തലിൽ ബന്ധുമിത്രാദികൾ തടിച്ചുകൂടിയിരുന്നു. വെള്ളവസ്ത്രധാരികളായ സ്ത്രീജനങ്ങൾ കുതൂഹലചിത്തരായി നോക്കിനിന്നിരുന്നു. ആ കൂട്ടത്തിൽ രൂപവതിയായ ഒരു ബാലിക പുഞ്ചിരിലോലയായി കാണപ്പെട്ടു. പാപ്പച്ചൻ ആ പെണ്ണിനെ കണ്ടു—മേരി—അളിയന്റെ ചേട്ടന്റെമകൾ. പ്രഥമവീക്ഷണത്തിൽതന്നെ അവന്റെ ഹൃദയം അവൾക്കായി തുടിച്ചു. കല്യാണപന്തലിൽവച്ച് ആരംഭിച്ച നിഷ്കളങ്കസ്നേഹം. പിന്നീട് ഇഞ്ചിഞ്ചായി വികസിച്ചു ആ പാവനപ്രേമം. ഈ ലോകത്തിൽ മേരിയല്ലാതെ വേറൊരുപെണ്ണും അവനെകാത്തു് വരണമാല്യവുമായി വിവാഹമണ്ഡപത്തിൽ നില്ക്കണ്ടായെന്നവൻ അന്നേ കരുതിയതാണ്.

III

കാലം മുന്നോട്ടുനീങ്ങി. പലപ്രാവശ്യവും വൃക്ഷലതാദികൾ വസന്തം ആഘോഷിച്ചു. തെയ്യാമ്മയും വക്കിയച്ചനുമറിയാതെ പാപ്പച്ചന്റെ പ്രേമവും വളർന്നു. പലപ്പോഴും പാപ്പച്ചൻ അളിയന്റെ വീട്ടിൽ പോകുകയും, അളിയന്റെ ചേട്ടന്റെ മകൾ മേരിയെ കാണുകയും സംസാരിക്കുകയും ചെയ്തിട്ടുണ്ട്. എന്നും ജീവിതത്തിലെ വിലയേറിയ എന്തോ ഒന്നായി അവൻ അവളെ—മേരിയെ—കരുതുന്നു. ഈ വിവരം അവൻ സഹോദരി മറിയാമ്മയോട് പലപ്പോഴും പറഞ്ഞിട്ടുമുണ്ട്.

കാലമാകുന്ന പുഷ്പത്തിന്റെ ദിവസങ്ങളാകുന്ന ഇതളുകൾ ഒന്നൊന്നായി പലതും വാടിക്കൊഴിഞ്ഞുപോയി, മേരിയുടെ വാഴപ്പൂക്കൾ മാതിരി. തേഡ്ഫാറം പാസ്സായതോടെ മേരി പഠനം നിറുത്തി. പാപ്പച്ചൻ സ്കൂൾഫൈനൽ പാസ്സായി ക്രാഫ്റ്റ് പഠിച്ചുകൊണ്ടിരിക്കുകയാണ്.

IV

അന്നൊരു ഞായറാഴ്ചയായിരുന്നു. കർത്താവുസാറിനെ കാണാനും അളിയന്റെ വീട്ടിൽ കയറാനും പൊൻകുന്നത്തിനു പോയ പാപ്പച്ചൻ മുമ്പുപറഞ്ഞ ചെമ്പരത്തിച്ചെടികൾ പുഷ്പങ്ങൾ വിരിച്ച ഇടവഴിയിൽ എത്തി. സമയം സന്ധ്യമയങ്ങിയിരുന്നു. അളിയന്റെ വീട്ടിലെത്താൻ ധൃതിയിൽ നടക്കുകയായിരുന്നു. എന്തോ ഒന്നു അവന്റെ കാലിൽ

(ശേഷം 8-ാംപേജിൽ)

## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം


Reg. No.
171 ജോസഫ് ഉണ്ണിക്കുന്നേൽ, വലവൂർ, വള്ളിച്ചിറ
172 കെ. ടി. ജോമ്പ് കല്ലൻചിറയിൽ, മാടപ്പിള്ളി
173 ചാക്കോ കൊച്ചുമററം, തൃക്കൊടിത്താനം
174 പി. എ. ആൻറണി പൂവത്താനത്തിൽ, മാടപ്പിള്ളി
175 കെ. പി. ജോസഫ് കിഴക്കേഭാഗം, വാഴപ്പിള്ളി, മൂവാററുപുഴ

## ബാലരംഗത്തിൽ അംഗങ്ങളായി ചേരുവാനുള്ള വ്യവസ്ഥകൾ

1) 16 വയസ്സു കഴിയാതിരിക്കുക, അഥവാ വിദ്യാർത്ഥിയോ ഇടവകയിലെ ബാലഭക്തസംഘടനാംഗമോ ആയിരിക്കുക.
2) സത്യദീപത്തിനു ഒരു പുതിയ വരിക്കാരനെ ചേർക്കുക അഥവാ വീട്ടിൽ വരുത്തുന്ന സത്യദീപം, വരുത്താൻ കഴിവില്ലാത്ത ഒരു വീട്ടിൽ കൊണ്ടുപോയികൊടുത്തു വായിപ്പിക്കുക.
3) ഈ വ്യവസ്ഥകൾ സംബന്ധിച്ച സാക്ഷിപത്രങ്ങളോടുകൂടി അപേക്ഷിക്കുക.

### 114-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ വാഴത്തോട്ടത്തിന്റെ ആകൃതി =




### പ്രശ്നം നമ്പ്ര് 115

(പോൾ എ. മേനാച്ചേരി
Reg. No. 165)

എന്റെ പേരു കേൾക്കുമ്പോൾതന്നെ എല്ലാവർക്കും ഭയമാണ്. ദുഷ്ടന്മാർ എന്റെ ഭീകരതയെ മറന്നു ജീവിക്കാൻ ശ്രമിക്കുന്നു. പക്ഷെ ഞാനവരെ പിടികൂടാതിരിക്കുകയില്ല. എന്റെ പേരിനു മൂന്നക്ഷരമുണ്ട്. ആദ്യത്തെ അക്ഷരം നക്ഷത്രത്തിലുണ്ട്, ഇരുട്ടിലില്ല. രണ്ടാമത്തെ അക്ഷരം മരത്തിലുണ്ട്. വൃക്ഷത്തിലില്ല. മൂന്നാമത്തെ അക്ഷരം ജീവകത്തിലുണ്ട് ഭക്ഷണത്തിലില്ല. എന്റെ പേർ പറയാമോ?

(ഉത്തരം അടുത്തതിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1